# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂലൈ 5, വെള്ളി

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--299]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| കൃഷി വകുപ്പ് മന്ത്രി | : 5258 മുതൽ 5331 വരെ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി | : 5332 മുതൽ 5412 വരെ |
| ഗതാഗത വകുപ്പ് മന്ത്രി | : 5413 മുതൽ 5481 വരെ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി | : 5482 മുതൽ 5523 വരെ |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി | : 5524 മുതൽ 5556 വരെ |

## പച്ചക്കറികളുടെ വില ക്രമാതീതമായി ഉയരുന്ന സാഹചര്യം

5258 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴം-പച്ചക്കറികൾക്ക് പൊതുവിപണിയിൽ ഉണ്ടാകുന്ന വില വർദ്ധനവ് ജനങ്ങളെ നേരിട്ട് ബാധിക്കാതിരിക്കുന്നതിനായി നടപ്പ് വർഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) വിഷരഹിതവും ഭക്ഷ്യയോഗ്യവുമായ പച്ചക്കറികൾ സംസ്ഥാനത്ത് ലഭ്യമാക്കുവാൻ നടപ്പ് സാമ്പത്തിക വർഷം സ്വീകരിച്ച നടപടി വിശദമാക്കാമോ?

## കോട്ടക്കൽ മണ്ഡലത്തിലെ കൃഷിഭവനുകളുടെ നവീകരണം

5259 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കൃഷിഭവനുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റുന്നതിന് എന്തെല്ലാം പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; മണ്ഡലത്തിൽ നിന്നും ഏതെല്ലാം കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ; കോട്ടക്കൽ കൃഷിഭവന്റെ നവീകരണ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ

5260 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തിരവും നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) ഓരോ പദ്ധതിക്കുമായി എത്ര തുക ചെലവഴിച്ചുവെന്നും പദ്ധതികളുടെ പുരോഗതിയും വ്യക്തമാക്കുമോ?

## കാർഷികവൃത്തിയെ സംബന്ധിച്ച വിവര വിജ്ഞാന വ്യാപന സംവിധാനം

5261 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. എച്ച്. സലാം**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് കാർഷികവൃത്തിയെ സംബന്ധിക്കുന്ന അറിവുകൾ പകർന്നു കൊടുക്കുന്നതിനായി ജില്ലകളിൽ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇവിടങ്ങളിൽ നിന്നും കർഷകർക്ക് എന്തൊക്കെ സൗകര്യങ്ങളും സേവനങ്ങളുമാണ് ലഭിക്കുന്നത് എന്നറിയിക്കുമോ; വിശദാംശം നൽകുമോ;

(സി) കർഷകർക്ക് പുതുസംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സേവനങ്ങൾ ഇവിടെ നിന്നും ലഭ്യമാണോ; വിശദമാക്കുമോ?

## കർഷക ക്ഷേമനിധി ബോർഡ്

5262 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിലൂടെ കർഷകർക്ക് എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ?

## വൈപ്പിൻ മണ്ഡലത്തിലെ പദ്ധതികൾ

5263 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈപ്പിൻ മണ്ഡലത്തിൽ കൃഷിവകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ; അതിനായി ചെലവായ തുക എത്രയെന്ന് വ്യക്തമാക്കാമോ?

**<u>മലമ്പുഴ മണ്ഡലത്തിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തികൾ</u>**

5264 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി കൃഷി വകുപ്പ് മലമ്പുഴ മണ്ഡലത്തിൽ നടത്തി വരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) മണ്ഡലത്തിൽ പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നീ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതിയിൻകീഴിൽ നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ഗുണഫലങ്ങളാണ് മണ്ഡലത്തിലെ കർഷകർക്ക് ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ?

**<u>ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി</u>**

5265 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അക്കാദമിക വർഷങ്ങളിൽ വിദ്യാലയങ്ങൾ വഴി നടപ്പിലാക്കിയ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

**<u>വൈഗ കാർഷികമേള</u>**

5266 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈഗ കാർഷിക മേളകൾ മുഖേന എത്ര പുതിയ സംരംഭകർ അവരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സംരംഭകർക്ക് നൽകുവാൻ ഉദ്ദേശിക്കുന്ന സഹായം എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) വൈഗ കാർഷികമേള വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>ഗുരുവായൂർ മണ്ഡലത്തിൽ കൃഷിശ്രീ സെന്റർ</u>**

5267 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ കൃഷിശ്രീ സെന്റർ ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം എന്നത്തേയ്ക്കു ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## മട്ടുപ്പാവിൽ പച്ചക്കറി കൃഷി

5268 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മട്ടുപ്പാവുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിലുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൻകീഴിൽ എന്തൊക്കെ സേവനങ്ങളാണ് കർഷകർക്ക് നൽകുന്നതെന്നും ഏതൊക്കെ കൃഷി ഭവനുകളിലാണ് പദ്ധതികൾ നിലവിലുള്ളതെന്നും വിശദമാക്കാമോ?

## രാഷ്ട്രീയ കൃഷി വികാസ് യോജനയിലൂടെ സൗരോർജ്ജ വേലി സ്ഥാപിക്കുവാൻ പദ്ധതി

5269 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവിശല്യം മൂലമുള്ള വിളനാശം ലഘൂകരിക്കാൻ രാഷ്ട്രീയ കൃഷി വികാസ് യോജനയിലൂടെ സൗരോർജ്ജ വേലി സ്ഥാപിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) രാഷ്ട്രീയ കൃഷി വികാസ് യോജനയിലൂടെ സൗരോർജ്ജ വേലി സ്ഥാപിക്കുവാൻ പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി നീക്കിവച്ച തുക എത്രയെന്നും പദ്ധതിയിൽ ഉൾപ്പെട്ട കണ്ണൂർ ജില്ലയിലെ പ്രദേശങ്ങൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഡി) കൂത്തുപറമ്പ് മണ്ഡലത്തിൽ ഉൾപ്പെട്ട പ്രദേശങ്ങൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഏതാണെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ വന്യജീവിശല്യം രൂക്ഷമായ പ്രദേശങ്ങളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## കൃഷിശ്രീ സെന്ററുകൾ

5270 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര കൃഷിശ്രീ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) കൃഷിശ്രീ സെന്ററുകൾ വഴി കർഷകർക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ?

## ആർ.ഐ.ഡി.എഫ്. ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികൾ

5271 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ്. ഫണ്ട് കാർഷിക മേഖലയിൽ ഏതൊക്കെ പദ്ധതികൾക്കാണ് ലഭ്യമാക്കുന്നത്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ ആർ.ഐ.ഡി.എഫ് ഫണ്ട് വിനിയോഗിച്ച് എന്തെല്ലാം പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്ന് ബ്ലോക്ക് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

**<u>അഴിക്കോട് മണ്ഡലത്തിലെ കർഷകർക്കുള്ള ആനുകൂല്യങ്ങൾ</u>**

5272 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അഴിക്കോട് മണ്ഡലത്തിലെ കർഷകർക്ക് സബ്സിഡി ഉൾപ്പെടെയുള്ള എന്തെല്ലാം ആനുകൂല്യങ്ങൾ കൃഷി വകുപ്പ് നൽകിയിട്ടുണ്ട്; പഞ്ചായത്തടിസ്ഥാനത്തിൽ വിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ ഏതൊക്കെയാണെന്ന്, അനുവദിച്ച തുക, വർഷം, പഞ്ചായത്ത് എന്നിവ പട്ടിക തിരിച്ച് ലഭ്യമാക്കുമോ?

**<u>ജൈവ കൃഷി പ്രോത്സാഹിപ്പിക്കുവാൻ നടപടി</u>**

5273 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴം, പച്ചക്കറി, മറ്റ് ഭക്ഷ്യ ഉല്പന്നങ്ങൾ എന്നിവയിൽ വ്യാപകമായി കീടനാശിനികൾ ഉപയോഗിക്കുന്നത് മൂലം ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ പടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജൈവസാങ്കേതിക വിദ്യയിലൂന്നിയ കാർഷികവൃത്തി പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് കൃഷി വിജ്ഞാന കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>ജൈവ കാർഷിക മിഷൻ പദ്ധതി</u>**

5274 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ കാർഷിക മിഷനിലൂടെ കേരളം പൂർണ്ണമായും ജൈവകൃഷിയിലേക്ക് കടക്കുകയാണെങ്കിൽ കാർഷികോല്പാദനത്തിൽ ഉണ്ടായേക്കാവുന്ന ഇടിവുകൾ കാരണം കാർഷിക സമ്പദ്ഘടന തകരാനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) പൂർണ്ണമായും ജൈവകൃഷിയിലേക്ക് കർഷകരെ പരിവർത്തനം ചെയ്യാൻ പ്രേരിപ്പിക്കുന്ന ഇത്തരം പദ്ധതികൾ ചെറുകിട കർഷകർക്ക് ഉതകുന്നതല്ല എന്ന

കാരണത്താൽ സംസ്ഥാനത്തുടനീളം കൃഷി ഓഫീസർമാർ പ്രസ്തുത പദ്ധതിയോട് വിമുഖത കാട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി (ബി.പി.കെ.പി) സംസ്ഥാനത്ത് നടപ്പിലാക്കിയത് കൊണ്ടുണ്ടായ കാർഷിക നേട്ടങ്ങൾ വിശദമാക്കാമോ?

**കുന്നത്തുനാട് മണ്ഡലത്തിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപ്പിലാക്കുന്ന പദ്ധതികൾ**

5275 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷിവകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാം; വിശദവിവരം ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിൽ ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി**

5276 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷവും ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഓണക്കാലത്ത് വിഷരഹിത പച്ചക്കറിയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും പച്ചക്കറി വിപണിയിലെ വിലവർദ്ധന നിയന്ത്രിക്കുന്നതിനും പ്രസ്തുത പദ്ധതി പ്രയോജനകരമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി ഈ വർഷം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ;

(ഡി) സ്കൂൾ വിദ്യാർത്ഥികൾക്ക് പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഇ) സ്കൂളുകളിൽ പച്ചക്കറി തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

**പച്ചക്കറികളുടെ ഗുണനിലവാരം**

5277 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളുടെ ഗുണനിലവാരവും അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവും

പരിശോധിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## നെല്ല് ഉല്പാദനം

5278 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ വർഷത്തെയും ഈ വർഷത്തെയും ആകെ നെല്ല് ഉല്പാദനം എത്ര ടൺ ആയിരുന്നുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) നെല്ലുല്പാദനത്തിൽ ഗണ്യമായ കുറവ് ഉണ്ടാകാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ വർഷവും ഈ വർഷവും എത്ര ഹെക്ടറിലാണ് നെൽകൃഷി ചെയ്തതെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ; നെൽപ്പാടങ്ങളുടെ വിസ്തീർണ്ണം കുറയാനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) സംഭരിക്കുന്ന നെല്ലിന് യഥാസമയം വില കിട്ടാത്തതും വിള നാശവും വർദ്ധിക്കുന്ന കൃഷി ചെലവുകളും മൂലം നെൽക്കർഷകർ കൃഷിയിൽ നിന്നും പിന്തിരിയുന്നത് തടയുവാൻ അടിയന്തര കർമ്മപദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ?

## കടുത്തുരുത്തി മണ്ഡലത്തിലെ പാടശേഖര സമിതികൾ നൽകിയ നിവേദനത്തിന്മേലുള്ള നടപടി

5279 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിൽ മാഞ്ഞൂർ പഞ്ചായത്തിലെ മേൻമുറിയിലെ കർഷകർക്ക് രൂക്ഷമായ വോൾട്ടേജ് ക്ഷാമം കാരണം മോട്ടോർ പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യം ചൂണ്ടിക്കാട്ടി ആയതിന് പരിഹാരം കാണണം എന്നാവശ്യപ്പെട്ട് മേൻമുറി നൂറുപറ പടിഞ്ഞാറെപുറം നെല്ല് ഉല്പാദക സമിതി സെക്രട്ടറി നൽകിയിരിക്കുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(ബി) കടുത്തുരുത്തി പഞ്ചായത്ത് ആയാംകുടി മാത്താംകരി എ, ബി ബ്ലോക്ക് നെല്ലുല്പാദക സമിതിയുടെ പാടശേഖരത്തിന് പുറംബണ്ട് നിർമ്മിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് സഹിതം സമർപ്പിച്ചിരിക്കുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

## നെൽകർഷകർക്കായി പ്രത്യേക കർമ്മ പദ്ധതി

5280 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) നെല്ല് ഉൾപ്പെടെയുള്ള കാർഷിക മേഖലയുടെ സമഗ്ര പുരോഗതിക്ക് പുതിയ ഒരു ബൃഹത്പദ്ധതി നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## കൃഷിക്ക് സുലഭമായി ജലം ലഭ്യമാക്കാൻ നടപടി

5281 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നും രണ്ടും വിള നെൽകൃഷി നടത്തുന്ന ജില്ലയിലെ കർഷകരെ സഹായിക്കാനും നെൽകൃഷിക്ക് ശേഷം പച്ചക്കറി ഉൾപ്പെടെയുള്ള ഹ്രസ്വകാല കൃഷിയിൽ ഏർപ്പെടുന്നവർക്ക് സുലഭമായി ജലം ലഭ്യമാക്കാനും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ?

## മലമ്പുഴ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

5282 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് നിലവിൽ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പുതിയതായി ഉൾപ്പെടുത്തുവാൻ ഏതെങ്കിലും പഞ്ചായത്തുകളെ പരിഗണിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി മുഖാന്തിരം എന്തെല്ലാം സഹായങ്ങളാണ് കേരകർഷകർക്ക് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ?

## കുന്നാളി ഫാമിൽ കോക്കനട്ട് അഗ്രോ പാർക്ക് ആരംഭിക്കുന്ന പദ്ധതി

5283 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ കുന്നാളി കൃഷിഫാമിൽ കോക്കനട്ട് അഗ്രോ പാർക്ക് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(സി) ഏത് ഏജൻസി വഴിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്; വിശദാംശം അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി എത്ര തുകയാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## നാളികേര കൃഷി വർദ്ധിപ്പിക്കാൻ നടപടികൾ

5284 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര കൃഷി വർദ്ധിപ്പിക്കാനും സംസ്ഥാനത്തിനാവശ്യമായ കേര ഉല്പന്നങ്ങൾ ഇവിടെ ലഭ്യമാക്കുന്നതിനും കൃഷി വകുപ്പ് നടപ്പാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിൽ തമിഴ്നാട് ഉൾപ്പെടെയുള്ള അതിർത്തി സംസ്ഥാനങ്ങളിൽ നിന്നും ഇളനീർ, വെളിച്ചെണ്ണ തുടങ്ങിയ നാളികേരോല്പന്നങ്ങൾ സംസ്ഥാന വിപണിയിൽ നിന്നും അമിതലാഭം കൊയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ നാളികേര കൃഷി ഫലപ്രദമാക്കാനും ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള നാളികേരോല്പന്നങ്ങളുടെ വിപണനം തടഞ്ഞ് സംസ്ഥാനത്തെ നാളികേര കർഷകർക്ക് സംരക്ഷണവും വിപണനവും ഉറപ്പാക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## നാളികേര സംഭരണം

5285 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര സംഭരണം നാഫെഡ് വഴിയും കേരഫെഡ് വഴിയും നിലവിൽ നടക്കുന്നുണ്ടോ എന്നറിയിക്കുമോ;

(ബി) നാളികേരത്തിന്റെ മൂല്യവർധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഏതെല്ലാം സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കുമോ;

(സി) പ്രതിസന്ധിയിലായ പ്രൊഡ്യൂസർ കമ്പനികളെ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## വാമനപുരം മണ്ഡലത്തിൽ കടാശ്വാസം ലഭിച്ച കർഷകരുടെ വിവരം

5286 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) എന്തെല്ലാം സഹായങ്ങളാണ് കർഷക കടാശ്വാസ കമ്മീഷൻ മുഖാന്തിരം കർഷകർക്ക് നൽകി വരുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കർഷക കടാശ്വാസ കമ്മീഷൻ മുഖാന്തിരം വാമനപുരം മണ്ഡലത്തിൽ കടാശ്വാസം ലഭിച്ചവരുടെ വിവരം കൃഷിഭവൻ തിരിച്ച് നൽകാമോ?

## കൃഷി ഭൂമിയിലെ മണ്ണിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നടപടി

5287 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി പരിപോഷിപ്പിക്കുന്നതിനായി കൃഷി ഭൂമിയിലെ മണ്ണിന്റെ ഗുണനിലവാരം പരിശോധിച്ച് മണ്ണിന്റെ സ്വഭാവത്തിനനുസരിച്ചുള്ള കൃഷി ചെയ്യുന്നതിന് വകുപ്പ് എന്തെല്ലാമാണ് ചെയ്തുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രദേശത്തിന്റെയും മണ്ണിന്റെ സ്വഭാവം അനുസരിച്ച് എന്തെല്ലാം വിളകൾ കൃഷി ചെയ്യാമെന്ന് കർഷകർക്ക് നിർദ്ദേശം നൽകാറുണ്ടോയെന്ന് വിശദമാക്കാമോ?

## വരൾച്ച മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് സഹായം

5288 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉഷ്ണതരംഗം മൂലം കൃഷി നാശം സംഭവിച്ച സ്ഥലങ്ങളിൽ പുനർ കൃഷി ചെയ്യുന്നതിന് നടീൽ വസ്തുക്കളുടെ വിതരണം അടക്കം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വരൾച്ച മൂലം കൃഷി നാശം സംഭവിച്ച സ്ഥലങ്ങളിൽ മണ്ണിന്റെ ഗുണമേന്മ നഷ്ടപ്പെട്ടതിനാൽ മണ്ണിന്റെ ഗുണമേന്മ വീണ്ടെടുക്കാൻ കർഷകർക്ക് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) വരൾച്ച മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് നടീൽ വസ്തുക്കൾ, വളം, കീടനാശിനി എന്നിവ സൗജന്യമായി നൽകാൻ നടപടി സ്വീകരിക്കുമോ?

## കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച്.

5289 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിന് കേന്ദ്ര സഹായം ലഭ്യമാകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## വാഴക്കർഷകർ നേരിടുന്ന പ്രതിസന്ധി

5290 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതികൂലമായ കാലാവസ്ഥമൂലം കൃഷി നശിച്ചതിനാൽ സംസ്ഥാനത്തെ വാഴക്കർഷകർ നേരിടുന്ന കടുത്ത പ്രതിസന്ധി ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) കൃഷി നശിക്കുകയും ഉല്പന്നങ്ങളുടെ വിലയിടിയുകയും കൃഷിക്കായുള്ള ചെലവ് കൂടുകയും ചെയ്തതിലൂടെ കടുത്ത പ്രതിസന്ധി നേരിടുന്ന പ്രസ്തുത കർഷകർക്ക് വിളനാശത്തിനുള്ള നഷ്ടപരിഹാരം അടിയന്തരമായി വിതരണം ചെയ്യുമോ; വ്യക്തമാക്കുമോ?

## പിറവം മണ്ഡലത്തിൽ കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം

5291 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽ കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷയിൻമേൽ എത്ര എണ്ണം തീർപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കാർഷിക നഷ്ടപരിഹാരത്തുകകൾ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**<u>നേര്യമംഗലം ജില്ലാ കൃഷിഫാമിലെ തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ</u>**

5292 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേര്യമംഗലം ജില്ലാ കൃഷിഫാമിലെ 154 തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫാമിലെ കാഷ്വൽ തൊഴിലാളികൾക്ക് 2019-ലെ ശമ്പള പരിഷ്കരണ കുടിശിക നൽകുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>ആലത്തൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന ആർ.ഐ.ഡി.എഫ് .പ്രവൃത്തികൾ</u>**

5293 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തെ തരിശുരഹിതമാക്കാൻ നടപ്പാക്കി വരുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

**<u>വാമനപുരം മണ്ഡലത്തിലെ തരിശുഭൂമിയിൽ കൃഷി</u>**

5294 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ നിലവിലുള്ള തരിശ് ഭൂമിയുടെ വിവരങ്ങൾ കൃഷി ഭവൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളുടെയും കൃഷി ഭവനുകളുടെയും ആഭിമുഖ്യത്തിൽ എവിടെയെല്ലാമാണ് തരിശുഭൂമിയിൽ കൃഷി ചെയ്തിട്ടുള്ളതെന്നും എന്തെല്ലാം കാർഷിക വിളകളാണ് കൃഷി ചെയ്തിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത ഭൂമിയിൽ മറ്റെന്തെല്ലാം കാർഷിക വിളകൾ കൃഷി ചെയ്യുവാനാണ് ഇനി ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ തരിശുഭൂമിയിൽ കൃഷി ചെയ്യാൻ പദ്ധതി</u>**

5295 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ കൃഷിയോഗ്യമായ എത്ര ഹെക്ടർ തരിശു ഭൂമിയുണ്ടെന്ന് ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത തരിശുഭൂമിയിൽ അനുയോജ്യമായ കൃഷി ചെയ്യുന്നതിനായി മണ്ഡലത്തിലെ പഞ്ചായത്തുകളിൽ കൃഷിവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന്

വ്യക്തമാക്കാമോ?

**വൈപ്പിൻ മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലെ തരിശുഭൂമി**

5296 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലെ തരിശുഭൂമി എത്രയെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ പഞ്ചായത്ത് തിരിച്ച് അവയുടെ വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഭൂമിയിൽ കൃഷി ചെയ്യുവാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

**കുട്ടനാട് പാക്കേജ്**

5297 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട കാർഷിക പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പാക്കേജ് കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**കാർഷിക മൂല്യവർദ്ധന മേഖലയിൽ സംസ്ഥാനത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്താൻ പദ്ധതികൾ**

5298 **ശ്രീ. എം. എം. മണി**
**ശ്രീ ഡി കെ മുരളി**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ ഉല്പാദനത്തിന്റെ കാര്യത്തിൽ ഉണ്ടാക്കിയ മുന്നേറ്റം ഉല്പന്ന സംസ്കരണത്തിന്റെയും മൂല്യവർദ്ധനവിന്റെയും കാര്യത്തിൽ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മൂല്യവർദ്ധന മേഖലയിൽ സംസ്ഥാനത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്താൻ ഉതകുന്ന പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ടോ; ഇതിനായി പ്രത്യേക മിഷന് രൂപം നൽകിയിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി നടന്നുവരുന്നത്; വിശദമാക്കാമോ?

**കർഷകരുടെ ഉല്പന്നങ്ങളുടെ വിപണന സാധ്യത വർദ്ധിപ്പിക്കാൻ നടപടി.**

5299 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ കെ യു ജനീഷ് കുമാർ**

**ശ്രീ എം മുകേഷ്**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ ഉല്പന്നങ്ങളുടെ വിപണിക്ക് അനുയോജ്യമായ പാക്കേജിംഗും വ്യക്തമായ ബ്രാൻഡിംഗും കൂട്ടിയിണക്കി വിപണന സാധ്യതകൾ വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേകമായ ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; ഇതിൽ എന്തൊക്കെ കാര്യങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഇതിലൂടെ കർഷകർക്കും, കാർഷിക മേഖലയ്ക്ക് പൊതുവിലും എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ?

<u>**അഗ്രോ സർവ്വീസ് സെന്ററുകൾ**</u>

5300 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ പുതിയതായി അനുവദിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെ ബ്ലോക്കുകളിലാണെന്നും വിശദമാക്കാമോ;

(ബി) അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

<u>**പച്ചക്കറിയുടെ വില വർദ്ധനവ്**</u>

5301 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു വിപണിയിൽ പച്ചക്കറിയുടെ വില വർദ്ധിക്കാനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഹോർട്ടികോർപ്പ് വഴി ഏതൊക്കെ പച്ചക്കറി ഇനങ്ങളാണ് നിലവിൽ വിതരണം ചെയ്യുന്നത്; ഹോർട്ടികോർപ്പിന്റെ എല്ലാ വിതരണ കേന്ദ്രങ്ങളിലും മേൽപ്പറഞ്ഞ എല്ലായിനം പച്ചക്കറികളും ലഭ്യമാണോയെന്ന് അറിയിക്കാമോ;

(സി) പ്രാദേശികമായി പച്ചക്കറി ഉൽപ്പാദിപ്പിക്കുന്ന കർഷകരിൽ നിന്നും നേരിട്ട് കൂടുതൽ പച്ചക്കറി സംഭരിച്ചുകൊണ്ട് ഫലപ്രദമായ വിപണി ഇടപെടലിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>**ഗ്രാമശ്രീ സ്റ്റോറുകൾ**</u>

5302 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമശ്രീ സ്റ്റോറുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ഗ്രാമശ്രീ സ്റ്റോറുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

**ഹോർട്ടികോർപ്പ് മുഖേന കർഷകരിൽ നിന്ന് നേരിട്ട് പച്ചക്കറി സംഭരിക്കാൻ നടപടി**

5303 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്ന് ഹോർട്ടികോർപ്പ് നേരിട്ട് വാങ്ങുന്ന പച്ചക്കറി ഇനങ്ങൾ ഏതൊക്കെയാണ് എന്നറിയിക്കാമോ; പൊതുവിപണിയിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്ന പച്ചക്കറി ഇനങ്ങൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കി മുഴുവൻ ഇനം പച്ചക്കറിയും കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**സ്വകാര്യ കാർഷിക നഴ്സറികൾ**

5304 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ കാർഷിക നഴ്സറികൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഗുണനിലവാരമുള്ള വിത്തുകളും തൈകളും ഇത്തരം കാർഷിക നഴ്സറകളിൽ നിന്നും വിതരണം ചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ കൃഷി വകുപ്പിൽ നിന്നും നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) വടകര താലൂക്കിൽ ഇത്തരത്തിൽ ഏതൊക്കെ അംഗീകൃത കാർഷിക നഴ്സറികൾ ആണ് നിലവിലുള്ളത് എന്ന് അറിയിക്കാമോ?

**മാവേലിക്കര മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

5305 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി.) മുഖേന നടപ്പിലാക്കിയതും അനുവദിച്ചതും നടപ്പിലാക്കുന്നതുമായ പദ്ധതികളുടെ വിശദ വിവരം തുക ഉൾപ്പെടെ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം വിശദമാക്കുമോ?

**കുന്നത്തൂർ മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പാക്കുന്ന പദ്ധതി**

5306 **ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പാക്കുന്ന മാറനാട് കടലായ്മഠം കുളം നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് തുടങ്ങാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രദേശത്തെ കാർഷിക മേഖലയ്ക്കും പ്രദേശവാസികളുടെ ജലലഭ്യതയ്ക്കും അനിവാര്യമായ പ്രസ്തുത പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

## ആലപ്പുഴ ജില്ലയിലെ സ്മാർട്ട് കൃഷിഭവനുകൾ

5307 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര കൃഷിഭവനുകളാണുള്ളതെന്ന് അറിയിക്കുമോ;

(ബി) സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ആലപ്പുഴ ജില്ലയിലെ ഏതൊക്കെ കൃഷിഭവനുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവൻ പദ്ധതി

5308 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവനുകളാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന നടപടി വിശദമാക്കുമോ?

## കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം കൃഷി ഭവന് പുതിയ കെട്ടിടം

5309 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം കൃഷിഭവന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 28 പദ്ധതി പ്രകാരമുള്ള സ്മാർട്ട് കൃഷിഭവനുകളുടെ പട്ടികയിൽ ഇരിമ്പിളിയം കൃഷിഭവനെ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കൃഷിഭവനെ സ്മാർട്ട് കൃഷിഭവനായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## സ്മാർട്ട് കൃഷിഭവനുകൾ

5310 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളും സ്മാർട്ടാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; കൃഷി ഭവനുകൾ സ്മാർട്ടാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഇത് വരെ എത്ര കൃഷി ഭവനുകളാണ് സ്മാർട്ടാക്കിയിട്ടുള്ളത് എന്നറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

## തിരുവമ്പാടി കൃഷിഭവൻ നിർമ്മാണം

5311 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി കൃഷിഭവൻ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## കാർഷിക മേഖലയിലെ തൊഴിലവസരങ്ങൾ

5312 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക മേഖലയിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതിനായി പുതിയതായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ?

## പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള കൃഷി ഓഫീസർമാരുടെ നിയമനം

5313 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ ഏതെങ്കിലും കൃഷി ഭവനുകളിൽ കൃഷി ഓഫീസറുടെ തസ്തിക ഒഴിഞ്ഞ് കിടക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും കൃഷി ഓഫീസർ തസ്തികയിലേക്ക് എത്രപേർ നിയമിതരായിട്ടുണ്ട് എന്ന വിവരം അറിയിക്കാമോ; പ്രസ്തുത തസ്തികയിലേക്ക് ഇനി എത്ര ഒഴിവുകൾ നിയമനത്തിനായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ കൃഷി ഓഫീസർ തസ്തിക

5314 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം കൃഷി ഓഫീസുകളിൽ കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞ് കിടക്കുന്നുണ്ട് എന്നറിയിക്കാമോ; ഇങ്ങനെ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളിൽ ചാർജ് നൽകാതെ സ്ഥിരം കൃഷി ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## കൃഷി വകുപ്പിലെ സ്പെഷ്യൽ റൂൾസ്

5315 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ് നടപ്പിലാക്കിയതെന്ന് അറിയിക്കാമോ; സ്പെഷ്യൽ റൂൾസിന്റെ പകർപ്പ്

ലഭ്യമാക്കാമോ?

## തനത് കാർഷിക ഉല്പന്നങ്ങൾക്ക് മാത്രമായി ഒരു മാൾ

5316 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനയറ വേൾഡ് മാർക്കറ്റിൽ തനത് കാർഷിക ഉല്പന്നങ്ങൾക്ക് മാത്രമായി ഒരു മാൾ സംവിധാനം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## തൃശ്ശൂർ ജില്ലയിൽ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് കെ.എൽ.യു. അനുമതിക്കായുള്ള അപേക്ഷകൾ

5317 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് കെ.എൽ.യു. അനുമതി ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ കൃഷി വകുപ്പിന് നാളിതുവരെ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ ഇനി എത്രയെണ്ണം തീർപ്പാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; ആയത് അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വൈപ്പിൻ മണ്ഡലത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തിയ പ്രവൃത്തി

5318 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ഐക്യസമാജ പാടശേഖരത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ച 50 എച്ച്.പി. പമ്പ്സെറ്റും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനും പൂർത്തീകരിക്കാനും സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## കുന്താളി ഫാമിന്റെ സമഗ്ര വികസനം

5319 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ കുന്താളി കൃഷി ഫാമിന്റെ കൈവശമുള്ള സ്ഥലം മുഴുവനായും ഉപയുക്തമാക്കുന്നതിന് എന്തെങ്കിലും പ്രൊപ്പോസലുകൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ ഫാമുമായി ബന്ധപ്പെട്ട വികസന കാര്യങ്ങളിൽ മന്ത്രി തലത്തിൽ എന്തെങ്കിലും ചർച്ചകൾ നടന്നിരുന്നോ; എങ്കിൽ ആ ചർച്ചകളുടെ തീരുമാനങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ചർച്ചയുടെ ഭാഗമായ എന്തെല്ലാം തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) കുന്താളി കൃഷിഫാമിന്റെ സമഗ്ര വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## മുതലമട മാംഗോ ഹബ്ബിന്റെ പ്രവർത്തന പുരോഗതി

5320 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ മുതലമട മാംഗോ ഹബ്ബിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മാംഗോ ഹബ്ബിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മാംഗോ ഹബ്ബ് എന്നത്തേക്ക് പൂർത്തീകരിക്കാനാണ് നിർദേശം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

## സ്വകാര്യ സംരംഭകരുമായി ചേർന്നുള്ള പ്രോജക്ടുകൾ

5321 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുമായി ബന്ധപ്പെട്ട വിവരങ്ങൾ പങ്കുവയ്ക്കുന്നതിനും സ്വകാര്യസംരംഭകരുമായി വ്യാപാര പ്രവർത്തനങ്ങൾ നടത്തുന്നതിനും കൃഷി വകുപ്പിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തരത്തിലുള്ള കരാറുകളിലാണ് ഇപ്രകാരം ഏർപ്പെടുവാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത രീതിയിൽ സ്വകാര്യ സംരംഭകരുമായി ചേർന്ന് എന്തൊക്കെ പ്രോജക്ടുകളാണ് വകുപ്പ് നിലവിൽ നടപ്പിലാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

## വി.എച്ച്.എസ്.സി. അഗ്രികൾച്ചറും വി.ഒ.സി. അഗ്രികൾച്ചർ ഡിഗ്രിയും നേടിയവർക്ക് തുല്യ പരിഗണന

5322 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എച്ച്.എസ്.സി. അഗ്രികൾച്ചറും ബി. വോക്. അഗ്രികൾച്ചർ ഡിഗ്രിയും നേടിയവർക്ക് കൃഷി വകുപ്പിലെ അസിസ്റ്റന്റ് കൃഷി ഓഫീസർ/ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽ അപേക്ഷിക്കുന്നതിനുള്ള യോഗ്യതയിൽ മാറ്റം വരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വി.എച്ച്.എസ്.സി.കളിൽ നിന്നും പ്ലസ് ടു അഗ്രികൾച്ചർ പാസ്സായവർക്കും സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ നിന്നും മൂന്നുവർഷ സസ്റ്റെനബിൾ അഗ്രികൾച്ചർ ഡിഗ്രി പാസ്സായവർക്കും ഒരുപോലെ പരിഗണന ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ ഒഴിവുകളിൽ പ്രസ്തുത രണ്ട് വിഭാഗങ്ങൾക്കും തുല്യപ്രാധാന്യം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച് കൃഷി ഡയറക്ടർക്ക് നൽകിയ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) കാർഷിക ഉദ്യാനങ്ങൾ ഒട്ടനവധിയുള്ള കേരളത്തിൽ, ഫാം സൂപ്രണ്ട്/അസിസ്റ്റന്റ് തസ്തികയിലെ ഡെപ്യൂട്ടേഷൻ നിർത്തലാക്കി പ്രസ്തുത യോഗ്യതയുള്ളവർക്ക് നിയമനങ്ങൾ നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## കർഷക ആത്മഹത്യ

5323 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ; ഏതൊക്കെ കാർഷിക മേഖലയിൽ നിന്നുള്ള എത്ര കർഷകർ വീതം ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കർഷക ക്ഷേമനിധി ബോർഡിൽ അംഗമാകാനുള്ള മാനദണ്ഡം

5324 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കർഷക ക്ഷേമനിധിയിൽ അംഗമാകാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ക്ഷേമനിധിയിൽ അംഗങ്ങളെ ചേർക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) എറണാകുളം ജില്ലയിൽ ക്ഷേമനിധിയിൽ അംഗങ്ങളാവാൻ എത്രപേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

## കർഷക ക്ഷേമനിധി ബോർഡ്

5325 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച ഫയൽ രണ്ടര വർഷമായി ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ഫയലിന്മേൽ തീരുമാനം എടുക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പുകൾ തമ്മിൽ അഭിപ്രായവ്യത്യാസം നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ബോർഡിന്റെ പ്രവർത്തനം യാഥാർത്ഥ്യമാക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ഡി) കർഷകർക്ക് അയ്യായിരം രൂപ പെൻഷൻ നൽകുമെന്ന മുൻ സർക്കാരിന്റെ വാഗ്ദാനം പാലിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) 2021-ൽ പ്രവർത്തനമാരംഭിച്ച പ്രസ്തുത ബോർഡിൽ ഇരുപതിനായിരം കർഷകർ രജിസ്റ്റർ ചെയ്തുവെങ്കിലും അവർക്ക് ഒരുവിധത്തിലുള്ള ആനുകൂല്യങ്ങളും ഇതുവരെ ലഭിച്ചിട്ടില്ലായെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ബോർഡിൽ എത്ര കർഷകരെയാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതി

5326 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ്. പദ്ധതി മുഖേന കാർഷിക മേഖലയിൽ ഏതെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തികൾക്ക് ചെലവായ തുക, അവയുടെ നിലവിലെ പുരോഗതി എന്നിവ വിശദമാക്കാമോ;

(സി) ഒറ്റപ്പാലം മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ് പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## അരുവിക്കര മണ്ഡലത്തിൽ ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതി

5327 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയുടെ ഭാഗമായി അരുവിക്കര മണ്ഡലത്തിൽ രൂപീകരിച്ചിട്ടുള്ള കൃഷിക്കൂട്ടങ്ങളുടെ എണ്ണം ഗ്രാമപഞ്ചായത്ത് തിരിച്ച് അറിയിക്കുമോ;

(ബി) കൃഷിക്കൂട്ടങ്ങളുടെ സ്ഥിരമായ പ്രവർത്തനത്തിന് സഹായകരമായ രീതിയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## അരുവിക്കര മണ്ഡലത്തിലെ സോയിൽ കൺസർവേഷൻ വകുപ്പിന്റെ പദ്ധതികൾ

5328 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന അരുവിക്കര മണ്ഡലത്തിൽ നടത്തിയിട്ടുള്ള പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അവയ്ക്ക് ചെലവാക്കിയ തുക സംബന്ധിച്ച വിവരങ്ങളും അറിയിക്കുമോ?

## ആലത്തൂർ മണ്ഡലത്തിലെ സോയിൽ കൺസർവേഷൻ വകുപ്പിന്റെ പദ്ധതികൾ

5329 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലത്തൂർ മണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കി

വരുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

**പടന്നക്കാട് കാർഷിക കോളേജിലെ അധ്യാപക തസ്തികകളും കോഴ്സുകളും**

5330 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പടന്നക്കാട് കാർഷിക കോളേജിൽ അനുവദിക്കപ്പെട്ട അധ്യാപക തസ്തികകൾ എത്രയെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ സ്ഥിര അധ്യാപകർ ഇല്ലാത്തത് ഏതെല്ലാം തസ്തികകളിലാണ്; അവ ഒഴിവ് വരാൻ കാരണമെന്താണ്; ഒഴിവ് നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(സി) കാർഷിക കോളേജിലെ അധ്യാപക സ്ഥലംമാറ്റത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) മാനദണ്ഡങ്ങൾ പാലിക്കാതെ പ്രസ്തുത സ്ഥാപനത്തിൽ നിന്നും അധ്യാപക സ്ഥലംമാറ്റം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിൽ നിന്നും ആരെയൊക്കെയാണ് മാറ്റിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കോളേജിലെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ; സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കിയ സമയത്തെ വിവിധ കോഴ്സുകൾ ഏതെല്ലാമാണെന്നും ഓരോ കോഴ്സിലും അനുവദിക്കപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത കോളേജിലെ നിലവിലെ കോഴ്സുകൾ, ഓരോ വിഭാഗത്തിലും അനുവദനീയമായ വിദ്യാർത്ഥികളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

**പുറക്കാട് വില്ലേജിൽ സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ നിർമ്മാണം**

5331 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ പുറക്കാട് വില്ലേജിൽ സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ നിർമ്മിക്കുന്നതിന് സർക്കാർ ഭൂമി ലഭ്യമായിട്ടുണ്ടോ; എന്നാണ് ഈ ഭൂമി ലഭ്യമായതെന്നും എത്ര അളവ് ഭൂമിയാണ് ലഭിച്ചിട്ടുള്ളതെന്നും എന്ത് വ്യവസ്ഥയിലാണ് ഭൂമി അനുവദിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) ഭൂമി ലഭ്യമായി നാളുകൾ കഴിഞ്ഞിട്ടും ഇവിടെ ഗോഡൗൺ നിർമ്മാണം നടത്താൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; എന്നത്തേക്ക് പ്രസ്തുത നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**2016 ലെ യു.ജി.സി. ശമ്പള പരിഷ്കരണം പ്രകാരമുള്ള കുടിശ്ശികത്തുക**

5332 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ലെ യു.ജി.സി. ശമ്പള പരിഷ്കരണ പ്രകാരമുള്ള കുടിശ്ശികത്തുക കോളേജ് അധ്യാപകർക്ക് നൽകുന്ന കാര്യത്തിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത തുക നൽകുന്നതുമായി ബന്ധപ്പെട്ട് 750 കോടി രൂപയുടെ യു.ജി.സി. ഗ്രാന്റ് സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഗ്രാന്റ് നഷ്ടപ്പെടുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത ഗ്രാന്റ് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിന് അയച്ച കത്തിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഇ) കേന്ദ്രസഹായം ലഭിക്കാത്ത സാഹചര്യത്തിൽ അധ്യാപകരുടെ കുടിശികത്തുക എങ്ങനെ നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## നിലവാരമില്ലാത്ത സ്ഥാപനങ്ങളിലെ വിദേശപഠനം തടയാൻ നടപടി

5333 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശപഠനം ആഗ്രഹിച്ചുപോകുന്ന വിദ്യാർത്ഥികൾ നിലവാരം കുറഞ്ഞ യൂണിവേഴ്സിറ്റികളിൽ ചേർന്ന് കബളിപ്പിക്കപ്പെടുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## നീറ്റ്-യു.ജി. പരീക്ഷ നടത്തിപ്പിൽ ഉണ്ടായ ക്രമക്കേടുകൾ

5334 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷത്തെ ബിരുദ-ബിരുദാനന്തര കോഴ്സുകളിലേയ്ക്ക് നടന്ന നീറ്റ്-യു.ജി. പരീക്ഷാ നടത്തിപ്പിൽ ഉണ്ടായ ക്രമക്കേടുകളെ തുടർന്ന് വിദ്യാർത്ഥികളിലും രക്ഷിതാക്കളിലുമുണ്ടായ ആശങ്കയ്ക്ക് പരിഹാരം കാണുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ടോ;

(സി) കുറ്റമറ്റ രീതിയിൽ സംസ്ഥാന സർക്കാരുകൾ നടത്തിയിരുന്ന മെഡിക്കൽ പ്രവേശന പരീക്ഷ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## സ്വയംഭരണ പദവി അനുവദിച്ചിട്ടുള്ള കോളേജുകളിൽ മികച്ച അക്കാദമിക അന്തരീക്ഷം സൃഷ്ടിക്കാനുള്ള നടപടി

5335 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംഭരണ പദവി അനുവദിച്ചിട്ടുള്ള കോളേജുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സംസ്ഥാനത്തെ സർവകലാശാലകളും സർക്കാരും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതുമൂലം പ്രസ്തുത സ്ഥാപനങ്ങൾക്ക് പ്രതിസന്ധി സൃഷ്ടിക്കുന്ന വിഷയം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവുകളെ ചോദ്യം ചെയ്തുകൊണ്ട് നിലവിൽ എത്ര കേസുകൾ കോടതികളുടെ പരിഗണനയിലുണ്ടെന്ന് അറിയിക്കാമോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തുനിന്നുള്ള വിദ്യാർത്ഥികൾ ഉപരിപഠനാർത്ഥം വിദേശരാജ്യങ്ങളിലേക്ക് പോകുന്ന സാഹചര്യം പരിഗണിച്ച് സ്വയംഭരണ പദവിയുള്ള കോളേജുകളും സർവ്വകലാശാലകളും സർക്കാരുമായുള്ള ബന്ധം പരസ്പരപൂരകമാക്കി സംസ്ഥാനത്ത് മികച്ച അക്കാദമിക അന്തരീക്ഷം സൃഷ്ടിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>ഹയർ എഡ്യൂക്കേഷൻ ട്രാൻസ്ഫോർമേഷൻ ഇനിഷ്യേറ്റീവ് - ഒരു ഗ്ലോബൽ കോൺക്ലേവ്</u>**

5336 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ നിക്ഷേപ നയം രൂപീകരിക്കുന്നതിനായി ഹയർ എഡ്യൂക്കേഷൻ ട്രാൻസ്ഫോർമേഷൻ ഇനിഷ്യേറ്റീവ് എന്ന ഒരു ഗ്ലോബൽ കോൺക്ലേവ് സംസ്ഥാനത്ത് സംഘടിപ്പിക്കാൻ തീരുമാനിച്ചതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

**<u>ആലപ്പുഴ ജില്ലയിലെ ബിരുദ, ബിരുദാനന്തര സീറ്റുകളുടെ എണ്ണം</u>**

5337 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ സർക്കാർ, എയ്ഡഡ് മേഖലകളിലായി നിലവിൽ ആകെയുള്ള ബിരുദ, ബിരുദാനന്തര സീറ്റുകളുടെ എണ്ണം, സ്ഥാപനങ്ങളുടെയും കോഴ്സുകളുടെയും അടിസ്ഥാനത്തിൽ തരം തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2016-ന് ശേഷം ജില്ലയിലെ പ്രസ്തുത മേഖലകളിൽ അനുവദിക്കപ്പെട്ട ബിരുദ, ബിരുദാനന്തര സീറ്റുകളുടെ എണ്ണം, സ്ഥാപനങ്ങളുടെയും കോഴ്സുകളുടെയും അനുവദിച്ച വർഷത്തിന്റെയും അടിസ്ഥാനത്തിൽ തരം തിരിച്ച് ലഭ്യമാക്കാമോ?

**<u>നാലുവർഷ ബിരുദ കോഴ്സ് അംഗീകാരത്തിന് ഫീസ്</u>**

5338 **ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംഭരണ കോളേജുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന നാലുവർഷ ബിരുദ കോഴ്സുകളുടെ സിലബസ് തയ്യാറാക്കുന്നതിനുള്ള അധികാരം ആർക്കാണ് നൽകിയിരിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) കോളേജുകൾ രൂപകല്പന ചെയ്യുന്ന സിലബസിന് സർവകലാശാലകളുടെ അംഗീകാരം ലഭ്യമാക്കുന്നതിനോ സർവകലാശാലകൾ തയ്യാറാക്കുന്ന സിലബസ് സ്വീകരിക്കുന്നതിനോ നിശ്ചിത ഫീസ് അടയ്ക്കണമെന്ന നിർദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സർവകലാശാലകളാണ് ഇപ്രകാരം ഫീസ് ഈടാക്കുന്നതെന്ന് അറിയിക്കുമോ;

(സി) പ്രത്യേക ഫീസ് ഈടാക്കാനുള്ള നിർദേശം പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## പ്ലസ് ടു സേ പരീക്ഷാ വിജയികൾക്ക് ഡിഗ്രി കോഴ്സുകളിൽ ചേരുവാനുള്ള സൗകര്യം

5339 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ ഈ അധ്യയന വർഷം ഡിഗ്രി കോഴ്സുകൾക്ക് ചേരുവാൻ അപേക്ഷ നൽകാനുള്ള അവസാന തീയതി എന്നായിരുന്നു; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പ്ലസ് ടു പരീക്ഷകളിൽ വിജയിക്കാതെ സേ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ പരീക്ഷാഫലം വരുന്ന മുറയ്ക്ക് അവർക്കുകൂടി ഡിഗ്രി കോഴ്സുകളിൽ ചേരുവാൻ അപേക്ഷ നൽകുവാൻ വേണ്ടി അപേക്ഷാ തീയതി നീട്ടിക്കൊണ്ട് ഉത്തരവ് ഇറക്കുമോ; വ്യക്തമാക്കാമോ?

## ആർട്സ് & സയൻസ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ (മലയാളം) തസ്തികയിലെ നിയമനം

5340 **ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലുവർഷ ബിരുദ പ്രോഗ്രാം നിലവിൽ വരുന്നതോടെ ബിരുദതലത്തിൽ മലയാളഭാഷാ പഠനത്തിനുള്ള പഠനസമയം കുറയുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ആർട്സ് & സയൻസ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ (മലയാളം) തസ്തികയിലേക്ക് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണ്; ഇതുവരെ എത്രപേരെ പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിയമിച്ചു; വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിയമന നടപടികൾ വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

## കേരള ഹിന്ദി പ്രചാരസഭ നടത്തുന്ന ആചാര്യ കോഴ്സ്

5341 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹിന്ദി പ്രചാരസഭ നടത്തുന്ന ആചാര്യ കോഴ്സ് ബി.എഡ്. ന് തുല്യമായി അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ആയതിന്റെ ഓർഡറും വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) കേരള ഹിന്ദി പ്രചാരസഭ നടത്തുന്ന ആചാര്യ കോഴ്സ് ബി.എഡ്. ന് തുല്യമായി അംഗീകരിച്ചിട്ടുണ്ടെങ്കിൽ സർക്കാരിന്റെ ഭാഗമായ പരീക്ഷാ കമ്മീഷണർ നടത്തുന്ന ഹിന്ദിഭാഷ അദ്ധ്യാപക ട്രെയിനിംഗ് കോഴ്സും ബിരുദവും ഉള്ളവരെ ബി.എഡിന് തുല്യമായി അംഗീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

## ബി-ടെക് പാഠ്യ പദ്ധതി

5342 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി-ടെക് പാഠ്യ പദ്ധതിയിൽ സാങ്കേതിക സർവ്വകലാശാല മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ബി-ടെക് വിദ്യാർത്ഥികൾക്ക് അവസാന സെമസ്റ്ററുകളിലെ കോഴ്സുകൾ അതിനു മുമ്പുള്ള വർഷങ്ങളിൽ തന്നെ പൂർത്തീകരിക്കുന്നതിന് പുതിയ പാഠ്യപദ്ധതിയിൽ സൗകര്യമൊരുക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

## നാലു വർഷ ബിരുദ കോഴ്സുകൾ

5343 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്ത് നാലു വർഷ ബിരുദ കോഴ്സുകൾ പുതിയ ദേശീയ വിദ്യാഭ്യാസ നയം അനുസരിച്ചാണോ സംസ്ഥാനത്ത് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) വിവിധ സർവകലാശാലകളിൽ നാലു വർഷം ബിരുദ കോഴ്സുകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കോളേജുകൾക്കും യൂണിവേഴ്സിറ്റിയുടെ പഠന വകുപ്പുകൾക്കും അവധി നൽകിയും പരീക്ഷകൾ മാറ്റിവച്ചും വകുപ്പ് മന്ത്രി നേരിട്ട് ഓറിയന്റേഷൻ ക്ലാസ്സ് സംഘടിപ്പിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇത് സർവകലാശാലകളുടെ സ്വയംഭരണാവകാശത്തിലെ ഇടപെടലാണ് എന്ന ആക്ഷേപത്തിന്മേൽ സർക്കാരിന്റെ അഭിപ്രായം എന്തെന്ന് വ്യക്തമാക്കാമോ?

## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം

5344 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാൻ ഫണ്ട് ഉപയോഗിച്ച് സർവ്വകലാശാലകൾ, അഫിലിയേറ്റഡ് കോളേജുകൾ, പോളി ടെക്നിക്ക് കോളേജുകൾ, ടെക്നിക്കൽ സ്കൂളുകൾ എന്നിവിടങ്ങളിൽ നടത്തിയ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ വിശദമാക്കാമോ?

## അധ്യാപക നിയമനത്തിനുള്ള പ്രായപരിധി

5345 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളീജിയറ്റ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പുകളുടെ ഓട്ടോണമസ് കോളേജുകളിലും യൂണിവേഴ്സിറ്റികളിലും അധ്യാപക തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി എത്രയാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമനത്തിന് വിവിധ പിന്നാക്ക വിഭാഗങ്ങൾക്ക് ഉയർന്ന പ്രായപരിധിയിലുള്ള ഇളവ് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഓരോ വിഭാഗങ്ങൾക്കും ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾ അടക്കം പ്രസ്തുത നിയമനങ്ങളുടെ ഉയർന്ന പ്രായപരിധി എത്രയാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

## വണ്ടൂർ മണ്ഡലത്തിലെ കാളികാവ് സർക്കാർ കോളേജ്

5346 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ മണ്ഡലത്തിൽ കാളികാവ് സർക്കാർ കോളേജ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കോളേജിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

## ഐ.എച്ച്.ആർ.ഡി. ക്ക് കീഴിലെ കോളേജുകൾ

5347 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി. യ്ക്ക് കീഴിലെ കോളേജുകൾ, പ്രസ്തുത കോളേജുകളിലെ കോഴ്സുകൾ എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കോളേജുകളിൽ ഫീസ് ഇളവ് ലഭിക്കുന്നത് ഏതൊക്കെ വിഭാഗം വിദ്യാർത്ഥികൾക്കാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വിദ്യാർത്ഥികളുടെ ഫീസ് ഐ.എച്ച്.ആർ.ഡി.യ്ക്ക് ഏതൊക്കെ വകുപ്പുകളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) 2023 - 24 വർഷം വിദ്യാർത്ഥികളുടെ ഫീസിനത്തിൽ വിവിധ വകുപ്പുകൾ ഐ.എച്ച്.ആർ.ഡി. ക്ക് നൽകിയ തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യക്കുമോ;

(ഇ) മുസ്ലീം, ക്രിസ്ത്യൻ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് പ്രസ്തുത കോളേജിൽ ഫീസിളവ് ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(എഫ്) ഐ.എച്ച്.ആർ.ഡി. യിൽ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നിലവിൽ നൽകുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ജി) ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ഫണ്ട് ലഭ്യമാക്കി മുസ്ലീം, ക്രിസ്ത്യൻ വിഭാഗങ്ങളിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ ഫീസിളവ് നൽകുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് ന്യൂനപക്ഷ ക്ഷേമ വകുപ്പിന് ഒരു പ്രൊപ്പോസൽ സമർപ്പിക്കുമോ;വ്യക്തമാക്കുമോ?

**മലയിൻകീഴ് മാധവകവി മെമ്മോറിയൽ കോളേജിലെ വികസന പ്രവർത്തനങ്ങൾ**

5348 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് മാധവകവി മെമ്മോറിയൽ കോളേജിൽ 2016 മെയ് മുതൽ 2024 മെയ് വരെ നടന്ന വികസന പ്രവൃത്തികളും ആയതിന് അനുവദിച്ച തുകയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയാണ്; പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയാണ്; വിശദമാക്കാമോ?

**ബിരുദാനന്തര പഠനത്തിന് യു.ജി.സി. പുറത്തിറക്കിയ പുതിയ പാഠ്യപദ്ധതി**

5349 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിരുദാനന്തര പഠനത്തിന് യു.ജി.സി. പുറത്തിറക്കിയ പുതിയ പാഠ്യപദ്ധതി ചട്ടക്കൂട് സംസ്ഥാനത്ത് നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഒരേസമയം രണ്ട് പി.ജി. കോഴ്സുകൾ ചെയ്യുന്നതിന് അനുമതി നൽകുന്നതിനായി നടപടികൾ സ്വീകരിക്കുമോ;

(സി) പി.ജി. പഠനം ഓൺലൈൻ സംവിധാനത്തിലൂടെ സാധ്യമാക്കാനുള്ള നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കുമോ?

**ഉന്നതവിദ്യാഭ്യാസ വകുപ്പ് മുഖേനയുള്ള സ്കോളർഷിപ്പുകൾ**

5350 **ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പ് മുഖേന നിലവിൽ അനുവദിച്ചു വരുന്ന സ്കോളർഷിപ്പുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(ബി) പുതിയതായി സ്കോളർഷിപ്പുകൾ അനുവദിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

**ഉന്നതവിദ്യാഭ്യാസ മേഖലയെ ലോകോത്തര നിലവാരത്തിലേക്കുയർത്തുന്നതിന് നടപടി**

5351 **ശ്രീ. കെ. ജെ. മാക്സി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ ലോകോത്തര നിലവാരത്തിലേക്കുയർത്തുന്നതിനായി നൂതന വിജ്ഞാന ശാഖകളിൽ വികസിത

രാജ്യങ്ങളുമായുള്ള സഹകരണം സാധ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകുന്നതിന് അന്താരാഷ്ട്ര ഏജൻസികളുടെ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## യു.ജി.സി. നെറ്റ്, നീറ്റ്പരീക്ഷകളിൽ ക്രമക്കേട്

5352 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. നെറ്റ്, നീറ്റ് തുടങ്ങിയ പരീക്ഷകളിൽ ക്രമക്കേട് നടന്നതിനെ തുടർന്ന് വിദ്യാർത്ഥികളിൽ ഉണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിനും ഇത്തരം മത്സര പരീക്ഷകളുടെ വിശ്വാസ്യതയും സുതാര്യതയും നിലനിർത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എൻ.റ്റി.എ. പോലെയുള്ള ഏജൻസികളിൽ വിദ്യാർഥികൾക്ക് വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം മത്സര പരീക്ഷകൾ നടത്തുന്നതിന് കുറ്റമറ്റ സംവിധാനം ഏർപ്പെടുത്താൻ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ കേന്ദ്രസർക്കാരുമായി നടത്തിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## നാലുവർഷ ബിരുദ കോഴ്സുകൾ

5353 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ കോഴ്സുകളാണ് ആരംഭിക്കുന്നതെന്ന്(സർവകലാശാല, കോളേജ് തിരിച്ച് )വ്യക്തമാക്കുമോ?

## കോളേജുകളിലെ വ്യവസായ പാർക്കുകൾ/സ്റ്റാർട്ടപ്പുകൾ

5354 **ശ്രീ. ജോബ് മൈക്കിൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം കോളേജുകളിലാണ് വ്യവസായ പാർക്കുകൾ/ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ആരംഭിക്കുന്ന വ്യവസായ പാർക്കുകൾ/സ്റ്റാർട്ടപ്പുകൾ എന്നിവയിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ?

## ഉപരിപഠനത്തിനായി വിദേശത്തേക്ക് പോകുന്ന വിദ്യാർത്ഥികൾ

5355 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നിന്നും ഉപരിപഠനത്തിനായി വിദേശത്തേക്ക് വിദ്യാർത്ഥികൾ പോകുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തിലേക്ക് പഠനത്തിനായി വിദേശ വിദ്യാർത്ഥികളെ ഉൾപ്പെടെ ആകർഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കൈരളി ഗവേഷണ പുരസ്കാരം (ടീച്ചിങ്ങ് ഫാക്കൽറ്റി)

5356 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ 2020, 2022 വർഷങ്ങളിൽ ഏർപ്പെടുത്തിയ കൈരളി ഗവേഷണ പുരസ്കാരം (ടീച്ചിങ്ങ് ഫാക്കൽറ്റി) അനുവദിക്കുന്നതിനായുള്ള തരഞ്ഞെടുപ്പ് സമിതിയിൽ ആരൊക്കെയാണ് അംഗങ്ങളായി പ്രവ്യർത്തിച്ചതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ കൈരളി ഗവേഷണ പുരസ്കാരം (ടീച്ചിങ്ങ് ഫാക്കൽറ്റി) നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) 2020, 2022 വർഷങ്ങളിൽ ഏർപ്പെടുത്തിയ കൈരളി ഗവേഷണ പുരസ്കാരത്തിനായി (ടീച്ചിങ്ങ് ഫാക്കൽറ്റി)ആകെ എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നത്; അപേക്ഷകരുടെ പേര്, യോഗ്യതകൾ, ഔദ്യോഗിക പദവി തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഇരവിപുരം മണ്ഡലത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ

5357 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന എത്ര അംഗീകൃത സ്ഥാപനങ്ങൾ പ്രസ്തുത മണ്ഡലത്തിൽ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

## ടെക്നിക്കൽ ഹൈസ്കൂളുകൾ അപ് ഗ്രേഡ് ചെയ്യാൻ നടപടി

5358 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും ടെക്നിക്കൽ ഹൈസ്കൂളുകൾ ഹയർ സെക്കൻഡറി സ്കൂളാക്കുന്നത് പരിഗണനയിലുണ്ടോ എന്ന് അറിയിക്കാമോ;

(ബി) മഞ്ചേരി ടെക്നിക്കൽ ഹൈസ്കൂൾ ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂൾ ആയി അപ് ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## വിദ്യാർത്ഥികളുടെ തൊഴിൽശേഷിയും നൈപുണ്യവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി

5359 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ തൊഴിൽശേഷിയും നൈപുണ്യവും വർദ്ധിപ്പിച്ച് പുതിയ തൊഴിൽ മേഖലകളിലേയ്ക്ക് അനുയോജ്യരാക്കുക എന്ന പദ്ധതിയുടെ ലക്ഷ്യം സാക്ഷാത്കരിക്കുവാൻ കെ-ഡിസ്ക്, കേരള നോളജ് ഇക്കോണമി മിഷൻ, അസാപ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തിരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പഠനത്തോടൊപ്പം വരുമാനം എന്ന ആശയം നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

## കുളത്തുപ്പുഴയിൽ സാം ഉമ്മൻ ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂളിൽ പുതിയ പോളിടെക്നിക്

5360 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തുപ്പുഴയിൽ സാം ഉമ്മൻ ഗവൺമെൻറ് ടെക്നിക്കൽ സ്കൂളിന് സ്വന്തമായുള്ള 7 ഏക്കർ ഭൂമിയിൽ പോളിടെക്നിക് അനുവദിക്കാമെന്ന ബഹു. ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെ പ്രഖ്യാപനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികളും ആയതിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ബി) പ്രസ്തുത ടെക്നിക്കൽ ഹൈസ്കൂൾ പോളിടെക്നിക്ക് കോളേജായി ഉയർത്തുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ചുമതലപ്പെടുത്തിയതു പ്രകാരം കായംകുളം വനിതാ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാൾ തയ്യാറാക്കിയ സാധ്യതാ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിൻമേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## വിളപ്പിൽ പോളിടെക്നിക് ആരംഭിക്കുന്നത് സംബന്ധിച്ച്

5361 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിലെ വിളപ്പിൽ പോളിടെക്നിക്ക് ആരംഭിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പോളിടെക്നിക്കിനായി സ്പെഷ്യൽ ഓഫീസർ നിലവിലുണ്ടോ; ഇല്ലെങ്കിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(ബി) നിർദ്ദിഷ്ട ഭൂമിയിലേക്കുള്ള വഴി സംബന്ധിച്ച പ്രശ്നം പരിഹരിച്ചതായുള്ള ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

എങ്കിൽ തടസ്സങ്ങൾ പരിഹരിച്ച് പ്രസ്തുത പോളിടെക്നിക് ആരംഭിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

## സി.എ.ബി.എം. വിഭാഗത്തിലെ അധ്യാപകരെ എ.ഐ.സി.റ്റി.ഇ. ശമ്പള സ്കെയിലിൽ ഉൾപ്പെടുത്താൻ നടപടി

5362 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ പോളിടെക്നിക്കുകളിലെ അധ്യാപകർക്ക് 01-07-2013 മുതൽ എ.ഐ.സി.റ്റി.ഇ. ശമ്പള സ്കെയിൽ നടപ്പിലാക്കിയെങ്കിലും പോളിടെക്നിക്കുകളിലെ കമ്പ്യൂട്ടർ അപ്ലിക്കേഷൻ ആൻഡ് ബിസിനസ് മാനേജ്മെൻറ് (സി.എ.ബി.എം.) വിഭാഗത്തിലെ അധ്യാപകർക്ക് എ.ഐ.സി.റ്റി.ഇ. നിഷ്കർഷിക്കുന്ന ആനുകൂല്യങ്ങളും ശമ്പള സ്കെയിലും നൽകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) എ.ഐ.സി.റ്റി.ഇ.യുടെ ആറാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനായി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ച് 20-10-2021-ൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ കത്തിൽ സി.എ.ബി.എം. വിഭാഗത്തിലെ അധ്യാപകരെ എ.ഐ.സി.റ്റി.ഇ. ശമ്പള സ്കെയിലിൽ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടും കഴിഞ്ഞ മൂന്ന് വർഷമായി ഇതിന്മേലുള്ള നടപടികൾ വൈകുന്നതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) കഴിഞ്ഞ പത്ത് വർഷമായി സി.എ.ബി.എം. വിഭാഗത്തിലെ അധ്യാപകരെ എ.ഐ.സി.റ്റി.ഇ. ശമ്പള സ്കെയിലിൽ ഉൾപ്പെടുത്താതിരുന്നതിനാൽ ജീവനക്കാർക്ക് നഷ്ടമായ അവകാശപ്പെട്ട പ്രമോഷനും സാമ്പത്തിക ആനുകൂല്യങ്ങളും നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ഡി) സി.എ.ബി.എം. വിഭാഗത്തിലെ എണ്ണത്തിൽ പതിനെട്ടിൽ താഴെ മാത്രമുള്ള അധ്യാപകരെ എ.ഐ.സി.റ്റി.ഇ. ശമ്പള സ്കെയിലിൽ മുൻകാല പ്രബല്യത്തോടെ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## കോഴിക്കോട് ജില്ലയിലെ പോളിടെക്നിക്കുകൾ

5363 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നിലവിൽ എത്ര സർക്കാർ/സർക്കാർ ഇതര പോളിടെക്നിക്കുകൾ ഉണ്ടെന്ന് വിശദമാക്കാമോ; പ്രസ്തുത പോളിടെക്നിക്കുകളിൽ ഏതൊക്കെ കോഴ്സുകളാണ് പഠിപ്പിക്കുന്നത് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പോളിടെക്നിക്കുകളിൽ വിവിധ കോഴ്സുകളിൽ അനുവദിച്ച സീറ്റുകളിൽ ഒഴിഞ്ഞു കിടക്കുന്നവ എത്രയെന്ന് കോഴ്സ് തിരിച്ച് അറിയിക്കാമോ;

(സി) പ്രസ്തുത പോളിടെക്നിക്കുകളിൽ പുതിയ തൊഴിലധിഷ്ഠിത കോഴ്സുകൾ

അനുവദിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

**<u>ഗുരുവായൂർ മണ്ഡലത്തിൽ പോളിടെക്നിക്ക് ആരംഭിക്കുന്നതിന് നടപടി</u>**

5364 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ പോളിടെക്നിക്ക് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>തിരുവമ്പാടി ഐ.എച്ച്.ആർ.ഡി. കോളേജിൽ നഴ്സിംഗ് കോഴ്സ്</u>**

5365 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി ഐ.എച്ച്.ആർ.ഡി. കോളേജിൽ നഴ്സിംഗ് കോഴ്സ് അനുവദിക്കുന്നതിന് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ആയതിന്റെ നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

**<u>സർവ്വകലാശാല പരീക്ഷകൾ സമയബന്ധിതമായി നടത്തുന്നതിന് നടപടി</u>**

5366 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ നടത്തുന്ന പരീക്ഷകൾ സമയബന്ധിതമായി നടത്തുന്നതിനും പരീക്ഷാ റിസൾട്ട് വിദ്യാർത്ഥികൾക്ക് അധികം വൈകാതെ ലഭ്യമാക്കാനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ പി.ജി. കോഴ്സിനുള്ള തുല്യതാ സർട്ടിഫിക്കറ്റ്</u>**

5367 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട് അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ ഡിസ്റ്റൻസ് എഡ്യുക്കേഷൻ മുഖേനയുള്ള ഇക്കണോമിക്സ് പി. ജി. കോഴ്സിന് സംസ്ഥാനത്തെ ഏതെങ്കിലും യൂണിവേഴ്സിറ്റിയുടെ അംഗീകാരമുണ്ടോയെന്നും ഈ കോഴ്സിന് സംസ്ഥാനത്തെ ഏതെങ്കിലും യൂണിവേഴ്സിറ്റി തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്നുണ്ടോയെന്നും അറിയിക്കാമോ;

(ബി) 2019-ന് മുമ്പ് പ്രസ്തുത കോഴ്സിന് തുല്യതാ സർട്ടിഫിക്കറ്റ് സംസ്ഥാനത്തെ ഏതെങ്കിലും യൂണിവേഴ്സിറ്റി നൽകിയിരുന്നോ; എങ്കിൽ യൂണിവേഴ്സിറ്റി തിരിച്ച് വിവരം ലഭ്യമാക്കാമോ;

(സി) മുൻ കാലങ്ങളിൽ പ്രസ്തുത കോഴ്സിന് കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയുടെ അംഗീകാരം ഉണ്ടായിരുന്നോ; പിൽക്കാലങ്ങളിൽ ഈ അംഗീകാരം ഒഴിവാക്കിയതിനുള്ള കാരണം എന്താണ്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കോഴ്സിന് അംഗീകാരം നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് യൂണിവേഴ്സിറ്റി തിരിച്ച് വിവരം ലഭ്യമാക്കാമോ?

## യൂണിവേഴ്സിറ്റികളിലെ സെമസ്റ്റർ ഫീസ് വർദ്ധന

5368 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യൂണിവേഴ്സിറ്റികളിലെ സെമസ്റ്റർ ഫീസ് വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഏതെല്ലാം യൂണിവേഴ്സിറ്റികളിലാണ് സെമസ്റ്റർ ഫീസ് വർദ്ധിപ്പിച്ചതെന്ന് അറിയിക്കാമോ;

(സി) നിലവിൽ ഓരോ കോഴ്സിനും വർദ്ധിപ്പിച്ച തുക എത്രയെന്ന് അറിയിക്കാമോ;

(ഡി) വർദ്ധിപ്പിച്ച ഫീസ് പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വിശദമാക്കാമോ?

## സർവകലാശാലകളിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾ

5369 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ ഗവേഷണം നടത്തുന്നതിനായി വിദ്യാർത്ഥികൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഗവേഷണം നടത്തിയ എല്ലാ വിദ്യാർത്ഥികൾക്കുമുള്ള സാമ്പത്തിക സഹായം നൽകിക്കഴിഞ്ഞോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) വിദ്യാർത്ഥികൾക്ക് ഗവേഷണം നടത്തുന്നതുമായി ബന്ധപ്പെട്ട് അഡ്മിഷൻ ലഭിക്കുന്നതിന് എന്തെങ്കിലും സംവരണം ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ;

(ഡി) സർവകലാശാലകളിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായം ലഭ്യമാകുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## സർവകലാശാലകൾക്ക് ഉന്നത അംഗീകാരം

5370 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ ഉന്നത അംഗീകാരങ്ങൾ ലഭിക്കുന്നതിനടിസ്ഥാനമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വിശദാംശം ലഭ്യമാക്കാമോ?

## ബിരുദ കോഴ്സുകളുടെ സ്വീകാര്യത

5371 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള, കഴിഞ്ഞ അക്കാദമിക വർഷം പരമ്പരാഗത ബിരുദ കോഴ്സുകളിൽ ഒരു വിദ്യാർത്ഥി പോലും ചേരാത്ത, സർക്കാർ, എയ്ഡഡ് കോളേജുകൾ ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പരമ്പരാഗത ബിരുദ കോഴ്സുകളുടെ സ്വീകാര്യത കുറയുന്നതിന്റെ കാരണം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം സർക്കാരോ മറ്റ് ഏജൻസികളോ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ബിരുദ കോഴ്സുകളുടെ സ്വീകാര്യത വർദ്ധിപ്പിക്കുന്നതിനായി കരിക്കുലം അടക്കമുള്ളവയിൽ കാലാനുസൃതമായ മാറ്റം വരുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

## വിദൂരവിദ്യാഭ്യാസ കേന്ദ്രങ്ങളിലെ ബിരുദ പ്രവേശനം

5372 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിന് കീഴിൽ 4 വർഷ ബിരുദ കോഴ്സുകൾക്ക് ഈ അധ്യയന വർഷം അപേക്ഷിക്കാൻ കഴിയുമോ; വ്യക്തമാക്കാമോ?

## ഡി.എൽ.എഡ്., ടി.ടി.സി കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബിരുദ പ്രവേശനം

5373 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എൽ.എഡ്., ടി.ടി.സി തുടങ്ങിയ കോഴ്സുകളിൽ അവസാന വർഷം പഠിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് 2024-25 അധ്യയന വർഷത്തിൽ ബിരുദ പ്രവേശനം തടസ്സപ്പെടുന്നത് ഒഴിവാക്കുന്നതിന് അഡ്മിഷൻ സമയത്ത് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ ഹാജരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുന്നതിന് കഴിഞ്ഞ വർഷത്തേതുപോലെ ഈ വർഷവും ഉത്തരവ് ഇറക്കുമോ എന്ന് വിശദമാക്കുമോ?

## ആകാശപാത

5374 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലെ നോർത്ത് ബ്ലോക്കും സൗത്ത് ബ്ലോക്കും ബന്ധിപ്പിച്ച് ആകാശ പാത പണിയുന്നത് സർവ്വകലാശാലയുടെ ബഡ്ജറ്റിൽ നിന്നാണോ; അല്ലായെങ്കിൽ അതിന്റെ ഫണ്ടിങ് ഏജൻസിയുടെ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ആകാശപാത നിർമ്മിക്കുന്നതിനാവശ്യമായ ചെലവുകളുടെ എസ്റ്റിമേറ്റ് ലഭ്യമാക്കാമോ;

(സി) ദേശീയ പാതയ്ക്ക് കുറുകെ ആകാശ പാത പണിയുന്നതിന് ബന്ധപ്പെട്ട എല്ലാ ഏജൻസികളുടെയും അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ലഭിച്ചതും ലഭിക്കാനുള്ളതുമായ അനുമതികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ദേശീയ പാതയ്ക്ക് കുറുകെ ആകാശ പാത നിർമ്മിക്കുന്നതിനാവശ്യമായ അനുമതി നൽകിക്കൊണ്ടുള്ള വിവിധ സർക്കാർ ഉത്തരവുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി പത്രം, പരിപത്രം എന്നിവ ലഭ്യമാക്കാമോ?

## കുസാറ്റ് യൂണിവേഴ്സിറ്റിയുടെ കുട്ടനാട്ടിലെ പുളിങ്കുന്ന് ക്യാമ്പസിന്റെ അടിസ്ഥാന സൗകര്യങ്ങൾ

5375 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുസാറ്റ് യൂണിവേഴ്സിറ്റിയുടെ കുട്ടനാട്ടിലെ പുളിങ്കുന്ന് ക്യാമ്പസിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പുതിയ കോഴ്സുകൾ തുടങ്ങുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത ക്യാമ്പസിന്റെ നവീകരണത്തിന് എന്തെല്ലാം പുതിയ നിർദ്ദേശങ്ങൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

## കണ്ണൂർ സർവ്വകലാശാലയിലെ നിയമനങ്ങൾ

5376 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവകലാശാലയിലെ വിവിധ ബ്രാഞ്ചുകളിലും വകുപ്പുകളിലും കേന്ദ്രങ്ങളിലുമായി അധ്യാപക, അനധ്യാപക തസ്തികകളിൽ കരാർ, ദിവസ വേതനം, ഗസ്റ്റ് എന്നീ അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന താൽക്കാലിക ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാർ മേൽ തസ്തികകളിൽ ആദ്യമായി ജോലിയിൽ പ്രവേശിച്ച തീയതിയും സർവകലാശാലയിൽ നാളിതുവരെ ജോലിചെയ്ത കാലയളവിന്റെയും നിയമനം, കരാർ എന്നിവ പുതുക്കി നൽകിയതിന്റെയും വിശദാംശം ലഭ്യമാക്കാമോ;

(സി) കരാർ, ദിവസ വേതനം, ഗസ്റ്റ് അടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാർ ജോലിചെയ്തു വരുന്ന പ്രസ്തുത തസ്തികകൾ സർവകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ ഉൾപ്പെടുന്നതാണോയെന്ന് വിശദമാക്കുമോ;

(ഡി) സർക്കാർ അംഗീകൃത തസ്തികകളുടെ അംഗബലത്തിൽ കവിഞ്ഞും കരാർ, ദിവസ വേതനം, ഗസ്റ്റ് എന്നീ നിയമനങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) താല്ക്കാലിക ജീവനക്കാർക്ക് വർഷങ്ങളോളം പ്രസ്തുത തസ്തികകളിൽ തുടരാനനുവദിക്കുന്ന തരത്തിൽ റീ-എൻഗേജ്മെന്റ് അനുവദിക്കുന്നത് സർവകലാശാല ആക്ട്, സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയ്ക്കും, താൽക്കാലിക നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും (26.02.2016 തീയതിയിലെ ജി.ഒ.(പി) നമ്പർ 28/2016/ഫിൻ, തുടർന്നിറങ്ങിയ ജി.ഒ.(പി) നമ്പർ 11.02.2021 തീയതിയിലെ 29/2021/ഫിൻ) വിരുദ്ധമല്ലേയെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിലെ അധ്യാപക നിയമനങ്ങൾ

5377 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല ആരംഭിച്ചത് മുതൽ നാളിതുവരെ എത്ര സ്ഥിരം അധ്യാപക തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ടെന്ന് അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നിങ്ങനെ തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) മലയാളം സർവകലാശാല 22.07.2016 തീയതിയിൽ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലെ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനായി പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം നിയമനം നൽകിയ അധ്യാപരുടെ പേര്, തസ്തിക, പഠന വകുപ്പ്, സംവരണ വിഭാഗങ്ങൾക്കുള്ള ഒഴിവുകളിലാണ് നിയമിക്കപ്പെട്ടതെങ്കിൽ സംവരണ വിഭാഗം, പൊതുവിഭാഗത്തിലാണെങ്കിൽ ആയതിന്റെ വിവരം എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത നിയമനങ്ങൾക്ക് അവലംബിച്ച റൊട്ടേഷൻ ചാർട്ട്, വിവിധ തസ്തികകളുടെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്റർ എന്നിവയുടെ പകർപ്പുകൾ തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(സി) മലയാളം സർവകലാശാല 04.01.2021 തീയതിയിൽ പ്രസ്തുത തസ്തികകളിലെ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനായി പുറപ്പെടുവിച്ച നം.861/2020/ അഡ്മിൻ(1), നം.861/2020/അഡ്മിൻ(2), നം.861/2020/അഡ്മിൻ(3) എന്നീ വിജ്ഞാപനങ്ങൾ പ്രകാരം നിയമനം നൽകിയ അധ്യാപരുടെ പേര്, തസ്തിക, പഠന വകുപ്പ്, സംവരണ വിഭാഗങ്ങൾക്കുള്ള ഒഴിവുകളിലാണ് നിയമിക്കപ്പെട്ടതെങ്കിൽ സംവരണ വിഭാഗം, പൊതുവിഭാഗത്തിലാണെങ്കിൽ ആയതിന്റെ വിവരം എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത നിയമനങ്ങൾക്ക് അവലംബിച്ച റൊട്ടേഷൻ ചാർട്ട്, വിവിധ തസ്തികകളുടെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്റർ എന്നിവയുടെ പകർപ്പുകൾ തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത തസ്തികകളിലെ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനായി 2013, 2014, 2015 വർഷങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ പ്രകാരം നിയമനം നൽകിയ അധ്യാപരുടെ പേര്, തസ്തിക, പഠന വകുപ്പ്, സംവരണ വിഭാഗങ്ങൾക്കുള്ള ഒഴിവുകളിലാണ് നിയമിക്കപ്പെട്ടതെങ്കിൽ സംവരണ വിഭാഗം, പൊതുവിഭാഗത്തിലാണെങ്കിൽ ആയതിന്റെ വിവരം എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത നിയമനങ്ങൾക്ക് അവലംബിച്ച റൊട്ടേഷൻ ചാർട്ട്, വിവിധ തസ്തികകളുടെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്റർ എന്നിവയുടെ പകർപ്പുകൾ തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത സർവകലാശാലയിൽ വിവിധ പഠന വകുപ്പുകളിൽ നിലവിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ പേര്, തസ്തിക, പഠന വകുപ്പ്, അവർ നിയമിതരരായ സംവരണ വിഭാഗത്തിന്റെ വിശദാംശങ്ങൾ എന്നിവ തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

**തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിലെ അധ്യാപക / അനധ്യാപക ജീവനക്കാർ**

5378 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല ആരംഭിച്ചതു മുതൽ നാളിതുവരെ എത്ര സ്ഥിരം അനധ്യാപക തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നും, പ്രസ്തുത തസ്തികകളുടെ ഓരോന്നിന്റെയും അംഗീകൃത അംഗബലം എത്രയാണെന്നും തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) അനധ്യാപക തസ്തികകൾ നാളിതുവരെ അനുവദിക്കപ്പെട്ടിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; ആവശ്യമായ സ്ഥിരം അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ ഭാഗത്ത് നിന്നും നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സർവകലാശാലയിലെ വിവിധ ബ്രാഞ്ചുകളിലും പഠന വകുപ്പുകളിലുമായി അധ്യാപക അനധ്യാപക തസ്തികകളിൽ കരാർ/ദിവസ വേതനം/ഗസ്റ്റ് അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന താത്ക്കാലിക ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത താത്ക്കാലിക അധ്യാപക-അനധ്യാപക ജീവനക്കാർ മേൽ തസ്തികകളിൽ ആദ്യമായി ജോലിയിൽ പ്രവേശിച്ച തീയതി, സർവകലാശാലയിൽ നാളിതുവരെ ജോലിചെയ്ത കാലയളവ്,നിയമനം/കരാർ പുതുക്കി നൽകിയതിന്റെ വിവരങ്ങൾ, സർക്കാർ വകുപ്പുകൾ,സർവകലാശാലകൾ എന്നിവിടങ്ങളിൽ നിന്നും വിരമിച്ചവരാണെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) കരാർ/ദിവസ വേതനം/ഗസ്റ്റ് അടിസ്ഥാനത്തിൽ താത്ക്കാലിക ജീവനക്കാർ ജോലിചെയ്തു വരുന്ന ഏതെല്ലാം തസ്തികകൾ, സർക്കാർ അംഗീകൃതവും സർവകലാശാല സ്റ്റാറ്റ്യൂട്ട്/ഓർഡിനൻസ് എന്നിവയിൽ ഉൾപ്പെടുന്നവയും ആണെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം തസ്തികകൾ അങ്ങനെയല്ലാത്തവയും അംഗീകൃത തസ്തികകളുടെ അംഗബലത്തിൽ കവിഞ്ഞ് നിയമനം നല്കിയവയാണെന്നും വിശദമാക്കാമോ;

(എഫ്) സർവകലാശാലയുടെ ആക്ട്/സ്റ്റാറ്റ്യൂട്ട്/ഓർഡിനൻസ് എന്നിവയിൽ ഉൾപെടാത്തവയും,സർക്കാർ അംഗീകാരം ലഭിക്കാത്തതുമായ തസ്തികകളിൽ താത്കാലിക നിയമനം നടത്താൻ സർവകലാശാല സിണ്ടിക്കേറ്റിനോ/വൈസ് ചാൻസലർക്കാ അധികാരമുണ്ടോയെന്നു വ്യക്തമാക്കാമോ?

## ശ്രീ ശങ്കരാചാര്യ സർവ്വകലാശാല നിയമനം

5379 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല ആരംഭിച്ചത് മുതൽ നാളിതുവരെ എത്ര സ്ഥിരം അധ്യാപക തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകളുടെ വിശദാംശങ്ങൾ, അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സർവകലാശാലയിൽ ഇതുവരെ നടന്ന റഗുലർ അധ്യാപക നിയമനങ്ങളിൽ എസ്.സി, എസ്.റ്റി., ഒ.ബി.സി. മറ്റ് റിസർവേഷൻ വിഭാഗങ്ങൾ എന്നിവർക്കുള്ള ഒഴിവുകളിലേക്ക് മാത്രമായി എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സംവരണ ഒഴിവുകളിലേക്ക് നിയമിക്കപ്പെട്ടവരുടെ പേര്, തസ്തിക, പഠന വിഭാഗം, റിസർവേഷൻ വിഭാഗം എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) അധ്യാപക തസ്തികകളിൽ എൻ.സി.എ. ഒഴിവുകൾ നികത്താനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം റിസർവേഷൻ വിഭാഗങ്ങളിലാണ് ഒഴിവുകൾ ഉള്ളതെന്നും എത്ര ഒഴിവുകളുണ്ടെന്നും ഏതെല്ലാം പഠന വകുപ്പുകളിലും, തസ്തികകളിലുമാണ് ഒഴിവുകളുള്ളതെന്നും നാളിതുവരെ പുറപ്പെടുവിച്ച എൻ.സി.എ. വിജ്ഞാപനങ്ങൾ എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സർവകലാശാലയിലെ റഗുലർ അധ്യാപക നിയമനങ്ങളിൽ ഏതെങ്കിലും റിസർവേഷൻ വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിലൂടെയോ മറ്റ് എന്തെങ്കിലും കാരണങ്ങൾ കൊണ്ടോ അധ്യാപക തസ്തികകൾ മറ്റ് റിസർവേഷൻ വിഭാഗങ്ങൾക്കോ ഓപ്പൺ വിഭാഗത്തിലേക്കോ മാറ്റം വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇപ്രകാരം എത്ര അധ്യാപക തസ്തികകൾ മാറ്റം വരുത്തിയെന്നും, ഏതെല്ലാം തസ്തികകളാണ് മാറ്റം വരുത്തിയതെന്നും, അപ്രകാരം ആർക്കാണ് നിയമനം നൽകിയത്, അവർ ഏത് റിസർവേഷൻ വിഭാഗത്തിൽപ്പെടുന്നു എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പിന്നീട് വന്ന ഒഴിവുകളിലൂടെ മാറ്റം വരുത്തിയ ഒഴിവിലേക്ക് തിരിച്ച് നിയമനം നടത്തിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

## <u>സർവകലാശാലകളിലെ അദ്ധ്യാപക നിയമനം</u>

5380 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവകലാശാലകളിലെ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് സുപ്രീംകോടതി, ഹൈക്കോടതി എന്നിവിടങ്ങളിൽ എത്ര കേസുകൾ നിലവിൽ തീർപ്പാകാതെ അവശേഷിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; അവയുടെ കേസ് നമ്പർ, പെറ്റിഷനർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ സർവകലാശാല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) അദ്ധ്യാപക നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയോ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ കീഴിൽ പുതിയ യൂണിവേഴ്സിറ്റി റിക്രൂട്ട്മെന്റ് ബോർഡ് ആരംഭിച്ച് അത് വഴിയോ നടത്തുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; അതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>ബി.ബി.എ., ബി.സി.എ., എം.ബി.എ., എം.സി.എ. കോഴ്സുകൾക്കുള്ള സീറ്റുകൾ</u>

5381 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ബി.എ., ബി.സി.എ., എം.ബി.എ., എം.സി.എ. എന്നീ കോഴ്സുകൾക്ക് എ.ഐ.സി.റ്റി.ഇ. അംഗീകരിച്ചിട്ടുള്ളത്ര തന്നെ സീറ്റുകൾ അടിസ്ഥാന സൗകര്യമുള്ള കോളേജുകൾക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) 2023 അഡ്മിഷൻ വരെ എ.ഐ.സി.റ്റി.ഇ. അംഗീകരിക്കുന്ന സീറ്റുകൾ തന്നെ യൂണിവേഴ്സിറ്റി, അടിസ്ഥാന സൗകര്യങ്ങൾ പരിശോധിച്ച് കോളേജുകൾക്ക് നൽകിയിരുന്നത് നിർത്തലാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ?

## എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാല

5382 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുടെ കീഴിൽ എ.ഐ., കാർബൺ ന്യൂട്രാലിറ്റി, എഞ്ചിനീയറിംഗ് മെറ്റീരിയൽസ് എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

## കാലിക്കറ്റ് സർവകലാശാലയിലെ ബാർ കോഡ് അധിഷ്ഠിത പരീക്ഷ

5383 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ജനുവരി മുതൽ 2024 മെയ് വരെ ബാർ കോഡ് അധിഷ്ഠിത രീതിയിൽ കാലിക്കറ്റ് സർവകലാശാലയിൽ നടത്തിയ പരീക്ഷകളുടെ വിശദാംശങ്ങൾ ബിരുദ കോഴ്സുകൾ, ബിരുദാനന്തര ബിരുദ കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പരീക്ഷകൾക്കോരോന്നിനും പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും ഉത്തരക്കടലാസുകൾ മൂല്യനിർണയ ക്യാമ്പുകളിലേക്ക് എത്തിച്ചു നൽകിയതിന് തപാൽ വകുപ്പിന് നൽകിയ തുകയുടെ വിശദാംശങ്ങൾ (ഉത്തരക്കടലാസുകൾ ഇൻഷ്വർ ചെയ്യാൻ നൽകിയ തുക ഉൾപ്പെടെ ) ലഭ്യമാക്കാമോ;

(സി) ഓരോ പരീക്ഷയുടെയും മൂല്യനിർണയ ക്യാമ്പുകളിലേക്ക് താത്ക്കാലിക കാഷ്വൽ തൊഴിലാളികളെ നിയോഗിച്ചതിന്റെ വിശദാംശങ്ങളും പ്രസ്തുതയിനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ഡി) 2023 ജനുവരി മുതൽ നാളിതുവരെ നടത്തിയ ഓരോ ബാർ കോഡ് അധിഷ്ഠിത പരീക്ഷയുടെയും ഫലപ്രഖ്യാപനത്തിനു ശേഷം വിദ്യാർത്ഥികളിൽ നിന്നും ഉത്തരക്കടലാസുകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും പ്രസ്തുത അപേക്ഷകളിൽ എത്ര വിദ്യാർത്ഥികളുടെ ഉത്തരപേപ്പറുകൾ മാറിപ്പോയതായി വ്യക്തമായിട്ടുണ്ടെന്നും എത്ര ഉത്തരപേപ്പറുകളിൽ അപ്ലോഡ് ചെയ്ത മാർക്ക് വ്യത്യാസപ്പെട്ടിട്ടുണ്ടെന്നും വിശദമാക്കാമോ?

## മേരി കുരുവിളയ്ക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ നടപടി

5384 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നതു സംബന്ധിച്ച് കാലിക്കറ്റ് സർവകലാശാലയിലെ റിട്ടയേഡ് അധ്യാപിക മേരി കുരുവിള വകുപ്പിനും കാലിക്കറ്റ് സർവകലാശാലയ്ക്കും നൽകിയ അപേക്ഷയിൽ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) മേരി കുരുവിള ഉൾപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച് നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതിയുടെ റിപ്പോർട്ട് വകുപ്പിൽ ലഭിച്ചിട്ടുണ്ടോ;

(ഡി) മേരി കുരുവിളയുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ആയതു വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

## <u>സർവകലാശാലയിലെ കമ്പ്യൂട്ടർ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാങ്ങൽ</u>

5385 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 01.04.2020 മുതൽ 31.05.2024 വരെയുള്ള കാലയളവിൽ കാലിക്കറ്റ് സർവകലാശാലയിലേക്ക് പുതുതായി വാങ്ങിയ കമ്പ്യൂട്ടറുകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയുടെ ഇനം, ആകെ എണ്ണം, സ്പെസിഫിക്കേഷൻ, ബ്രാൻഡ്, മോഡൽ, സപ്ലെയർ, വില തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുതയിനത്തിൽ ചെലവഴിച്ച തുക, സർവകലാശാല തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക, ഓരോ വിതരണക്കാരനും അനുവദിച്ച തുക തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഇലക്ട്രോണിക് ഉപകരണങ്ങൾ, കംപ്യൂട്ടറുകൾ എന്നിവയിൽ നാളിതുവരെ എത്ര എണ്ണം പ്രവർത്തന തകരാറുകൾ മൂലം ഉപയോഗശൂന്യമായിട്ടുണ്ടെന്നും, എത്ര എണ്ണം വിതരണക്കാർ തിരികെയെടുത്ത് പകരം പുതിയവ അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത ഇലക്ട്രോണിക് ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങുന്നതിനാവശ്യമായ സ്പെസിഫിക്കേഷൻ നൽകിയ ഉദ്യോഗസ്ഥരുടെ പേര്, ഔദ്യോഗിക പദവി എന്നിവ ലഭ്യമാക്കാമോ;

(ഇ) മേൽ കാലയളവിൽ സർവകലാശാല വൈസ് ചാൻസലർ, പ്രോ വൈസ് ചാൻസലർ,രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പർച്ചേസ് വിഭാഗം ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ, സർവകലാശാല എഞ്ചിനീയർ, ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ എന്നീ തസ്തികകളിൽ ചുമതല വഹിച്ച ഉദ്യോഗസ്ഥരുടെ വിശദാംശങ്ങളും, സർവകലാശാല സിൻഡിക്കേറ്റിന്റെ ഫിനാൻസ്, പ്ലാനിംഗ് ആൻഡ് വർക്സ് എന്നീ സ്റ്റാൻഡിംഗ് കമ്മിറ്റികളിലും, സർവകലാശാല പ്ലാനിംഗ് ബോർഡ്, സെൻട്രൽ പർച്ചേസ് കമ്മിറ്റി എന്നിവയിലും അംഗങ്ങളായിരുന്നവരുടെ പേര്, ഔദ്യോഗിക പദവി എന്നിവയും ലഭ്യമാക്കാമോ?

## <u>കാലിക്കറ്റ് സർവ്വകലാശാലയിലെ ഹെൽത്ത് സെന്റർ</u>

5386 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിലെ ഹെൽത്ത് സെന്ററിലെ ചികിത്സയ്ക്കും മറ്റ് സേവനങ്ങൾക്കും പരിസരവാസികളിൽ നിന്നും ഫീസ് ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർവ്വകലാശാലയ്ക്ക് സ്ഥലം നൽകിയവരായ നാട്ടുകാർക്ക് ചികിത്സ സൗജന്യമാക്കുന്നത് സാമൂഹിക പ്രതിബദ്ധത നിറഞ്ഞ പ്രവർത്തനമെന്ന നിലയിൽ ഫീസ് ഈടാക്കാൻ ആരംഭിച്ച നടപടി അവസാനിപ്പിക്കുമോ; വ്യക്തമാക്കുമോ?

## എൻട്രൻസ് പരീക്ഷ

5387 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 മുതൽ 2023 വരെയുള്ള കാലയളവിൽ സ്റ്റേറ്റ് സിലബസിലും സി.ബി.എസ്.ഇ. സിലബസിലും പത്താം ക്ലാസ് പരീക്ഷ പാസായ കുട്ടികളിൽ എത്ര പേർക്ക് ഗവൺമെന്റ് മെഡിക്കൽ കോളേജ്, എയ്ഡഡ് മെഡിക്കൽ കോളേജ്, ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജ്, എയ്ഡഡ് എഞ്ചിനീയറിങ് കോളേജ്, ഗവൺമെന്റ് കാർഷിക കോളേജ് എന്നിവിടങ്ങളിൽ പ്രവേശനം ലഭിച്ചുവെന്നതു സംബന്ധിച്ച വിവരം പട്ടിക തിരിച്ച് ലഭ്യമാക്കുമോ?

## സത്രം എൻ.സി.സി. എയർ സ്ട്രിപ്പ്

5388 **ശ്രീ. വാഴൂർ സോമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സത്രം എൻ.സി.സി. എയർ സ്ട്രിപ്പിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്; ഇതിനായി എത്ര രൂപയാണ് നാളിതുവരെ ചെലവായിട്ടുള്ളത്; വിശദമാക്കാമോ;

(ബി) കനത്ത മഴയെ തുടർന്ന് തകർന്നുപോയ എയർ സ്ട്രിപ്പിന്റെ ഒരു ഭാഗം പുനർനിർമ്മിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വനം വകുപ്പുമായി തർക്കത്തിലുള്ള ഭൂമിയുടെ സെറ്റിൽമെന്റ് നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ അധ്യയന വർഷം എൻ.സി.സി. കേഡറ്റുകൾക്ക് ഫ്ലൈയിംഗ് പരിശീലനം നടത്തുവാൻ സാധിക്കുമോയെന്ന് അറിയിക്കാമോ;

(ഇ) 24.05.2024 തീയതിയിൽ 1487/പി3-പബ്/എൻ.സി.സി./2022 നമ്പർ കത്ത് പ്രകാരം എൻ.സി.സി. അഡീഷണൽ ഡയറക്ടർ ജനറൽ ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയ റിപ്പോർട്ടിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## വിഴിഞ്ഞം കമ്മ്യൂണിറ്റി സ്കിൽ പാർക്ക്

5389 **ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ അനുബന്ധ തൊഴിൽ നൈപുണ്യം വളർത്തുന്നതിന് അസാപിന്റെ (എ.എസ്.എ.പി.) ആഭിമുഖ്യത്തിൽ വിഴിഞ്ഞത്ത് ആരംഭിച്ച കമ്മ്യൂണിറ്റി സ്കിൽ

പാർക്കിൽ ഏതെല്ലാം പുതിയ കോഴ്സുകളാണ് ആരംഭിക്കുന്നതെന്നും എന്തെല്ലാം തൊഴിൽ സാധ്യതകളാണ് പ്രസ്തുത കോഴ്സുകൾക്കുള്ളതെന്നും വിശദമാക്കാമോ;

(ബി) അസാപിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ നിലവിലുള്ളതെന്നും ഏതെല്ലാം കോഴ്സുകളാണ് ഇവിടെ നടത്തുന്നതെന്നും ഇതിലേക്കുള്ള അഡ്മിഷൻ എപ്പോഴാണ് അരംഭിക്കുന്നതെന്നും വിശദമാക്കാമോ?

## എൽഡർ ലൈൻ പ്രവർത്തനം

5390 **ശ്രീ. എം. എം. മണി**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനും പരാതി പരിഹാരത്തിനുമായി എൽഡർ ലൈൻ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും എന്തൊക്കെ സേവനങ്ങളാണ് ഇതിലൂടെ ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഇതിലൂടെ മാനസിക സംഘർഷം നേരിടുന്ന വയോജനങ്ങൾക്ക് മാനസിക പിന്തുണ നൽകുന്നതിനും അഗതികളായ വയോജനങ്ങൾക്ക് പുനരധിവാസം ഉറപ്പുവരുത്തുന്നതിനും സംവിധാനമൊരുക്കുന്നുണ്ടോ; വിശദീകരിക്കുമോ?

## സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വൃദ്ധസദനങ്ങൾ

5391 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര വൃദ്ധസദനങ്ങളും കെയർ സെന്ററുകളും ഉണ്ടെന്നും അവ എവിടെയെല്ലാം പ്രവർത്തിച്ചുവരുന്നുവെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഒരുക്കിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്നും എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുവെന്നും വ്യക്തമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

5392 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയ്ക്ക് അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്നും അവയ്ക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടോയെന്നും വ്യക്തമാക്കുമോ?

<u>**തടവുകാരുടെ തൊഴിൽ പരിശീലനം**</u>

5393 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻതടവുകാർ, പ്രൊബേഷണർമാർ, തടവുകാരുടെ ആശ്രിതർ, അതിക്രമത്തിന് ഇരയാകുന്നവർ, യുവ കുറ്റാരോപിതർ എന്നിവർക്ക് അവരുടെ അഭിരുചിക്കനുസരിച്ച് പരിശീലനം നൽകി തൊഴിൽ ഉറപ്പാക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിന് ആർക്കൊക്കെ അപേക്ഷിക്കാമെന്നും ആവശ്യമായ രേഖകൾ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രാവർത്തികമാകുന്നതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കുമോ?

<u>**വയോജനങ്ങൾക്കായുള്ള ക്ഷേമ പദ്ധതികൾ**</u>

5394 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയോജനങ്ങൾക്കായി എന്തെല്ലാം ക്ഷേമ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്നും പുതിയ എന്തെല്ലാം പദ്ധതികളാണ് വയോജന ക്ഷേമത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദാംശം അറിയിക്കാമോ;

(ബി) ഓരോ പദ്ധതിക്കുമായി വകയിരുത്തിയ ബഡ്ജറ്റ് വിഹിതം, കേന്ദ്ര വിഹിതം എന്നിവ എത്ര വീതമാണെന്നും 2023-24-ൽ ഓരോ പദ്ധതിക്കുമായി ചെലവഴിച്ച തുക എത്രയാണെന്നുമുള്ള വിശദാംശം വെളിപ്പെടുത്താമോ;

(സി) വയോ മിത്രം പദ്ധതി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

<u>**ആയമാരുടെ ജോലിഭാരം പുനക്രമീകരിക്കുവാൻ നടപടി**</u>

5395 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന ആയമാരുടെ ജോലിഭാരം കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; നിലവിൽ പ്രസ്തുത ജീവനക്കാരുടെ ജോലിസമയം എപ്രകാരമാണ് ക്രമീകരിച്ചിട്ടുള്ളത്; ആഴ്ചയിൽ എത്ര മണിക്കൂറാണ് പ്രസ്തുത ജീവനക്കാർ ജോലി ചെയ്യേണ്ടി വരുന്നത്; വ്യക്തമാക്കാമോ;

(ബി) ആരോഗ്യവകുപ്പിലേതിന് സമാനമായ ഷിഫ്റ്റ് സമ്പ്രദായം പ്രസ്തുത ജീവനക്കാരുടെ ജോലിക്കായി അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സാമൂഹ്യനീതി വകുപ്പിലെ ആയമാരുടെ ജോലിസമയം പുനക്രമീകരിക്കണമെന്ന രീതിയിൽ എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ഭിന്നശേഷിക്കാരുടെ നിയമനം

5396 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.പി.ഡബ്ല്യു.ഡി ആക്ട് 2016 (റൈറ്റസ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് 2016) അനുസരിച്ച് ഭിന്നശേഷിക്കാർക്ക് നിയമനം നൽകുന്നതിനുള്ള തസ്തികകൾ കണ്ടെത്തുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇതിനായി ഏതെങ്കിലും വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം എപ്രകാരമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ആക്ട് പ്രകാരം എത്ര തസ്തികകൾ ഭിന്നശേഷിക്കാർക്കായി നിശ്ചയിച്ച് നൽകിയിട്ടുണ്ടെന്നും അവ ഏതൊക്കെ വകുപ്പിലെ ഏതൊക്കെ തസ്തികകളാണെന്നും വിശദമാക്കാമോ;

(ഡി) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന ടെക്നിക്കൽ സ്കൂളുകൾ, പോളിടെക്നിക്കുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, ആർട്സ് ആൻഡ് സയൻസ് കോളേജുകൾ എന്നിവിടങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് മുഖേന നിയമിക്കുന്ന പാർട്ട്ടൈം സ്വീപ്പർ തസ്തികകളിൽ ഇന്റലക്ച്വൽ ഡിസെബിലിറ്റി വിഭാഗത്തിലുള്ളവരെ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഇല്ലെങ്കിൽ ഇവർക്ക് കൂടി മുൻഗണന കൊടുത്തുകൊണ്ട് പ്രസ്തുത നിയമനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഭിന്നശേഷിക്കാരുടെ ചികിത്സയ്ക്ക് ഇൻഷുറൻസ് പദ്ധതി

5397 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ട്രസ്റ്റ് ആക്ട് അനുസരിച്ച് ഭിന്നശേഷിക്കാരുടെ ചികിത്സയ്ക്കായി ഇൻഷുറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര രൂപ വരെ ചികിത്സാ ധനസഹായം ലഭിക്കും; പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണ്; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ചേരുന്നതിനുള്ള പ്രീമിയം തുകയും പുതുക്കൽ തുകയും ഗുണഭോക്താക്കൾ അടയ്ക്കേണ്ടതുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് പദ്ധതിയുടെ സഹായം ലഭ്യമായിട്ടുണ്ട്; വിശദമാക്കാമോ?

**ഭിന്നശേഷി സൗഹൃദ നടപടികൾ**

5398 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിത്വം ഉള്ള കുട്ടികളും പൊതുവിദ്യാലയങ്ങളിൽ തന്നെ പഠിക്കുന്ന സാഹചര്യത്തിൽ സഹപാഠികളിൽ നിന്നും മറ്റും ഉണ്ടാകുന്ന അവഹേളനങ്ങൾ ഒഴിവാക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കുമോ; വിശദമാക്കാമോ;

(ബി) ആശുപത്രികളിൽ വരുന്ന മാനസിക, ശാരീരിക വെല്ലുവിളികളുള്ള ഭിന്നശേഷിക്കാരായ രോഗികൾക്ക് ക്യൂ ഒഴിവാക്കി മുൻഗണന നൽകുന്നതിന് ആരോഗ്യ വകുപ്പിന് നിർദ്ദേശം നൽകുന്നതിന് നടപടികൾ സ്വീകരിയ്ക്കുമോ; വിശദമാക്കാമോ;

(സി) പാലിയേറ്റീവ് കിടപ്പുരോഗികൾക്ക് നിലവിൽ മരുന്നുകൾ സൗജന്യമായി നൽകുന്നത് പോലെ ഫിറ്റ്സ്, മാനസികരോഗം എന്നിവയ്ക്ക് ഉൾപ്പെടെ സ്ഥിരമായി മരുന്ന് കഴിയ്ക്കേണ്ട ഭിന്നശേഷിക്കാരായവർക്ക് പി.എച്ച്.സി.യിൽ നിന്ന് ലഭിക്കാത്ത ഇത്തരം മരുന്നുകൾ സൗജന്യമായി നൽകുന്നതിന് വകുപ്പ് നടപടികൾ സ്വീകരിയ്ക്കുമോ; വിശദമാക്കാമോ;

(ഡി) ഇവർക്ക് നല്കി വന്നിരുന്ന സാമൂഹ്യ സുരക്ഷാ മിഷന്റെ ആശ്വാസകിരണം പെൻഷൻ തുക നിലവിൽ മുടക്കം വന്നിട്ടുണ്ടോ; പുനലൂർ മണ്ഡലത്തിൽ പുനലൂർ താലൂക്കിൽ ഉൾപ്പെടുന്ന ഭിന്നശേഷിക്കാർക്ക് എന്ന് മുതലുള്ള കുടിശ്ശിക നൽകാനുണ്ട്; കുടിശ്ശിക എപ്പോഴേയ്ക്കും നൽകാനാകും; വിശദമാക്കാമോ?

**യു.ഡി.ഐ.ഡി തന്മുദ്ര സർവ്വേ**

5399 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്കായുള്ള രണ്ടാം ഘട്ട രജിസ്ട്രേഷൻ മുൻനിർത്തിയുള്ള യു.ഡി.ഐ.ഡി തന്മുദ്ര സർവ്വേ പാലക്കാട് ജില്ലയിൽ പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കാമോ?

**അംഗപരിമിതർക്കുള്ള സംവരണം**

5400 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി വിഭാഗങ്ങൾക്ക് ജോലിയിൽ സംവരണം നൽകുന്നത് ഏതെല്ലാം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്താമോ; വ്യത്യസ്ത തരത്തിലുള്ള അംഗപരിമിതികൾക്ക് നൽകുന്ന സംവരണത്തിന്റെ ശതമാനം എപ്രകാരമാണെന്ന് അറിയിക്കാമോ;

(ബി) അംഗവൈകല്യം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എപ്രകാരമാണെന്ന് വ്യക്തമാക്കാമോ; ഒരു കണ്ണിന് പൂർണമായും കാഴ്ചയില്ലാത്തവരുടെ അംഗപരിമിതിയുടെ ശതമാനം വളരെ കുറവായി നിശ്ചയിച്ചിട്ടുള്ളതിനാൽ അവർക്ക് ഒരു തസ്തികയിലും സംവരണം ലഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒരു കണ്ണിന് കാഴ്ചയില്ലാത്തവർക്ക് ജോലിയിൽ സംവരണം ഉറപ്പാക്കുന്നതിനായി മാനദണ്ഡങ്ങളിൽ ഇളവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**മണലൂർ മണ്ഡലത്തിൽ വീൽ ചെയർ വിതരണം**

5401 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ സാമൂഹ്യ നീതി വകുപ്പ് മുഖേന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കായി എത്ര വീൽ ചെയറുകൾ നൽകിയെന്ന് അറിയിക്കാമോ;

(ബി) ഈ മണ്ഡലത്തിൽ പ്രസ്തുത കാലയളവിൽ വകുപ്പ് മുഖേന ഭിന്നശേഷിക്കാർക്കായി നൽകിയ മറ്റ് സഹായങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**ഭിന്നശേഷിക്കാരുടെ ക്ഷേമം**

5402 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരുടെ ക്ഷേമം മുൻനിർത്തി രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനം എല്ലാ ജില്ലകളിലും കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഭിന്നശേഷിക്കാർക്ക് ആവശ്യമായ ഉപകരണങ്ങൾ സമയബന്ധിതമായി ലഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

**ഭിന്നശേഷി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി**

5403 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ താലൂക്ക്, ജില്ല, ജനറൽ ആശുപത്രികളിലും ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തിക ഇല്ലാത്തത് കാരണം ഭിന്നശേഷിയുള്ള ആളുകളെ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകേണ്ട ആറോളം മെഡിക്കൽ ബോർഡുകളിൽ (ഓട്ടിസം, ഇന്റലക്ച്വൽ ഡിസബിലിറ്റി, ലേണിംഗ് ഡിസബിലിറ്റി, മെന്റൽ ഇൽനെസ്, ക്രോണിക് ന്യൂറോളജിക്കൽ കണ്ടീഷൻസ്, മൾട്ടിപ്പിൾ ഡിസബിലിറ്റി) നിന്നും സർട്ടിഫിക്കറ്റ് നൽകുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുന്നതിനാൽ ഭിന്നശേഷിക്കാർ ദുരിതമനുഭവിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇക്കാരണത്താൽ മെന്റൽ ഹെൽത്ത് കെയർ ആക്ട് 2017, ബാലാവകാശ കമ്മീഷൻ റിപ്പോർട്ട് (നം.8391/05/എൽഎ1/2019), ആർ.പി.ഡബ്ല്യു.ഡി. ആക്ട് 2016 എന്നിവ അനുസരിച്ച് ഭിന്നശേഷിക്കാർക്കുള്ള അവകാശങ്ങൾ സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭിന്നശേഷിക്കാർ അനുഭവിക്കുന്ന പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എല്ലാ താലൂക്ക്, ജില്ല, ജനറൽ ആശുപത്രികളിലും ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളെ നിയമിക്കുന്നതിന് ആരോഗ്യവകുപ്പിന് ശിപാർശ നൽകാൻ നടപടി സ്വീകരിക്കാമോ?

## <u>കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേനയുള്ള ധനസഹായം</u>

5404 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന ഏതൊക്കെ രോഗങ്ങളുടെ ചികിത്സക്കും ശസ്ത്രക്രിയകൾക്കുമാണ് നിലവിൽ ധനസഹായം നൽകി വരുന്നത്; പ്രസ്തുത ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണ്; ഇതിനായി പ്രത്യേക അപേക്ഷാഫാറം നൽകേണ്ടതുണ്ടോ; എന്തൊക്കെ രേഖകളാണ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടത്; വ്യക്തമാക്കുമോ;

(ബി) നിലവിൽ ഇവിടെ അപേക്ഷിച്ചിട്ടുള്ളവർക്ക് സഹായധനം ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## <u>വയോജനങ്ങളോടുള്ള അതിക്രമങ്ങൾ തടയുന്നതിന് നടപടി</u>

5405 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും ഇതിനെതിരെ ബോധവൽക്കരണം നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) വയോജനങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

## <u>മുതിർന്ന പൗരൻമാരുടെ സംരക്ഷണവും ക്ഷേമവും ഉറപ്പാക്കുന്ന നിയമം</u>

5406 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരൻമാരുടെ സംരക്ഷണവും ക്ഷേമവും ഉറപ്പാക്കുന്ന നിയമം ഫലപ്രദമായി നടപ്പാക്കിയതിന് കേന്ദ്രസർക്കാരിന്റെ പുരസ്കാരം കേരളത്തിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിനടിസ്ഥാനമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;

(സി) വയോജന പരിപാലന രംഗത്ത് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വിശദാംശം വ്യക്തമാക്കുമോ?

**<u>കൂത്തുപറമ്പ് ജെൻഡർ കോംപ്ലക്സ് നിർമ്മാണം</u>**

5407 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ജെൻഡർ കോംപ്ലക്സ് നിർമ്മാണത്തിനായി 2022-23-ലെ ബഡ്ജറ്റിൽ 4 കോടി രൂപ അടങ്കൽ തുകയിൽ 8 ലക്ഷം രൂപ വകയിരുത്തിയെങ്കിലും പ്രസ്തുത നിർമ്മാണം അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി ഭരണാനുമതി നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

**<u>അശരണരായ മുതിർന്ന പൗരന്മാരുടെ സംരക്ഷണ കേന്ദ്രങ്ങൾ</u>**

5408 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അശരണരായ മുതിർന്ന പൗരന്മാരെ സംരക്ഷിക്കുന്നതിന് തൃശ്ശൂർ ജില്ലയിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**<u>ഓർഫനേജ് ഗ്രാന്റ് ഇൻ എയ്ഡ്</u>**

5409 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ധർമ്മഗിരി വികാസ് സൊസൈറ്റി ചൈൽഡ് കെയർ ഇൻസ്റ്റിറ്റ്യൂഷന് 2023-24 വർഷത്തെ ഓർഫനേജ് ഗ്രാന്റ്- ഇൻ-എയ്ഡ് ആയി അനുവദിച്ച 3,64,471 രൂപ ഇതുവരെ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഗ്രാന്റ്- ഇൻ-എയ്ഡ് അടിയന്തരമായി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തൊഴിൽ മേഖലകളിൽ പ്രാതിനിധ്യം</u>**

5410 **ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീമതി ദെലീമ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിവിധ തൊഴിൽ മേഖലകളിൽ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) എങ്കിൽ വിവിധ മത്സരപരീക്ഷയ്ക്കുള്ള പരിശീലനം ലഭ്യമാക്കുന്നതിന് പ്രസ്തുത പദ്ധതിയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി സാമ്പത്തിക സഹായം നൽകുന്നുണ്ടോ എന്നും പദ്ധതിയുടെ മാനദണ്ഡം എന്താണെന്നും വിശദമാക്കുമോ?

**<u>ഹോം നേഴ്സുമാരെ നിയോഗിക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് നിയന്ത്രണം</u>**

5411 **ഡോ. എം. കെ. മുനീർ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർദ്ധക്യത്തിൽ വിവിധ രോഗങ്ങൾ ബാധിച്ച് പ്രയാസമനുഭവിക്കുന്നവരെ സഹായിക്കാൻ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഹോം നേഴ്സുമാരെ റിക്രൂട്ട് ചെയ്യുകയും വീടുകളിലേക്ക് നിയോഗിക്കുകയും ചെയ്യുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും ഈ രംഗത്ത് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും സമഗ്രമായ നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ?

**<u>നിഷിന്റെ പ്രവർത്തനം</u>**

5412 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആക്കുളത്ത് പ്രവർത്തിക്കുന്ന നിഷ് സർക്കാരിന്റെ ഏത് കാറ്റഗറിയിൽ ഉൾപ്പെടുന്ന സ്ഥാപനമാണെന്ന് വ്യക്തമാക്കാമോ; അതിന്റെ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടത്തിവരുന്ന പദ്ധതി പ്രവർത്തനങ്ങൾ, പുസ്തകങ്ങൾ, ഫർണിച്ചർ, പർച്ചേസുകൾ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രസ്തുത സ്ഥാപനം സർക്കാരിന്റെ ഭരണാനുമതി തേടാറുണ്ടോ; വിശദമാക്കാമോ;

(സി) നിഷിൽ സർക്കാർ അംഗീകരിച്ച തസ്തികകളിൽ ജോലിചെയ്യുന്ന സ്കെയിൽ ഓഫ് പേ അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് പുറമേ വിവിധ തസ്തികകളായി താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിയമനങ്ങൾ സർക്കാർ ഉത്തരവിന് വിധേയമായിട്ടാണോ നടത്തുന്നതെന്ന് വിശദമാക്കാമോ; ഇത്തരം താല്ക്കാലിക നിയമനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) നിഷിൽ സർക്കാർ അംഗീകരിച്ച തസ്തികകളിൽ ജോലിചെയ്യുന്ന സ്കെയിൽ ഓഫ് പേ അനുവദിക്കപ്പെട്ട ജീവനക്കാർക്ക് പുറമേ അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, ലക്ചറർ എന്നീ തസ്തികകളിൽ താല്ക്കാലിക വ്യവസ്ഥയിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ ശമ്പളം, പ്രമോഷൻ, മറ്റ് സർവീസ് അനുബന്ധകാര്യങ്ങൾ എന്നിവ അംഗീകരിക്കുന്നതിന് പ്രസ്തുത സ്ഥാപനം അനുമതി തേടിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) നിഷിൽ നടന്നുവരുന്ന ഹിയറിംഗ് എയിഡ് ഉപകരണങ്ങളുടെ വ്യാപാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനത്തിന് ഹിയറിങ് എയിഡ് വ്യാപാരം നിയമാനുസൃതമായും സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ചുകൊണ്ടും നടത്തുന്നതിന് അനുവാദം നൽകികൊണ്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(എഫ്) നിഷിലെ ഭരണകാര്യം, ജീവനക്കാര്യം, പദ്ധതി പ്രവർത്തനങ്ങൾ, പർച്ചേസുകൾ, തുടങ്ങിവയ്ക്ക് ഭരണാനുമതി നൽകുന്നതിനും സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നും മേൽ പ്രവർത്തനങ്ങൾക്ക് തുക ചെലവഴിക്കുന്നതിനും പരമാധികാരി ആയി പ്രവർത്തിക്കുന്നത് നിഷ് പ്രോജക്ട് ബോർഡ്, ഗവേണിംഗ് കൗൺസിൽ എന്നിവയിൽ ഏതെങ്കിലുമാണോ; പ്രസ്തുത പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാരിന്റെ അനുമതി ബാധകമല്ല എന്ന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ബസുകളുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ</u>

5413 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ബസുകളുമായി ബന്ധപ്പെട്ട് ഗതാഗത വകുപ്പ് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എല്ലാ ബസുകളിലും പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ടോ; വിശദമാക്കാമോ?

## <u>റോഡപകടങ്ങൾ കുറയ്ക്കാനുള്ള സുരക്ഷാ മുന്നറിയിപ്പ്</u>

5414 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളിൽ സ്ഥിരമായി അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങളെ സംബന്ധിച്ച് വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) പതിവായി റോഡപകടങ്ങൾ സംഭവിക്കുന്ന പ്രദേശങ്ങളിൽ സുരക്ഷാ മുന്നറിയിപ്പുകൾ സ്ഥാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഇടങ്ങളിൽ അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>സേഫ് കേരള പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച എ.ഐ ക്യാമറകൾ</u>**

5415 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച എ.ഐ. ക്യാമറകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ക്യാമറകളുടെ അറ്റകുറ്റപണി ആരുടെ ചുമതലയാണ്;

(സി) അറ്റകുറ്റപ്പണി നടത്താൻ ചുമതലപ്പെടുത്തിയ സ്ഥാപനങ്ങൾ ആയത് കാര്യക്ഷമമായി നിർവഹിക്കുന്നുണ്ടോയെന്ന് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

**<u>റോഡുകളിൽ കാൽനട യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി</u>**

5416 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ കാൽനട യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; പ്രസ്തുത പദ്ധതികളുടെ കാര്യക്ഷമത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ കാര്യക്ഷമത വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>കുന്നത്തുനാട് മണ്ഡലത്തിലെ റോഡ് സേഫ്റ്റി പ്രവൃത്തികൾ</u>**

5417 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക അനുവദിച്ചുവെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

**<u>കാൽനട യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി</u>**

5418 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**

**ശ്രീ. ടി. ജെ. വിനോദ്**

**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ കാൽനട യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) റോഡുകളിൽ കാൽനടയാത്രക്കാർ വാഹനമിടിച്ച് മരിക്കുന്ന സംഭവങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**<u>റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾ</u>**

5419 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷം പ്രസ്തുത ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ വ്യക്തമാക്കാമോ?

**<u>ലൈൻ ട്രാഫിക് ലംഘനം</u>**

5420 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈൻ ട്രാഫിക് ലംഘനവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

**<u>ബസ് അപകടങ്ങളുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ നടപടി</u>**

5421 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരി മുതൽ എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ അപകടത്തിൽ പെട്ടിട്ടുണ്ട്; പ്രസ്തുത അപകടങ്ങളിൽ എത്ര പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്; എത്ര പേർക്ക് പരുക്ക് പറ്റിയിട്ടുണ്ട്; വ്യക്തമാക്കുമോ?;

(ബി) പ്രസ്തുത അപകടങ്ങളുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**<u>പാലക്കാട് ജില്ലയിൽ റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ</u>**

5422 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2024 വരെയുള്ള കാലയളവിൽ റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ച് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന്

വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക മണ്ഡലം തിരിച്ച് അറിയിക്കാമോ;

(സി) ഇവയിൽ പൂർത്തിയാക്കാനുള്ളവ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

## കെ.എസ്.ആർ.ടി.സി-സ്വിഫ്റ്റിനുവേണ്ടി വാങ്ങിയ ബസുകൾ

5423 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്വിഫ്റ്റിന് വേണ്ടി നാളിതുവരെ എത്ര ബസ്സുകൾ വാങ്ങിയിട്ടുണ്ട്; ഏതൊക്കെ കമ്പനികളുടെ എത്രയെണ്ണം വീതം ബസ്സുകളാണ് വാങ്ങിയിട്ടുള്ളത്; ബസ് വാങ്ങിയ ഇനത്തിൽ കമ്പനികൾക്ക് ഇനിയും തുക നൽകാനുണ്ടോ; എങ്കിൽ എത്ര തുക വീതമാണ് നൽകാൻ ഉള്ളത്; വിശദാംശം നൽകാമോ?

## കെ.എസ്.ആർ.ടി.സി.യിൽ സീസൺ ടിക്കറ്റും ട്രാവൽ കാർഡും

5424 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കിയ സീസൺ ടിക്കറ്റ്, ട്രാവൽ കാർഡ് എന്നിവ പരാജയമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സീസൺ ടിക്കറ്റ്, ട്രാവൽ കാർഡ് എന്നീ സംവിധാനങ്ങൾ പരാജയപ്പെടുവാനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) യാത്രക്കാർക്ക് കൂടി ഉപയോഗപ്രദമായ രീതിയിൽ പുതിയ എന്തെല്ലാം പദ്ധതികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കെ.എസ്.ആർ.ടി.സി.യുടെ ഇലക്ട്രിക്ക് ബസുകൾ

5425 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ എത്ര ഇലക്ട്രിക്ക് ബസുകൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ടെന്നും ഏതെല്ലാം റൂട്ടുകളിലാണ് സർവ്വീസ് നടത്തുന്നതെന്നും അറിയിക്കാമോ;

(ബി) ഇലക്ട്രിക് ബസുകൾ കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സി.എൻ.ജി. ബസുകൾ നിരത്തിലിറക്കുന്നതിന് തുക അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി.യ്ക്ക് എത്ര ലോ ഫ്ലോർ എ.സി. ബസുകളുണ്ടെന്നും ഇവയിൽ ഗതാഗത യോഗ്യമായ എത്ര ബസുകളുണ്ടെന്നും വ്യക്തമാക്കുമോ?

## കെ.എസ്.ആർ.ടി.സി. യുടെ ഡ്രൈവിംഗ് സ്കൂളുകൾ

5426 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഡ്രൈവിംഗ് പരിശീലനത്തിന്റെ ഭാഗമായി എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കുന്നത്; തിയറി ക്ലാസ്സുകൾ ലഭ്യമാക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കൂളുകളിൽ ഫീസ് നിശ്ചയിച്ചിട്ടുണ്ടോ; ഇത് സ്വകാര്യ സ്ഥാപനങ്ങളിൽ ഉള്ളതിനേക്കാൾ കുറവാണോ; വിശദാംശം വ്യക്തമാക്കുമോ?

## കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിന് പദ്ധതി

5427 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഡ്രൈവിംഗ് സ്കൂളുകളിൽ നിശ്ചയിച്ചിട്ടുള്ള ഫീസിന്റെ ഘടന, ഡ്രൈവിംഗ് പരിശീലന പദ്ധതികൾ എന്നിവ എപ്രകാരമാണെന്ന് വിശദമാക്കാമോ;

(സി) ഗുരുവായൂർ മണ്ഡലത്തിൽ ഗുരുവായൂർ ഡിപ്പോയുടെ മേൽനോട്ടത്തിൽ ഡ്രൈവിംഗ് സ്കൂൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അറ്റകുറ്റപ്പണികൾ

5428 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നിലവിലുള്ള സംവിധാനം അപര്യാപ്തമാണോയെന്ന് വ്യക്തമാക്കുമോ;

(ബി) മറ്റ് സംസ്ഥാനങ്ങളിലെ ട്രാൻസ്പോർട്ട് കോർപ്പറേഷനുകളുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും കൂടുതൽ ബസ്സുകൾ കട്ടപ്പുറത്തിരിക്കുന്നത് കേരളത്തിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി കൂടുതൽ സർവീസുകൾ നടത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## കെ.എസ്.ആർ.ടി.സി. യിൽ ഡ്യൂട്ടി പാറ്റേണിലെ അശാസ്ത്രീയത

5429 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**

**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ഡ്യൂട്ടി പാറ്റേണിലെ അശാസ്ത്രീയതയും മിനിസ്റ്റീരിയൽ ജീവനക്കാരുടെ ഡ്യൂട്ടി പരിഷ്കരണത്തിലെ അപാകതകളും പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

## കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്തുന്നതിനുള്ള പദ്ധതികൾ

5430 **ഡോ. എം. കെ. മുനീർ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്തുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) നഷ്ടത്തിലോടുന്ന സർവീസുകൾ അവസാനിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പൊതുഗതാഗത സർവീസിനെ ആശ്രയിക്കുന്നവരെ അത് എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ചെലവ് കുറയ്ക്കാനും വരുമാന ചോർച്ചയുണ്ടാകാതിരിക്കാനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## കെ.എസ്.ആർ.ടി.സി. ടിക്കറ്റ് മെഷീൻ

5431 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതിയ ടിക്കറ്റ് മെഷീനുകൾ വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒരു മെഷീന്റെ വില എത്രയാണ് ; എത്ര മെഷീനുകൾ വാങ്ങാനാണ് ഉദ്ദേശിക്കുന്നത്; ഏത് കമ്പനിയിൽ നിന്നാണ് മെഷീനുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പണം നൽകി മെഷീനുകൾ വാങ്ങുന്നതിന് പകരം ഓരോ ടിക്കറ്റിനും നിശ്ചിത തുക കമ്പനിക്ക് നൽകുന്ന രീതിയിലുള്ള വ്യവസ്ഥയാണോ മുന്നോട്ടു വച്ചിട്ടുള്ളത്; എങ്കിൽ ഒരു ടിക്കറ്റിന് എത്ര രൂപയാണ് നൽകേണ്ടത്; ഇപ്രകാരമുള്ള വ്യവസ്ഥ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇക്കാര്യത്തിൽ കമ്പനിയുമായി കരാർ ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഓരോ ദിവസവും ശരാശരി എത്ര യാത്രക്കാരാണ് കെ.എസ്.ആർ.ടി.സി.യിൽ യാത്ര ചെയ്യുന്നത്; ഓരോ ടിക്കറ്റിനും പണം നൽകിക്കൊണ്ടുള്ള കരാർ അംഗീകരിച്ചാൽ ദിവസം ശരാശരി എത്ര തുക കമ്പനിക്ക് നൽകേണ്ടതായി വരും; ഒരു വർഷം ശരാശരി എത്ര തുക നൽകേണ്ടതായി വരും; വ്യക്തമാക്കുമോ;

(ഇ) 2022-ൽ പഴയ കരാർ പ്രകാരം ടിക്കറ്റ് മെഷീനുകൾ വാങ്ങിയപ്പോൾ ആകെ ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

**<u>കെ.എസ്.ആർ.ടി.സിയിലെ പുതിയ ടിക്കറ്റ് മെഷീൻ</u>**

5432 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതിയ ടിക്കറ്റ് മെഷീൻ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) നിലവിൽ ഉപയോഗിക്കുന്ന ടിക്കറ്റ് മെഷീൻ വാങ്ങിയ കരാർ കാലാവധി അവസാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കരാർ കാലാവധി ഇനി എത്ര വർഷം കൂടി ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2022-ൽ മേൽപ്പറഞ്ഞ കരാർ പ്രകാരം എത്ര ടിക്കറ്റ് മെഷീനുകൾ ആണ് കെ.എസ്.ആർ.ടി.സി വാങ്ങിയതെന്നും ഓരോ മെഷീനും എത്ര രൂപയായിരുന്നു വിലയെന്നും ഇതിൽ നിലവിൽ പ്രവർത്തനക്ഷമമായ എത്ര മെഷീനുകൾ ഉണ്ടെന്നും അറിയിക്കാമോ;

(ഡി) ഇതിൽ പ്രവർത്തനക്ഷമമല്ലാത്ത എത്ര മെഷീനുകൾ ഉണ്ട്; ഇവയുടെ പുനരുപയോഗം സാധ്യമല്ല എന്ന് കരാർ കമ്പനി വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) നിലവിലെ മെഷീനുകൾ കേടുപാടുകൾ പരിഹരിച്ച് ഉപയോഗിക്കുവാൻ സാധിക്കുമെന്നിരിക്കെ നിലവിലെ കരാർ കാലാവധി തീരുന്നതിന് മുമ്പ് പുതിയ മെഷീനുകൾ വാങ്ങുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

**<u>ഓൺലൈൻ വഴി സ്കൂൾ കുട്ടികൾക്ക് കൺസഷൻ നൽകുന്ന പദ്ധതി</u>**

5433 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർഥികൾക്ക് ഓൺലൈൻ വഴി കെ.എസ്.ആർ.ടി.സി. കൺസഷൻ എടുക്കുന്നതിനായി ഏതെങ്കിലും ആപ്പ് സർക്കാർ തലത്തിൽ നിലവിൽ ഉണ്ടോ;

(ബി) ഇപ്രകാരം കൺസഷന് വേണ്ടിയുള്ള എത്ര അപേക്ഷകളാണ് നിലവിൽ വകുപ്പിന് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) അതിൽ തീർപ്പാക്കിയത് എത്ര എന്നും തീർപ്പ് ആക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണവും വ്യക്തമാക്കാമോ;

(ഡി) ഓൺലൈൻ വഴി അപേക്ഷ സമർപ്പിച്ച് തുക ഒടുക്കിയാൽ നേരിട്ട് കൺസഷൻ ഡൗൺലോഡ് ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ; വിശദമാക്കുമോ?

**<u>കെ.എസ്.ആർ.ടി.സി. യിലെ ശമ്പള പരിഷ്കരണം</u>**

5434 **ഡോ. എം. കെ. മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ അവസാനം നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തിന്റെ സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കെ.ടി.ഡി.എഫ്.സി. യിൽ നിന്നും നാളിതുവരെ എത്ര രൂപ കെ.എസ്.ആർ.ടി.സി. വായ്പ എടുത്തിട്ടുണ്ട്; അതിൽ മുതൽ, പലിശ എന്നീ ഇനങ്ങളിൽ തിരിച്ചടച്ചിട്ടുള്ള തുകയുടെ വിവരം ലഭ്യമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. യിൽ ഓരോ മാസവും കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക്ക് വിഭാഗം ജീവനക്കാർ, ഹയർ ഗ്രേഡ് ഓഫീസർമാരായ എ.ടി.ഒ., ഡി.ടി.ഒ., എ.ഡി., ഡി.ഇ. എന്നീ വിഭാഗം ജീവനക്കാർക്കും മിനിസ്റ്റീരിയൽ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഡയറക്ടർമാർ ഉൾപ്പെടെയുള്ള മറ്റു ഉന്നത ഉദ്യോഗസ്ഥർക്കും നൽകുന്ന മാസശമ്പളം കാറ്റഗറി തിരിച്ച് നൽകുമോ;

(ഡി) കെ.എസ്.ആർ.ടി.സി.യിൽ ദിവസേന ലഭിക്കുന്ന കളക്ഷൻ തുക ഏത് ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## വടകര താലൂക്കിലെ ഗതാഗത പ്രശ്നം പരിഹരിക്കാൻ നടപടി

5435 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിലെ മണിയൂർ, എളമ്പിലാട് ഭാഗത്തേക്കുള്ള പൊതു ഗതാഗത സംവിധാനത്തിന്റെ കുറവ് കാരണം ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എഞ്ചിനിയറിംഗ് കോളേജ്, ഹയർ സെക്കൻഡറി സ്കൂൾ, ആരോഗ്യകേന്ദ്രങ്ങൾ, നവോദയ വിദ്യാലയം, വിവിധ എൽ.പി., യു.പി. വിദ്യാലയങ്ങൾ എന്നിവിടങ്ങളിലേക്ക് എത്തിച്ചേരാൻ ജനങ്ങൾ പ്രയാസപ്പെടുന്ന അവസ്ഥയിൽ ഈ റൂട്ടിലേക്ക് അധികമായി കെ.എസ്.ആർ.ടി.സി. ബസ് അനുവദിക്കുമോ; വിശദമാക്കാമോ?

## കെ.എസ്.ആർ.ടി.സി.യ്ക്ക് ഡീസൽ ബസുകൾ വാങ്ങുന്നതിനുള്ള നടപടി

5436 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ പുതുതായി ഇലക്ട്രിക് ബസുകൾ വാങ്ങേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പുതുതായി ഇരുന്നൂറ്റി ഇരുപത് ഡീസൽ ബസുകൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

## കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ ഉപയോഗ ശൂന്യമായി കിടക്കുന്ന സ്ഥലങ്ങൾ

5437 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ കീഴിൽ ഉപയോഗ ശൂന്യമായി കിടക്കുന്ന സ്ഥലങ്ങൾ എവിടെയെല്ലാമുണ്ടെന്നും എത്ര ഹെക്ടർ സ്ഥലം ഇങ്ങനെ ഉപയോഗിക്കാതെ

നിലവിലുണ്ടെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങൾ ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കെ.എസ്.ആർ.ടി.സി.യിലെ ടിക്കറ്റ് മെഷീനുകളുടെ കരാർ കാലാവധി</u>**

5438 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ നിലവിലുള്ള ടിക്കറ്റ് മെഷീനുകൾ നന്നാക്കി ഉപയോഗിക്കാം എന്നിരിക്കെ പുതിയ മെഷീനുകൾ വാങ്ങാനുള്ള കാരണം വിശദമാക്കുമോ;

(ബി) നിലവിലെ ടിക്കറ്റ് മെഷീനുകളുടെ കരാർ കാലാവധി കഴിഞ്ഞിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ കരാർ കാലാവധി കഴിയാത്ത ടിക്കറ്റ് മെഷീനുകൾ മാറ്റാനുള്ള സാഹചര്യം വിശദമാക്കുമോ?

**<u>കെ.എസ്.ആർ.ടി.സി.യിൽ പുതിയ ടിക്കറ്റ് മെഷീൻ</u>**

5439 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ഓരോ ടിക്കറ്റിനും നിശ്ചിത തുക കരാർ കമ്പനിക്ക് നൽകുന്ന വ്യവസ്ഥയിൽ പുതിയ ടിക്കറ്റ് മെഷീൻ വാങ്ങാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി.യെ ഇത് കൂടുതൽ പ്രതിസന്ധിയിലാക്കും എന്നത് വസ്തുതയാണോ;

(സി) എങ്കിൽ നിലവിലെ ടിക്കറ്റ് മെഷീനുകളുടെ കരാർ കാലാവധി രണ്ടര വർഷം കൂടി അവശേഷിക്കുന്നതിനാൽ നിലവിലെ മെഷീനുകൾ നന്നാക്കി ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

**<u>കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി</u>**

5440 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ വിഹിതവും മാനേജ്മെന്റ് വിഹിതവും കൃത്യമായി എൻ.പി.എസ്. ട്രസ്റ്റിൽ അടയ്ക്കുന്നുണ്ടോ; എങ്കിൽ അടച്ച തുകയുടെ വിശദാംശം നൽകുമോ;

(ബി) കെ.എസ്.ആർ.ടി.സി.യുടെ ദൈനംദിന ചെലവുകൾക്കായി ഈ തുക വക മാറ്റിയിട്ടുണ്ടോ;

(സി) ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നതിനായി ഈ തുക പ്രതിമാസം അടയ്ക്കുവാൻ മാനേജ്മെന്റിന് നിർദ്ദേശം നൽകുമോ എന്നറിയിക്കുമോ?

## പുതിയ ടിക്കറ്റ് മെഷീൻ വാങ്ങുന്നതിനുള്ള കരാർ

5441 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി, ആറ്റിങ്ങൽ, വികാസ് ഭവൻ തുടങ്ങിയ ഡിപ്പോകളിൽ പുതിയ ടിക്കറ്റ് മെഷീൻ ട്രയൽ റൺ നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) പുതിയ ടിക്കറ്റ് മെഷീൻ സംബന്ധിച്ച കരാറിലെ വ്യവസ്ഥകൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. സൗജന്യയാത്ര അനുവദിച്ചിട്ടുള്ളവരുടെ പേരിലും കരാർ കമ്പനിക്ക് പണം നൽകേണ്ടി വരും എന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ കെ.എസ്.ആർ.ടി.സി.ക്ക് വൻ സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുന്ന പ്രസ്തുത കരാറിൽ നിന്നും പിന്മാറാൻ തയ്യാറാകുമോ; വിശദമാക്കുമോ?

## കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് ഈടാക്കുന്ന തുക

5442 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ജീവനക്കാരിൽ നിന്നും 2022-23, 2023-24 സാമ്പത്തിക വർഷം എൻ.പി.എസ്. ഇനത്തിൽ ഈടാക്കിയ തുക എത്രയാണെന്ന് വിശദമാക്കാമോ;

(ബി) ഇപ്രകാരം ഈടാക്കിയ തുകയിൽ നിന്ന് എൻ.പി.എസിലേക്ക് അടച്ച തുക എത്രയാണെന്നും കോർപ്പറേഷൻ വിഹിതമായി അടച്ച തുക എത്രയാണെന്നും പ്രത്യേകം വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി ജീവനക്കാരിൽ നിന്നും 2022-23, 2023-24 സാമ്പത്തിക വർഷം സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ജനറൽ ഇൻഷ്വറൻസ് സ്കീം ഇനങ്ങളിൽ ഈടാക്കിയ തുക എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) ഇപ്രകാരം ഈടാക്കിയ തുകയിൽ നിന്ന് പ്രസ്തുത സ്കീമുകളിലേക്ക് അടച്ച തുക എത്രയാണെന്ന് പ്രത്യേകം വിശദമാക്കാമോ;

(ഇ) കെ.എസ്.ആർ.ടി.സി ജീവനക്കാരിൽ നിന്ന് ശമ്പളത്തിൽ നിന്ന് നേരിട്ട് പിടിക്കുന്ന വായ്പകൾ, മറ്റ് അടവുകൾ തുടങ്ങിയവ ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് നൽകുന്നതിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(എഫ്) കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് നൽകേണ്ട വായ്പകൾ, മറ്റ് അടവുകൾ തുടങ്ങിയവ കൃത്യമായി ബന്ധപ്പെട്ട അക്കൗണ്ടിൽ അടയ്ക്കാത്ത സാഹചര്യത്തിൽ ജീവനക്കാരുടെ സിബിൽ സ്കോറിനെയും ക്രെഡിറ്റ് സ്കോറിനെയും ബാധിച്ചിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെങ്കിലും നീക്കം കോർപ്പറേഷന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

## ഗ്രാമവണ്ടി പദ്ധതി

5443 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കുന്നതിന് എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ട് വന്നിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ കെട്ടിടങ്ങളുടെ നിർമ്മാണം

5444 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ കെട്ടിട നിർമ്മാണമാണ് പൂർത്തിയാകാതെയുള്ളതെന്നും അതിന്റെ കാരണങ്ങളും അറിയിക്കാമോ;

(ബി) ആയത് പരിഹരിക്കുന്നതിനും കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

## കെ.എസ്.ആർ.ടി.സി. ബസുകളുടെ സുരക്ഷിത യാത്ര

5445 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസുകൾ അപകടങ്ങളിൽപ്പെടുന്നത് കുറയ്ക്കുന്നതിനും സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

## കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ

5446 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ വാടകയ്ക്ക് നൽകുന്നതിനായി സജ്ജമാക്കിയിട്ടുള്ള എത്ര കടമുറികൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത കടമുറികൾ വാടകയ്ക്ക് കൊടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**പഴക്കംചെന്ന ബസ്സുകൾ മറ്റ് ആവശ്യങ്ങൾക്കായി നൽകുന്ന പദ്ധതി**

5447 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കം മൂലം പൊളിച്ച് മാറ്റേണ്ട കെ.എസ്.ആർ.ടി.സി. ബസ്സുകൾ മൊബൈൽ റസ്റ്റോറന്റ് പോലെയുള്ള ആവശ്യങ്ങൾക്കായി നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ സ്വകാര്യ വ്യക്തികളെ ഉൾപ്പെടുത്താറുണ്ടോ; ഉണ്ടെങ്കിൽ അതിനായി അപേക്ഷ സമർപ്പിക്കേണ്ട നടപടിക്രമങ്ങൾ അറിയിക്കാമോ?

**ഇന്റർസ്റ്റേറ്റ് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുന്നതിനു നടപടി**

5448 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ഡിപ്പോയിൽ നിന്നും ബാംഗ്ലൂരിലേക്കും മുംബൈയിലേക്കും ഇന്റർസ്റ്റേറ്റ് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**കെ.എസ്.ആർ.ടി.സി. എടത്വ ഡിപ്പോ നവീകരണം**

5449 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിലെ എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഡിപ്പോയിലെ നിർത്തലാക്കിയ മുഴുവൻ സർവീസുകളും പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കുട്ടനാടിന്റെ ടൂറിസം സാധ്യത പരിഗണിച്ച് ഈ ഡിപ്പോയ്ക്ക് പുതിയ ഇലക്ട്രിക് ബസുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

**കാസർഗോഡ് മണ്ഡലത്തിലെ പഞ്ചായത്തുകളിലെ കെ.എസ്.ആർ.ടി.സി. സർവീസ്**

5450 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ കെ.എസ്.ആർ.ടി.സി. ബസ് സർവീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എത്രകാലമായി പ്രസ്തുത സർവീസുകൾ നടത്തുന്നുണ്ടെന്നും ദിവസ വരുമാനം എത്രയാണെന്നും റൂട്ട് തിരിച്ച് വ്യക്തമാക്കാമോ;

(സി) നേരത്തെ ഉണ്ടായിരുന്ന സർവീസുകൾ ഏതെങ്കിലും പഞ്ചായത്തിൽ റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർവീസുകൾ ആരംഭിച്ചതും റദ്ദ് ചെയ്തതും

എപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(ഡി) സർവീസുകൾ റദ്ദ് ചെയ്യാനുള്ള കാരണം എന്താണെന്നും ഇനി പുനരാരംഭിക്കുമോയെന്നും എങ്കിൽ എപ്പോഴാണെന്നും വ്യക്തമാക്കാമോ?

**<u>കോട്ടയം-പാലക്കയം കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്</u>**

5451 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം-പാലക്കയം കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് മണ്ണാർകാട് വരെയായി വെട്ടിക്കുറച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വീസ് വെട്ടിക്കുറച്ചത് മൂലം മലയോര മേഖലയിലെ പാലക്കയം, കാഞ്ഞിരപ്പുഴ, ഇരുമ്പകചോല, പൂഞ്ചോല, വട്ടപ്പാറ മുതലായ പ്രദേശങ്ങളിലെ ജനങ്ങൾക്ക് പൊതുഗതാഗത സൗകര്യം നഷ്ടമായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ബസ് സർവ്വീസ് പാലക്കയം വരെ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>അരൂർ മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്</u>**

5452 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ അരൂർ - അരൂക്കുറ്റി എം.എൽ.എ. റോഡ് വഴി ചേർത്തലയിലേക്ക് എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റൂട്ടിൽ 2016 മുതൽ നാളിതുവരെ നടത്തിയിരുന്ന സർവ്വീസുകളുടെ എണ്ണം വർഷാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) അരൂർ - തുറവൂർ - ചേർത്തല റൂട്ടിൽ എലിവേറ്റഡ് ഹൈവേ നിർമ്മാണം നടക്കുന്നതിനാൽ പ്രധാന സർവ്വീസുകൾ അരൂക്കുറ്റി - എം.എൽ.എ. റോഡ് വഴി മാറ്റി വിടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കണ്ണൂർ - പഴയങ്ങാടി - പയ്യന്നൂർ റൂട്ടിൽ ബസ് സർവ്വീസ്</u>**

5453 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ-പഴയങ്ങാടി-പയ്യന്നൂർ റൂട്ടിൽ ഇപ്പോൾ എത്ര കെ.എസ്.ആർ.ടി.സി. ബസുകളാണ് സർവ്വീസ് നടത്തുന്നത്; വിശദാംശം അറിയിക്കാമോ;

(ബി) നാഷണൽ ഹൈവേയുടെ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നത് പരിഗണിച്ച് എൻ.എച്ച്. വഴി സർവീസ് നടത്തിക്കൊണ്ടിരിക്കുന്ന കണ്ണൂർ - കാഞ്ഞങ്ങാട് ടൗൺ ടു ടൗൺ ബസുകളിൽ കുറച്ച് ബസുകൾ രാവിലെയും വൈകുന്നേരവും പിലാത്തറ - പാപ്പിനിശ്ശേരി കെ.എസ്.ടി.പി റോഡ് വഴി സർവീസ് നടത്താൻ നടപടി സ്വീകരിക്കുമോ?

## തിരൂരങ്ങാടി മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുന:സ്ഥാപിക്കുന്നതിനുള്ള നടപടി

5454 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലൂടെ മുൻപ് സർവീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ ഇപ്പോൾ സർവീസ് നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ബസുകളുടെ സർവീസ് നിർത്തലാക്കിയതിന്റെ കാരണം വിശദമാക്കാമോ;

(ബി) തിരൂർ ഭാഗത്തുനിന്നും കൊടിഞ്ഞി-ചെമ്മാട് വഴി കോഴിക്കോട് ഭാഗത്തേക്കും തിരിച്ചും അതുപോലെ പരപ്പനങ്ങാടി-തിരൂരങ്ങാടി-കക്കാട് വഴി മലപ്പുറം ഭാഗത്തേക്കും തിരിച്ചും മുൻപ് ഉണ്ടായിരുന്ന കെ.എസ്.ആർ.ടി.സി. ബസ് സർവീസുകളുടെ സമയക്രമവും റൂട്ടും അനുസരിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുക സർവീസുകൾ പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മണ്ണാർക്കാട് മണ്ഡലത്തിലെ കൊടക്കാട് ബസിന് സ്റ്റോപ്പ് അനുവദിക്കാൻ നടപടി

5455 **ശ്രീ. എൻ. ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-പാലക്കാട് ദേശീയപാതയിൽ മണ്ണാർക്കാട് മണ്ഡലത്തിലെ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിലെ കൊടക്കാട് ഭാഗത്ത് കെ.എസ്.ആർ.ടി.സി. ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിന് വേണ്ടി നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

## ലോഫ്ലോർ, സ്വിഫ്റ്റ് ബസുകൾക്ക് വളാഞ്ചേരിയിൽ സ്റ്റോപ്പ് അനുവദിക്കാൻ നടപടി

5456 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ലോഫ്ലോർ ബസ്, സ്വിഫ്റ്റ് ബസ് എന്നിവയ്ക്ക് ഫെയർ സ്റ്റേജ്, ബുക്കിംഗ് പോയിന്റ് എന്നിവ ഇല്ലാത്തതിനാൽ ദീർഘദൂര യാത്ര പോയി വരുന്നവർ എറണാകുളത്തും മറ്റും ഇറങ്ങി മറ്റ് ബസുകളെ ആശ്രയിക്കേണ്ട സ്ഥിതിയാണെന്നും ഇത് രാത്രി കാലങ്ങളിൽ രോഗികളടക്കമുള്ള യാത്രികർക്ക് ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ടെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് നിവേദനം ലഭ്യമായിട്ടുണ്ടോ; ആയതിൻമേൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ലോഫ്ലോർ, സ്വിഫ്റ്റ് ബസുകൾക്ക് വളാഞ്ചേരിയിൽ സ്റ്റോപ്പും ബുക്കിംഗ് പോയിന്റും ഫെയർ സ്റ്റേജും അനുവദിച്ച് നിലവിലുള്ള യാത്രാ ക്ലേശം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**മഞ്ചേശ്വരം മണ്ഡലത്തിലെ കുക്കാർ എന്ന സ്ഥലത്ത് ബസിന് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി**

5457 **ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-മംഗലാപുരം അന്തർ സംസ്ഥാന റൂട്ടിൽ മഞ്ചേശ്വരം മണ്ഡലത്തിലെ കുക്കാർ എന്ന സ്ഥലത്ത് കെ.എസ്.ആർ.ടി.സി. ബസുകൾക്ക് (ലിമിറ്റഡ് സ്റ്റോപ്പ്) സ്റ്റോപ്പ് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരവധി സർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന പ്രസ്തുത സ്ഥലത്ത് കെ.എസ്.ആർ.ടി.സി. ബസുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കോട്ടയം നഗരത്തിലെ സ്കൈ വാക്ക് പദ്ധതിയുടെ പൂർത്തീകരണം**

5458 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിനെതിരെ എ.കെ. ശ്രീകുമാർ സമർപ്പിച്ച ഡബ്ല്യു.പി.(സി)നം. 26078/2022 കേസ്സിൽ സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ;

(ബി) കോട്ടയം നഗരമദ്ധ്യത്തിൽ പൊതുജനങ്ങളുടെ യാത്രാ സൗകര്യത്തിന് വേണ്ടി നിർമ്മാണം തുടങ്ങി പാതിവഴിയിൽ നിർത്തിവെച്ചിരിക്കുന്ന സ്കൈവാക്ക് പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) സ്കൈവാക്ക് പദ്ധതി എത്ര നാൾ കൊണ്ട് പൂർത്തീകരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

**പുനലൂർ താലൂക്കിൽ ഗതാഗത വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ള ഭൂമി**

5459 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്കിൽ ഇടമൺ വില്ലേജിൽ ഇടമൺ-34 ഭാഗത്ത് ദേശീയ പാതയോട് ചേർന്ന് സംസ്ഥാന ഗതാഗത വകുപ്പിന്റെ ഉടമസ്ഥതയിൽ ഭൂമിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭൂമി സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത ഭൂമി കെ.എസ്.ആർ.ടി.സി.യുടെ കൈവശത്തിലാണോ ; ഇവിടെ കയ്യേറ്റങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഭൂമിയിൽ വകുപ്പ് എന്തെങ്കിലും പദ്ധതികളോ പ്രവർത്തനങ്ങളോ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**മേയറും കെ.എസ്.ആർ.ടി.സി. ഡ്രൈവറും തമ്മിൽ ഉണ്ടായ തർക്കത്തെ സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്**

5460 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്**

**ശ്രീമതി ഉമ തോമസ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മേയറും കെ.എസ്.ആർ.ടി.സി. ഡ്രൈവറും തമ്മിലുള്ള തർക്കത്തെ തുടർന്നുണ്ടായ സംഭവത്തിൽ പോലീസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത കേസിലെ തെളിവ് നശിപ്പിക്കുന്നതടക്കമുള്ള കുറ്റം ചെയ്ത വ്യക്തികൾക്കെതിരെ കെ.എസ്.ആർ.ടി.സി. വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് പോലീസിന് കൈമാറിയിട്ടുണ്ടോ: വിശദമാക്കുമോ?

## ജലഗതാഗത വകുപ്പ് കൈവരിച്ച നേട്ടങ്ങൾ

5461 **ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ വന്ന ശേഷം ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ജലഗതാഗത വകുപ്പിന്റെ ഭരണ നിർവ്വഹണ പ്രവർത്തനങ്ങൾ നവീകരിക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) വകുപ്പിന് എത്ര സ്റ്റേഷനുകളാണുള്ളതെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(ഡി) ബോട്ട് സർവ്വീസുകളും ബോട്ടു സർവ്വീസ് ഓപ്പറേഷനും കാലോചിതമായി പരിഷ്കരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ഇ) ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ മെക്കാനിക്കൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## ബോട്ട് യാത്രാ ടൂറിസം പദ്ധതി

5462 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗാതഗത വകുപ്പിന് കീഴിൽ കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ നടപ്പിലാക്കിയ മാതൃകയിൽ ബോട്ട് യാത്രാ ടൂറിസം പദ്ധതി മറ്റ് സ്ഥലങ്ങളിൽ കൂടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ;

(ബി) അത്തരം മേഖലകൾ സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) മേൽ പദ്ധതികൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## ബോട്ട് ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിനുള്ള ഫീസ് വർദ്ധനവ്

5463 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻലാൻഡ് വെസ്സൽ റൂൾ രാജ്യത്ത് നടപ്പിലാക്കുമ്പോൾ ബോട്ട് ഡ്രൈവിംഗ് ലൈസൻസ് എടുക്കുന്നതിനടക്കം വന്ന ഫീസ് വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന ജലഗതാഗത വകുപ്പിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ ബോട്ട് ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിലും ഈ ഫീസ് വർദ്ധനവ് ബാധകമാണോ; എങ്കിൽ ഇവർക്ക് ലൈസൻസ് പുതുക്കുന്നതിന് ആവശ്യമായ ഫീസ് വഹിക്കുവാൻ സർക്കാർ തയ്യാറാകുമോ;

(സി) ജലഗതാഗത വകുപ്പിൽ ബോട്ട് മാസ്റ്റർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർ ബോട്ട് മാസ്റ്റർ ലൈസൻസിന്റെ അടിസ്ഥാനത്തിലാണോ ജോലി ചെയ്തു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ബോട്ട് മാസ്റ്റർ ലൈസൻസ് കേരള ഇൻലാൻഡ് വെസ്സൽ റൂൾസ് പ്രകാരം പുതുക്കി നൽകിയിരുന്നത് പോലെ പുതിയതായി വരുന്ന ഇൻലാൻഡ് വെസ്സൽ റൂൾ പ്രകാരവും പുതുക്കി നൽകാൻ കഴിയുമോയെന്ന കാര്യം വ്യക്തമാക്കാമോ?

## <u>ജലഗതാഗത വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ</u>

5464 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ എം നൗഷാദ്**
**ശ്രീമതി ദെലീമ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാന ജലഗതാഗത വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ സർക്കാർ വന്ന ശേഷം പ്രസ്തുത വകുപ്പിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തിയിട്ടുള്ളതെന്നും അതിന്റെ ഫലമായുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) നിലവിൽ എത്ര ബോട്ടുകൾ പ്രതിദിനം സർവീസുകൾ നടത്തുന്നുണ്ടെന്നും അതിലൂടെ ശരാശരി എത്ര യാത്രികർക്ക് സുഖകരമായ യാത്ര പ്രദാനം ചെയ്യാൻ സാധിക്കുന്നുണ്ടെന്നും വിശദമാക്കാമോ;

(ഡി) കായൽ ജലഗതാഗതത്തിനോടനുബന്ധിച്ച് ടൂറിസത്തിന്റെ കൂടി സാധ്യതകൾ പ്രയോജനപ്പെടുത്തി ആവശ്യമായ ക്രമീകരണങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ?

## <u>കോട്ടപ്പുറം -എറണാകുളം ദേശീയ ജലപാത</u>

5465 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടപ്പുറം മുതൽ എറണാകുളം വരെയുള്ള ദേശീയ ജലപാതയിലൂടെ ചരക്ക് നീക്കം നടത്തുന്നതിന് വേണ്ടിയുള്ള നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി

എന്താണെന്നറിയിക്കാമോ; ഈ പാതയിലൂടെ ചരക്ക് നീക്കം നടത്തുന്നതിന് വേണ്ട എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ജലപാത കൈപ്പമംഗലം മണ്ഡലത്തിലെ കനോലിക്കനാൽ വഴി എടത്തിരുത്തി വരെ എത്തിക്കുന്നതിനുള്ള പ്രവൃത്തി തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

**ജലഗതാഗത വകുപ്പിലെ ഓയിൽ സപ്ലയർ തസ്തിക**

5466 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലഗതാഗത വകുപ്പിൽ ഡോക്ക് ആൻഡ് റിപ്പയർ വിഭാഗത്തിലെ ഡീസൽ പമ്പുകളിൽ മൂന്ന് ഓയിൽ സപ്ലയർ തസ്തികയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തസ്തിക 2019 മുതൽ ഒഴിഞ്ഞുകിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയിൽ സ്ഥിരനിയമനമോ താൽക്കാലിക നിയമനമോ നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂൾ തടസ്സമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത തസ്തികയിൽ അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനു ശേഷം പിഴയിനത്തിൽ ലഭിച്ച തുക**

5467 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിന് ശേഷം മോട്ടോർ വാഹന വകുപ്പിന് പിഴയിനത്തിൽ എത്ര രൂപ നാളിതുവരെ വരുമാനമായി ലഭിച്ചിട്ടുണ്ടെന്ന് ജില്ല അടിസ്ഥാനത്തിൽ വിശദമാക്കുമോ?

**ഗതാഗത നിയമം ലംഘിച്ചതിനുള്ള പിഴ**

5468 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഗതാഗത നിയമം ലംഘിച്ചതിന് എത്ര തുക പിഴയായി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; പിഴ ഈടാക്കാൻ തീരുമാനിച്ച എത്ര കേസുകളിൽ ഇനി എത്ര തുക പിരിഞ്ഞു കിട്ടാൻ ബാക്കിയുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് ഗതാഗത നിയമലംഘനം കണ്ടെത്തുന്നതിന് ആകെ എത്ര എ.ഐ. ക്യാമറകൾ സ്ഥാപിച്ചിരുന്നെന്നും നിലവിൽ ഇതിൽ എത്ര എണ്ണം പ്രവർത്തനക്ഷമമാണെന്നും പ്രവർത്തിക്കാത്തവ എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഗതാഗത നിയമം ലംഘിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പിഴ ഒടുക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; പ്രസ്തുത കാലാവധി കഴിഞ്ഞ് പിഴ ഒടുക്കിയാൽ അത് എത്ര വീതമാണ് ഒടുക്കേണ്ടത്; വിശദാംശം ലഭ്യമാക്കുമോ?

**<u>പതിനഞ്ച് വർഷം കഴിഞ്ഞ സർക്കാർ വാഹനങ്ങൾ</u>**

5469 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മോട്ടോർ വാഹന നിയമം അനുസരിച്ച് പതിനഞ്ച് വർഷം കഴിഞ്ഞ സർക്കാർ വാഹനങ്ങൾ നിരത്തിൽ ഇറക്കുന്നതിന് തടസ്സമുണ്ടോ; എങ്കിൽ പതിനഞ്ച് വർഷം കഴിഞ്ഞ പ്രസ്തുത വാഹനങ്ങൾ പൂർണമായും ഒഴിവാക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വാഹനങ്ങൾ ഒഴിവാക്കുമ്പോൾ അവ ഓടിച്ചിരുന്ന സ്ഥിരം ഡ്രൈവർമാരുടെ ജോലി ക്രമീകരണം എപ്രകാരമായിരിക്കുമെന്നറിയിക്കാമോ?

**<u>റോഡ് അപകടങ്ങൾ കുറക്കുന്നതിന് നടപടി</u>**

5470 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് അപകടങ്ങൾ വർദ്ധിച്ചു വരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം കാരണങ്ങളാലാണ് റോഡ് അപകടങ്ങൾ വർദ്ധിച്ചു വരുന്നതെന്ന കാര്യം പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അതിന്റെ അടിസ്ഥാനത്തിൽ റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്നറിയിക്കുമോ?

**<u>മോട്ടോർ വാഹന വകുപ്പിലെ റേഷ്യോ പ്രൊമോഷൻ</u>**

5471 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ ജോയിന്റ് ആർ.ടി.ഒ., എം.വി.ഐ., സീനിയർ സൂപ്രണ്ട് എന്നീ തസ്തികകളിലെ നിലവിലെ കേഡർ സ്ട്രെങ്ത് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ജോയിന്റ് ആർ.ടി.ഒ. തസ്തികയിലേക്കുള്ള റേഷ്യോ പ്രൊമോഷന്റെ നിലവിലെ അനുപാതം എത്രയാണെന്ന് അറിയിക്കുമോ;

(സി) കേഡർ സ്ട്രെങ്തിന്റെ അടിസ്ഥാനത്തിൽ റേഷ്യോ പുനർനിർണയിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ പുതുക്കിയ റേഷ്യോ എത്രയായിരിക്കുമെന്ന് വെളിപ്പെടുത്തുമോ?

**<u>ഡ്രൈവിംഗ് ഇൻസ്ട്രക്ടർമാരുടെ യോഗ്യതകൾ</u>**

5472 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേയ്സ് മന്ത്രാലയത്തിന്റെ 07.06.2021 ലെ വിജ്ഞാപന പ്രകാരമുള്ള മോട്ടോർ വാഹന നിയമ ഭേദഗതിയിൽ ഡ്രൈവിംഗ് ഇൻസ്ട്രക്ടർമാർക്ക് എന്തൊക്കെ യോഗ്യതകളുണ്ടായിരിക്കണമെന്നാണ് നിഷ്കർഷിക്കുന്നത് ; വിശദമാക്കാമോ;

(ബി) ഈ ഭേദഗതികൾ നിലവിൽ വരുന്നതിന് മുൻപ് ഇൻസ്ട്രക്ടർമാരായിരുന്നവർക്ക് യോഗ്യതകളിൽ എന്തെങ്കിലും ഇളവുകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭേദഗതികൾ നിലവിൽ വരുന്നതിന് മുൻപ് ഇൻസ്ട്രക്ടർമാരായിരുന്നവർക്ക് യോഗ്യതകളിൽ അനുവദിച്ചിട്ടുള്ള ഇളവുകൾ നിലവിൽ സംസ്ഥാനത്ത് അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(ഡി) കേന്ദ്ര നിയമത്തിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ സംസ്ഥാനത്തും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## ഈരാറ്റുപേട്ടയിൽ പുതിയ ആർ.ടി.ഓഫീസ്

5473 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനച്ചിൽ താലൂക്കിൽ ഏറ്റവുമധികം വാഹനങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രദേശമായ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ ഒരു ആർ.ടി.ഓഫീസ് ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

## വാഹനങ്ങൾക്ക് രൂപമാറ്റം വരുത്തുന്നതിൽ നടപടി

5474 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡിൽ സുരക്ഷാഭീഷണി ഉയർത്തുന്ന രീതിയിൽ രൂപമാറ്റം വരുത്തിയിട്ടുള്ള വാഹനങ്ങൾ റോഡിൽ അപകടങ്ങൾ ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എങ്കിൽ കഴിഞ്ഞ 3 വർഷക്കാലയളവിൽ ഇത്തരം പ്രവൃത്തികളിൽ ഏർപ്പെട്ടവരുടെ പേരിൽ മോട്ടോർ വാഹന വകുപ്പ് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര പേരുടെ പേരിൽ നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

## എ.ഐ. ക്യാമറ നിരീക്ഷണ സംവിധാനം

5475 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത നിയമ ലംഘനങ്ങൾ തടയുന്നതിനായി സേഫ് കേരള പദ്ധതിക്ക് കീഴിൽ മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം നടപടികൾ 2022, 2023 കാലയളവിൽ പുതിയതായി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ട്രാൻസ്പോർട്ട് കമ്മിഷണറുടെ സ്ക്വാഡിന്റെ പ്രവർത്തനം

5476 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ രൂപമാറ്റം തടയാനും രൂപമാറ്റം വരുത്തിയ വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥരെ പിടികൂടാനും രൂപവൽക്കരിച്ച ട്രാൻസ്പോർട്ട് കമ്മീഷണറുടെ സ്ക്വാഡിന്റെ പ്രവർത്തനം നിശ്ചലമാണെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ക്വാഡ് നാളിതുവരെ കണ്ടെത്തിയ നിയമലംഘനങ്ങൾ എത്രയാണ്; എത്ര വാഹന ഉടമകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; രൂപമാറ്റം വരുത്തിയ വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ രീതിയിലുള്ള നിയമലംഘനങ്ങൾ നിരന്തരം ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## നിയമലംഘനം നടത്തിയ യൂട്യൂബർമാർക്കെതിരെ സ്വീകരിച്ച നടപടി

5477 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമവ്യവസ്ഥയെ പരസ്യമായി വെല്ലുവിളിച്ച് പൊതുസമൂഹത്തിന് ഭീഷണിയാകുന്ന രീതിയിൽ വാഹനം ഓടിക്കുന്നതായി കണ്ടെത്തിയ യൂട്യൂബർമാർക്കെതിരെ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## സംസ്ഥാനത്തെ ടൂറിസ്റ്റ് ബസ്സുകളുടെ നിറം

5478 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസ്റ്റ് ബസ്സുകൾക്ക് പൊതുവായി വെള്ള നിറം മാത്രമേ പാടുള്ളൂ എന്ന സർക്കാർ ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് പുനഃപരിശോധിച്ച് ടൂറിസ്റ്റ് ബസുകളുടെ നിറം ബസ്സുടമയ്ക്ക് ഇഷ്ടമുള്ള തരത്തിലേക്ക് മാറ്റുന്നതിനായുള്ള നീക്കം മോട്ടോർ വാഹന വകുപ്പ് സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ടൂറിസ്റ്റ് ബസ്സുകൾക്ക് വെള്ള നിറം മാത്രം മതി എന്ന് നിഷ്കർഷിച്ചതിന്റെ പശ്ചാത്തലം എന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(ഡി) വെള്ള നിറം മാറ്റി മറ്റ് നിറങ്ങൾ ഉപയോഗിക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബസുടമകളിൽ നിന്നോ മറ്റുള്ളവരിൽ നിന്നോ പരാതികളോ നിർദ്ദേശങ്ങളോ ലഭ്യമായിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(ഇ) ടൂറിസ്റ്റ് ബസ്സുകൾക്ക് നിലവിലുള്ള വെള്ള നിറം മാറ്റി മറ്റ് നിറങ്ങൾ നൽകുന്നതിന് വേണ്ടിയുള്ള നീക്കങ്ങൾ ഉണ്ടെങ്കിൽ അതിന്റെ പശ്ചാത്തലം എന്താണെന്ന് വിശദീകരിക്കാമോ?

## ഡ്രൈവിംഗ് ടെസ്റ്റ്

5479 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ ജില്ലയിലും കഴിഞ്ഞ മൂന്നു മാസങ്ങളിലായി പ്രതിമാസം നടന്ന ഡ്രൈവിംഗ് ടെസ്റ്റുകളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) നിലവിൽ ഡ്രൈവിംഗ് ടെസ്റ്റിന് അപേക്ഷിച്ചാൽ എത്ര ദിവസത്തിനകം ടെസ്റ്റിന് പങ്കെടുക്കാൻ സാധിക്കും എന്ന വിവരം ലഭ്യമാക്കാമോ;

(സി) അപേക്ഷിച്ച് ആറുമാസത്തിനകം ഡ്രൈവിംഗ് ടെസ്റ്റിൽ പങ്കെടുക്കാൻ സാധിക്കാത്തവർ ലേണേഴ്സ് ലൈസൻസ് പരീക്ഷ വീണ്ടും എഴുതേണ്ടതുണ്ടോ എന്നറിയിക്കുമോ;

(ഡി) ഡ്രൈവിംഗ് ടെസ്റ്റ് വൈകിയാൽ പഠന ആവശ്യത്തിനും ജോലിയ്ക്കുമായി വിദേശത്തും അന്യസംസ്ഥാനങ്ങളിലേയ്ക്കും പോകേണ്ടവർക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ചുകൊണ്ട് അവർക്ക് പ്രത്യേക പരിഗണന നൽകാൻ സാധിക്കുമോ?

## സർക്കാർ വാഹനങ്ങളിലെ നിയമലംഘനം

5480 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂളിംഗ് സ്റ്റിക്കർ, കർട്ടനുകൾ തുടങ്ങിയവ ഉപയോഗിച്ച് യാത്രനടത്തുന്ന സർക്കാർ/ പോലീസ് വാഹനങ്ങളിൽ നിന്നും ഈടാക്കിയ പിഴ സംബന്ധിച്ച് ജില്ല, വാഹനങ്ങൾ, വകുപ്പ് എന്നിവ തിരിച്ച് വിശദാംശം നൽകാമോ;

(ബി) ഇൻഷുറൻസ്, പുകപരിശോധന സർട്ടിഫിക്കറ്റ് എന്നിവ ഇല്ലാത്ത സർക്കാർ/ പോലീസ് വാഹനങ്ങളുടെ കണക്ക് മോട്ടോർ വാഹന വകുപ്പിൽ ലഭ്യമാണോ; വിശദാംശം നൽകാമോ?

## ടിപ്പർ ലോറികൾ കാരണമുള്ള അപകടങ്ങൾ

5481 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടിപ്പർ ലോറികൾ നിരത്തിലിറക്കുന്നതിനുള്ള സമയക്രമം പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിൽ മോട്ടോർ വാഹന വകുപ്പ് പരാജയപ്പെടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ 2 വർഷത്തിനുള്ളിൽ സംസ്ഥാനത്ത് ടിപ്പർ ലോറികൾ കാരണം അപകടം സംഭവിച്ച് മരണപ്പെട്ടവരുടെ കണക്കുകൾ ലഭ്യമാക്കാമോ; ഇത്തരത്തിൽ അലക്ഷ്യമായും അശ്രദ്ധമായും അപകടം വരുത്തിയ ലോറികളുടെ പെർമിറ്റ്/ ഫിറ്റ്നെസ് നിർത്തലാക്കിയിട്ടുണ്ടോ; അപകടത്തിനു കാരണക്കാരായ ഡ്രൈവർമാരുടെ ലൈസൻസ് സസ്പെൻഡ് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ടിപ്പർ ലോറികൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനവും ബോധവൽക്കരണവും നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ടിപ്പർ ലോറികൾക്ക് സ്പീഡ് ഗവർണറും 360 ഡിഗ്രി ക്യാമറ അടക്കമുള്ള സുരക്ഷ ഉപകരണങ്ങളും നിർബന്ധമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## ന്യൂനപക്ഷക്ഷേമ വകുപ്പ് പദ്ധതികൾ

5482 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷം ബജറ്റിൽ വകയിരുത്തിയ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഓരോന്നിനും ചെലവഴിച്ച തുകയും അതിൻെറ ശതമാനവും വ്യക്തമാക്കുമോ?

## പിന്നാക്ക സംവരണ പട്ടിക

5483 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നാക്ക സംവരണ പട്ടിക പുതുക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) പിന്നാക്ക സംവരണ പട്ടിക പുതുക്കുന്നതിന്റെ ഭാഗമായി ജാതി സർവേ നടത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോകാമെന്നറിയിച്ച് സംസ്ഥാന പിന്നാക്ക കമ്മീഷൻ കത്ത് നൽകുകയുണ്ടായോ; വ്യക്തമാക്കുമോ;

(സി) ജാതി സർവേ നടത്തി സംവരണ പട്ടിക പരിഷ്കരിക്കുന്നതിനും സംവരണ ശതമാനത്തിൽ മാറ്റം വരുത്തുന്നതിനുമായി ഹൈക്കോടതിയുടെ നിർദേശമുണ്ടോ;

(ഡി) എങ്കിൽ ഹൈക്കോടതി ഇപ്രകാരം നിർദേശിക്കാനിടയായ സാഹചര്യവും ഹൈക്കോടതി നിർദേശങ്ങളുടെ വിശദാംശവും ലഭ്യമാക്കുമോ?

## മത്സര പരീക്ഷാ പരിശീലന കേന്ദ്രം

5484 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ മത്സര പരീക്ഷാ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് പ്രൊപ്പോസൽ നൽകിയതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(സി) ഗുരുവായൂർ മണ്ഡല പരിധിയിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ മത്സര പരീക്ഷാ പരിശീലന കേന്ദ്രം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ന്യൂനപക്ഷ സ്കോളർഷിപ്പ് പദ്ധതികൾ

5485 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ വിവിധ സ്കോളർഷിപ്പ് പദ്ധതി പ്രകാരം ഓരോ വർഷവും അർഹതപ്പെട്ട എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്രപേർക്ക് ആകെ എത്ര തുകയുടെ സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിലുള്ള സ്കോളർഷിപ്പ് പദ്ധതിയിൽ അപേക്ഷകരുടെ എണ്ണം വർദ്ധിച്ചത് അനുസരിച്ച് കൂടുതൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ കാലയളവിൽ ഓരോ വർഷവും അധികമായി വകയിരുത്തിയ തുക, ഇതിൽ എത്ര തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു; എത്ര തുക ബാക്കിയായി; കണക്കുകൾ ലഭ്യമാക്കുമോ;

(സി) ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി ഈ കാലയളവിൽ മറ്റെന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; ഓരോ വർഷവും എത്ര വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ ഗുണം ലഭിച്ചിട്ടുണ്ട്; ,ആകെ എത്ര തുക ഓരോ പദ്ധതിക്കും വകയിരുത്തി, എത്ര തുക അനുവദിച്ചു, എത്ര തുക ചെലവഴിച്ചു എത്ര തുക ബാക്കിയായി, എന്നിവ സഹിതം ഉള്ള വിശദാംശം ലഭ്യമാക്കുമോ?

## പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതി

5486 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം പ്രധാന മന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിയുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്ക് കൊല്ലം ജില്ലയിൽ നിന്നും സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പുനലൂർ മണ്ഡലത്തിൽ നിന്നും ഏതൊക്കെ നിർദേശങ്ങളാണ് ലഭിച്ചിട്ടുള്ളതെന്നും അവയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

## മദ്രസ അധ്യാപക ക്ഷേമനിധിയിലേക്കുള്ള ഗ്രാന്റ്

5487 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്രസ അധ്യാപക ക്ഷേമനിധിയിലേക്ക് സർക്കാർ വിഹിതമായി നൽകാനുള്ള ഗ്രാന്റ് ഇനത്തിലെ കുടിശിക എത്രയാണെന്നും എത്ര വർഷത്തെ ഗ്രാന്റാണ് നൽകാനുള്ളതെന്നും അവസാനമായി എന്നാണ് ഗ്രാന്റ് നൽകിയതെന്നുമുള്ള വിശദാംശം നൽകാമോ;

(ബി) സർക്കാർ ഗ്രാന്റ് നൽകാത്തതുമൂലം ക്ഷേമനിധി ആനുകൂല്യങ്ങൾ അംഗങ്ങൾക്ക് ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സാമ്പത്തിക വർഷം മദ്രസ അധ്യാപക ക്ഷേമനിധിയിലേക്ക് ഗ്രാന്റ് നൽകാൻ ബജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ പി.എം.ജെ.വി.കെ. പദ്ധതി

5488 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന ഒറ്റപ്പാലം മണ്ഡലത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ 2022-23, 2023-24 എന്നീ വർഷങ്ങളിലെ പി.എം.ജെ.വി.കെ. പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

## കോഴിക്കോട് ജില്ലയിൽ ന്യൂനപക്ഷമേഖലയ്ക്ക് അനുവദിച്ച പദ്ധതികൾ

5489 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷമേഖലകളിലെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്ന പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ ഈ സർക്കാർ വന്നതിന് ശേഷം അനുവദിച്ച പദ്ധതികൾ ഏതൊക്കെയെന്നും തുക എത്രയെന്നും വ്യക്തമാക്കുമോ?

## പയ്യന്നൂർ മണ്ഡലത്തിൽ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി

5490 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ നിന്ന് പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ.) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിർദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

## ഓപ്പൺ ജിമ്മും സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററും

5491 **ഡോ. കെ. ടി. ജലീൽ**
**ശ്രീ വി ജോയി**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പുമായി ചേർന്ന് സംസ്ഥാനത്ത് വിവിധ കേന്ദ്രങ്ങളിൽ ആരംഭിച്ച ഓപ്പൺ ജിമ്മിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കുമോ; വിശദാംശം നൽകാമോ;

(ബി) സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ ഉദ്ദേശ്യം അറിയിക്കുമോ; വിശദമാക്കുമോ?

## മലപ്പുറം മണ്ഡലത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

5492 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം എന്ന പദ്ധതിയിലൂടെ സംസ്ഥാനത്ത് എത്ര കളിസ്ഥലങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ; പ്ലാൻ ഫണ്ടിൽ നിന്നും ഇതിനു വേണ്ടി എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളത്; ഇതിനകം ഏതെല്ലാം മണ്ഡലങ്ങളിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ ;

(ബി) മലപ്പുറം മണ്ഡലത്തിൽ ഈ പദ്ധതി മുഖേന നടപ്പാക്കുന്ന ഇരുമ്പുഴി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിന്റെ നവീകരണ പ്രവൃത്തികൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വിശദീകരിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കളിക്കളം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## തഴക്കര പഞ്ചായത്തിലെ പഴഞ്ചിറക്കുളം നീന്തൽ പരിശീലന കേന്ദ്രം

5493 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര പഞ്ചായത്തിലെ പഴഞ്ചിറക്കുളം നീന്തൽ പരിശീലന കേന്ദ്രത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കാസർഗോഡ് ജില്ലയിൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

5494 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനു ശേഷം കാസർഗോഡ് ജില്ലയിൽ പ്ലാൻ, നോൺ പ്ലാൻ, കിഫ്ബി ഫണ്ടുകൾ വിനിയോഗിച്ച് കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും സംബന്ധിച്ച വിശദാംശം നൽകാമോ?

## കായിക മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം

5495 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിനും കളിക്കളങ്ങളുടേയും സ്റ്റേഡിയങ്ങളുടേയും പരിപാലനത്തിനുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ കായിക വകുപ്പിന്റെ പ്രവൃത്തികൾ

5496 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനു ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ കായിക വകുപ്പ് മുഖാന്തിരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ പുരോഗതിയും വ്യക്തമാക്കുമോ?

**<u>കായിക രംഗത്തെ മുന്നേറ്റത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ</u>**

5497 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികരംഗത്തെ മുന്നേറ്റത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കിയ പ്രധാന പദ്ധതികളിലൂടെ സംസ്ഥാനം കായികരംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**<u>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി</u>**

5498 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി തുടരാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ 2024-25 സാമ്പത്തിക വർഷം ഏതൊക്കെ സ്റ്റേഡിയങ്ങളാണ് നവീകരിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>കൊടുവള്ളി മണ്ഡലത്തിലെ ഓമശ്ശേരി ഇ.കെ. ഉണ്ണിമോയി സ്മാരക മിനി സ്റ്റേഡിയം</u>**

5499 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട കൊടുവള്ളി മണ്ഡലത്തിലെ ഓമശ്ശേരി ഇ.കെ. ഉണ്ണിമോയി സ്മാരക മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>സ്റ്റേഡിയം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**

5500 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത്/മുൻസിപ്പാലിറ്റികളിൽ സ്റ്റേഡിയം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സംസ്ഥാനത്ത് എത്ര സ്റ്റേഡിയങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത്/ മുൻസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്റ്റേഡിയങ്ങൾക്ക് ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ സ്റ്റേഡിയങ്ങൾക്കും ഭരണാനുമതിയും ടെൻഡർ നൽകിയതും എപ്പോഴാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

## സ്പോർട്സ് ഇക്കണോമി മിഷൻ

5501 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. എച്ച്. സലാം**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും സ്പോർട്സ് എന്ന നയത്തിന്റെ ഭാഗമായി സ്കൂൾതലം മുതൽ കായിക രംഗത്തിൽ വിദഗ്ധ പരിശീലനവും ശാസ്ത്രീയ മാർഗ്ഗങ്ങളും അവലംബിച്ച് ഉന്നത നിലവാരമുള്ള കായിക താരങ്ങളെ വളർത്തുക എന്ന ലക്ഷ്യം നേടുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്; വിശദമാക്കുമോ;

(ബി) സ്പോർട്സ് ഇക്കണോമി മിഷൻ എന്ന കാഴ്ചപ്പാട് പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## അന്താരാഷ്ട്ര കായിക ഉച്ചകോടി

5502 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ജനുവരിയിൽ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം കേന്ദ്രമാക്കി സംഘടപ്പിക്കപ്പെട്ട അന്താരാഷ്ട്ര കായിക ഉച്ചകോടിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെ ആയിരുന്നു; വ്യക്തമാക്കുമോ;

(ബി) അന്താരാഷ്ട്ര കായിക ഉച്ചകോടിക്ക് സംസ്ഥാനത്തെ കായികരംഗത്തിന് മുതൽക്കൂട്ടാവുന്ന തരത്തിലുള്ള പദ്ധതികളും പങ്കാളിത്തവും വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ കായിക വികസനത്തിന് ഉതകുന്ന ഏതൊക്കെ പദ്ധതികളാണ് ഉച്ചകോടിയെ തുടർന്ന് നടപ്പിലാക്കാൻ ശ്രമം ആരംഭിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

## സ്പോർട്സ് ക്ലബ്ബുകൾക്കും പരിശീലന കേന്ദ്രങ്ങൾക്കും ലഭിക്കുന്ന സഹായങ്ങളും ഗ്രാൻറും

5503 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കായിക താരങ്ങൾക്ക് നല്ല നിലയിൽ പരിശീലനം നൽകിവരുന്ന സ്പോർട്സ് ക്ലബ്ബുകൾക്കും പരിശീലന കേന്ദ്രങ്ങൾക്കും എന്തൊക്കെ സഹായങ്ങളാണ് ചെയ്തു വരുന്നതെന്നും ഇതിനായി എത്ര രൂപ ചിലവഴിക്കുന്നുണ്ടെന്നും അറിയിക്കാമോ;

(ബി) ദേശീയ അന്തർദേശീയ തലങ്ങളിൽ മെഡൽ നേടികൊടുക്കുന്ന ഇത്തരം പരിശീലന കേന്ദ്രങ്ങൾക്ക് ഗ്രാന്റ് നൽകാൻ നടപടികൾ ഉണ്ടാകുമോ?

**<u>സ്വകാര്യ സ്ഥലങ്ങൾ താല്ക്കാലിക കളിസ്ഥലങ്ങളാക്കി മാറ്റുന്നതിന് നടപടി</u>**

5504 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കളിസ്ഥലങ്ങളുടെ അഭാവംമൂലം യുവതീയുവാക്കൾക്ക് കായികക്ഷമത നഷ്ടപ്പെടുന്നതും മൊബൈൽ ഗെയിമുകളിൽ അഭയം പ്രാപിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് ഒഴിഞ്ഞു കിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾ ഉടമസ്ഥരുടെ സമ്മതത്തോടെ താല്ക്കാലിക കളിസ്ഥലങ്ങളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ ഈ രീതിയിൽ കളിസ്ഥലങ്ങൾ തയ്യാറാക്കുമ്പോൾ വനിതകൾക്ക് കൂടി പ്രാപ്യമായ രീതിയിൽ ക്രമീകരിക്കുവാൻ മുൻകൈയെടുക്കുമോ; വ്യക്തമാക്കാമോ?

**<u>വിദ്യാലയങ്ങളിൽ കായിക പരിശീലനം നിർബന്ധമാക്കുന്നതിന് നടപടി</u>**

5505 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഭൂരിഭാഗം അപ്പർ പ്രൈമറി സ്കൂളുകളിലും ഹയർ സെക്കൻഡറി സ്കൂളുകളിലും കായിക അദ്ധ്യാപകർ ഇല്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ കായിക പരിശീലനം നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) വിദ്യാലയങ്ങളിൽ കുട്ടികളുടെ ആരോഗ്യവും കായിക ക്ഷമതയും ഉറപ്പുവരുത്താനായി കായിക പരിശീലനം നിർബന്ധമാക്കുന്നതിന് വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>കായിക വകുപ്പിൽ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ കുറവ്</u>**

5506 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക മേഖലയിലെ വിവിധ പദ്ധതികളുടെ നിർവഹണത്തിനായി സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ആവശ്യത്തിന് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഉദ്യോഗസ്ഥരെ നിയമിക്കുമോ; വ്യക്തമാക്കാമോ;

(ബി) നിലവിൽ കോഴിക്കോട് ജില്ലയിൽ സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ എത്ര ഉദ്യോഗസ്ഥരുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(സി) കുറ്റ്യാടി മണ്ഡലത്തിലെ കുന്നുമ്മൽ വോളിബോൾ അക്കാദമി കെട്ടിടം,മണിയൂർ കളിസ്ഥലം,പുറമേരി സ്റ്റേഡിയം എന്നിവയുടെ നിർമ്മാണത്തിനായി

ച്ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ വിശദാംശം ഫോൺ നമ്പർ സഹിതം ലഭ്യമാക്കാമോ?

## <u>സംസ്ഥാന സ്പോർട്സ് കൗൺസിലിൻെറ പ്രവർത്തനം</u>

5507 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 25-11-2019 ലെ കായിക യുവജനകാര്യ( എ )വകുപ്പിന്റെ കത്ത് (നമ്പർ എ. 2/277/ 2019/കാ.യു.വ.) പ്രകാരം കേരള തായ്ക്കോണ്ട അസോസിയേഷന്റെ വരവ് ചിലവ് കണക്കുകൾ കേരള സ്പോർട്സ് കൗൺസിലിന്റെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് വിഭാഗമായ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് നടത്തി റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിൻെറ പകർപ്പ് ലഭ്യമാക്കാമോ;

(ബി) 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസ് 14 മുതൽ 17 വരെ വകുപ്പുകളിൽ പ്രതിപാദിച്ചിട്ടുള്ള സംവരണ നിയമങ്ങൾ കേരള സ്പോർട്സ് കൗൺസിൽ നടപ്പാക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേരള സ്പോർട്സ് കൗൺസിലെ നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സംവരണം നടപ്പിലാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) കേരള സ്പോർട് കൗൺസിലിന്റെ അംഗീകാരമുള്ള എത്ര സ്പോർട്സ് അസോസിയേഷനുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്; അംഗീകാരമുള്ള സ്പോർട്സ് അസോസിയേഷനുകളുടെ വരവ് ചെലവ് കണക്കുകൾ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് വിധേയമാക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) സ്പോർട്സ് കൗൺസിലിൽ നിന്നും വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്നും ഏത് വകുപ്പ്/ ഉപവകുപ്പ് പ്രകാരമാണെന്നും വ്യക്തമാക്കാമോ; കെ.എസ്.ആർ. പാർട്ട് 3 ( പെൻഷൻ) കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ ജീവനക്കാർക്ക് ബാധകമാക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) കേരള സ്പോർട്സ് കൗൺസിലിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപ്പിലാക്കാത്തതെന്ന് വിശദമാക്കാമോ;

(എഫ്) 2006-07 ൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തിയിട്ടുള്ള സ്പോർട്സ് സൂപ്പർ ബമ്പർ ലോട്ടറി സംബന്ധിച്ച് കോടതിയുടെ നിർദേശാനുസരണം ബഹുമാനപ്പെട്ട വിജിലൻസ് എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് തിരുവനന്തപുരം നടത്തിയ വിജിലൻസ് അന്വേഷണം പൂർത്തിയായോ; എങ്കിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>സ്പോർട്സ്/ഗെയിംസ് ഇനത്തിന് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡം</u>

5508 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സ്പോർട്സ്/ഗെയിംസ് ഇനത്തിന് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകുന്നതിന് പരിഗണിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന്

അറിയിക്കാമോ;

(ബി) നിലവിൽ സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള സ്പോർട്സ് /ഗെയിംസ് ഇനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## തൃശ്ശൂർ സ്പോർട്സ് ഡിവിഷനിലെ അടിസ്ഥാന സൗകര്യങ്ങൾ

5509 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം ആസ്ഥാനമാക്കിയുള്ള തൃശ്ശൂർ സ്പോർട്സ് ഡിവിഷനിൽ വേണ്ട അടിസ്ഥാനസൗകര്യങ്ങൾ പൂർണ്ണമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോസ്റ്റൽ കെട്ടിടം, ഫ്ലഡ്ലൈറ്റ് സംവിധാനം, ജനറേറ്റർ, ടോയ്ലറ്റ് ബ്ലോക്ക്, സ്വിമ്മിംഗ്പൂൾ തുടങ്ങിയവ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള സൗകര്യങ്ങളുടെ പരിപാലനത്തിന് നിയമാനുസൃതമായ ഒരു ഭരണ സംവിധാനം ഒരുക്കാൻ നടപടി സ്വീകരിക്കുമോ?

## കുന്നംകുളം മണ്ഡലത്തിൽ സ്പോർട്സ് ഡിവിഷൻ സ്കൂൾഹോസ്റ്റൽ

5510 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ ഗവ.വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ സ്പോർട്സ് ഡിവിഷനിൽ അഡ്മിഷൻ ലഭിച്ച കായിക മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിന് നിലവിലെ ഹോസ്റ്റൽ സൗകര്യം അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കായിക വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പയ്യന്നൂർ മണ്ഡലത്തിൽ സ്പോർട്സ് ഹോസ്റ്റൽ

5511 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ കായികമേളയിൽ മികച്ച നേട്ടം കൈവരിച്ച പയ്യന്നൂർ മണ്ഡലത്തിലെ പ്രാപ്പൊയിൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികളുടെ പരിശീലനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന തരത്തിൽ പ്രാപ്പൊയിൽ കേന്ദ്രീകരിച്ച് സ്പോർട്സ് ഹോസ്റ്റൽ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലയിൽ ഫുട്ബോൾ അക്കാഡമി

5512 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഫുട്ബോൾ അക്കാഡമി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) കായിക താരങ്ങളുടെ ഉന്നമനത്തിനായി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പൂർണ്ണ സജ്ജമായിരിക്കുന്ന നീലേശ്വരത്തെ ഇ.എം.എസ്. സ്റ്റേഡിയം കായിക താരങ്ങൾക്കായി തുറന്നുകൊടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**<u>നെന്മാറ ബോയ്സ് ഹയർസെക്കന്ററി സ്കൂൾ കളിസ്ഥലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ</u>**

5513 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ നെന്മാറ ബോയ്സ് ഹയർസെക്കന്ററി സ്കൂൾ കളിസ്ഥലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ വിലയിരുത്തിയിട്ടുണ്ടോ; കളിസ്ഥലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കളിസ്ഥലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

**<u>സ്കൂൾ ഗ്രൗണ്ട്, ഇൻഡോർ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണം</u>**

5514 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23, 2023-24 എന്നീ വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയ ചുണ്ട ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട് നിർമ്മാണം, വയക്കര ജി.എച്ച്.എസ്.എസ്. ലെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം എന്നീ രണ്ട് പ്രവൃത്തികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>കുന്നത്തുനാട് മണ്ഡലത്തിലെ കടയിരുപ്പ് ഗവ.എച്ച്.എസ്.എസി.ലെ സിന്തറ്റിക് ട്രാക്കും ഫുട്ബോൾ കോർട്ടും</u>**

5515 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ കടയിരുപ്പ് ഗവ.എച്ച്.എസ്.എസി.ലെ സിന്തറ്റിക് ട്രാക്ക്, ഫുട്ബോൾ കോർട്ട് എന്നിവയുടെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തികരിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ?

**<u>തരൂർ മണ്ഡലത്തിലെ കാവശ്ശേരി കെ.സി.പി. എച്ച്.എസ്.എസ്. സ്കൂൾ ഗ്രൗണ്ട്</u>**

5516 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 ബജറ്റിൽ ഉൾപ്പെടുത്തിയ തരൂർ മണ്ഡലത്തിലെ കാവശ്ശേരി കെ.സി.പി. എച്ച്.എസ്.എസ്. സ്കൂൾ ഗ്രൗണ്ട് പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**തരൂർ മണ്ഡലത്തിലെ പഴമ്പാലക്കോട് എസ്.എം.എം. എച്ച്.എസ്.എസ്. സ്കൂൾ ഗ്രൗണ്ട്**

5517 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ തരൂർ മണ്ഡലത്തിലെ പഴമ്പാലക്കോട് എസ്.എം.എം. എച്ച്.എസ്.എസ്. സ്കൂൾ ഗ്രൗണ്ട് പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്ത് സ്റ്റേഡിയം**

5518 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നവീകരണത്തിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാർ വിഹിതം 50 ശതമാനവും എംഎൽഎ ഫണ്ട് വിഹിതം 50 ശതമാനവും എന്ന രൂപത്തിൽ നന്നമ്പ്ര ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന് അനുവദിച്ച സർക്കാർ വിഹിതം വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, മുൻപ് വകയിരുത്തിയ തുക തിരിച്ചെടുക്കുന്നതിനുള്ള കാരണങ്ങൾ എന്താണ്, വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**തരൂർ മണ്ഡലത്തിലെ പുതുക്കോട് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട്**

5519 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 ബജറ്റിൽ ഉൾപ്പെടുത്തിയ തരൂർ മണ്ഡലത്തിലെ പുതുക്കോട് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

**ഹജ്ജ് തീർത്ഥാടകരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കൽ**

5520 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് കർമ്മത്തിനായി ഏതെല്ലാം വിമാനത്താവളങ്ങൾ വഴി എത്ര ഹാജിമാർ യാത്ര ചെയ്തുവെന്ന വിവരം പുരുഷൻ, സ്ത്രീ, കുട്ടികൾ എന്നിവരുടെ എണ്ണം എംബാർക്കേഷൻ കേന്ദ്രം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ വർഷം ഹാജിമാരെ സഹായിക്കാൻ ഖാദിമുൽ ഹുജ്ജാജ്മാരെ സംസ്ഥാനത്ത് നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സൗദി അറേബ്യയിലേക്ക് അയച്ചിട്ടുണ്ടോ; ഇവരിൽ എത്ര പേർക്ക് മുമ്പ് ഹജ്ജ് ചെയ്ത് പരിചയം ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ വർഷത്തെ ഹജ്ജ് വേളയിൽ ഹാജിമാർക്ക് പല തരത്തിലുമുള്ള ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) ഭാവിയിൽ ഇത്തരം പരാതികൾ ഒഴിവാക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ?

## <u>അഴിക്കോട് മണ്ഡലത്തിൽ നിന്നുള്ള ഹജ്ജ് തീർത്ഥാടകർ</u>

5521 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 വർഷത്തിലെ ഹജ്ജ് തീർത്ഥാടനത്തിനായി അഴിക്കോട് മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദാംശം നൽകാമോ;

(ബി) ഇതിൽ എത്രപേർക്ക് ഈവർഷം തീർത്ഥാടനത്തിന് അനുമതി ലഭിച്ചെന്നും എത്രപേർ ഹജ്ജ് കർമ്മം പൂർത്തിയാക്കിയെന്നും വിശദമാക്കാമോ?

## <u>ശബരി റെയിൽപാത പദ്ധതി</u>

5522 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ശബരി റെയിൽപാതയുടെ പകുതി ചെലവ് വഹിക്കുന്നതു സംബന്ധിച്ച സമ്മതപത്രവും ധാരണാ പത്രവും കേന്ദ്ര സർക്കാരിന് എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## <u>ചിറയിൻകീഴ് റെയിൽവേ പ്ലാറ്റ്ഫോം നവീകരണം</u>

5523 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് റെയിൽവേ സ്റ്റേഷനിലെ പ്ലാറ്റ്ഫോം നവീകരിച്ചത് അശാസ്ത്രീയമായിട്ടാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്റ്റേഷനിലെ രണ്ടാമത്തെ പ്ലാറ്റ്ഫോം നിരപ്പല്ലാത്തതിനാൽ അപകട സാധ്യതയും യാത്രക്കാർക്ക് ബുദ്ധിമുട്ടും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായി പ്ലാറ്റ്ഫോം ശാസ്ത്രീയമായി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>കുന്നത്തുനാട് മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിലെ ഒഴിവുകൾ</u>

5524 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ വെറ്ററിനറി ഡിസ്പെൻസറികൾ,ആശുപത്രികൾ,ഐ.സി.ഡി.പി. സബ് സെന്റർ എന്നിവയിലെ ജീവനക്കാരുടെ വിശദാംശം സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ജീവനക്കാരുടെ ഒഴിവ് നിലവിലുണ്ടോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

5525 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് ഏതെല്ലാം പദ്ധതികളാണ് 2020-21 മുതൽ നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയുടെ വിശദാംശം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വിശദമാക്കുമോ?

## ഗോസമൃദ്ധി പദ്ധതി

5526 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോസമൃദ്ധി പദ്ധതിയിൽ ഇൻഷ്വറൻസ് പ്രീമിയത്തിന്റെ കർഷക വിഹിതം അടച്ചിട്ടും മൃഗസംരക്ഷണ വകുപ്പിന്റെ പങ്കുകൂടി ചേർത്ത് ഇൻഷ്വറൻസ് പൂർത്തിയാക്കുന്നതിന് ബാങ്ക് അക്കൗണ്ടിലേക്ക് പണം കൈമാറുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഗോസമൃദ്ധി പദ്ധതിക്കായി കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ ധനകാര്യ വകുപ്പ് അനുവദിച്ച തുകയും കൈമാറിയ തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുത്തും പ്രീമിയം തുക നിശ്ചയിച്ചും കഴിഞ്ഞ സാമ്പത്തിക വർഷം ധനവകുപ്പിന് ശിപാർശ സമർപ്പിച്ചത് എന്നാണ്; പ്രസ്തുത ശിപാർശ ധനവകുപ്പ് അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അംഗീകാരം നൽകിയത്; വിശദാംശം വ്യക്തമാക്കാമോ?

## കയ്പമംഗലം മണ്ഡലത്തിലെ മൃഗപരിപാലന പദ്ധതികൾ

5527 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജക മണ്ഡലത്തിൽ കഴിഞ്ഞ വർഷങ്ങളിൽ നടപ്പാക്കിയ കുഞ്ഞു കൈകളിൽ കോഴി കുഞ്ഞ് എന്ന പദ്ധതി ഈ അധ്യയന വർഷത്തിൽ

മണ്ഡലത്തിലെ എല്ലാ വിദ്യാലയങ്ങളിലും നടപ്പിലാക്കാൻ സാധിക്കുമോ; വ്യക്തമാക്കാമോ;

(ബി) മണ്ണുത്തി കാർഷിക സർവകലാശാലയിൽ നിന്നും കോഴി വളർത്തൽ വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ട് എങ്ങനെ ലാഭകരമായി കോഴി വളർത്താം എന്ന പരിശീലന പരിപാടി കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താമോ;

(സി) തെരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ കഴിഞ്ഞ വർഷങ്ങളിൽ നടപ്പിലാക്കിയ വിദ്യാർത്ഥികൾക്ക് ആടിനെ നൽകൽ പദ്ധതി ഈ വർഷവും മണ്ഡലത്തിൽ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ?

## കോഴികൾ ചത്തത് മൂലമുണ്ടായ നഷ്ടപരിഹാരം

5528 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിച്ഛേദിക്കുന്നത് സംബന്ധിച്ച് മുന്നറിയിപ്പ് നൽകാതിരുന്നത് കാരണം ഊഷ്മാവിൽ വ്യതിയാനം ഉണ്ടായി പൗൾട്രി ഫാമിൽ പരിപാലിച്ചു വന്നിരുന്ന വളർച്ചയെത്തിയ കോഴികൾ ചത്തത് മൂലമുണ്ടായ നഷ്ടം നികത്തുന്നതിന് മതിയായ നഷ്ടപരിഹാരം അനുവദിക്കണമെന്നാവശ്യപ്പെട്ട് കോട്ടക്കൽ ശ്രീ അബ്ദുള്ള, തുടിമ്മൽ, മേച്ചേരിപ്പറമ്പ്, ഇരിമ്പിളിയം, മലപ്പുറം എന്നയാൾ സമർപ്പിച്ച അപേക്ഷ മൃഗസംരക്ഷണ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ;

(ബി) അപേക്ഷയിൻമേൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടേറ്റ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## പക്ഷിപ്പനി വ്യാപനം

5529 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് അടുത്ത കാലത്ത് പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടുള്ളത്; ഓരോ പ്രദേശത്തും എത്രമാത്രം നഷ്ടങ്ങളുണ്ടായിട്ടുണ്ട്; തദ്ദേശ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തദ്ദേശസ്ഥാപനങ്ങളിലെ കർഷകർക്ക് പക്ഷിപ്പനി മൂലമുണ്ടായ നഷ്ടം നികത്തുന്നതിലേയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(സി) പക്ഷിപ്പനി വ്യാപനം തടയുന്നതിനായി സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ?

## കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

5530 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) കെപ്കോ വഴി സ്കൂൾ കുട്ടികൾക്കും വനിതകൾക്കും മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

## മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ

5531 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം ബ്ലോക്ക് പഞ്ചായത്തുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം ലഭിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത യൂണിറ്റുകൾ വഴി എന്തെല്ലാം സേവനങ്ങളാണ് ക്ഷീര കർഷകർക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ വെറ്റിനറി ആശുപത്രികൾ

5532 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ വെറ്ററിനറി ഡിസ്പെൻസറികൾ, ആശുപത്രികൾ എന്നിവ ഏതെല്ലാമാണെന്നും അവിടെ അനുവദിച്ച തസ്തികകൾ എത്രയെണ്ണമാണെന്നും അവയിൽ ഒഴിവുള്ള തസ്തികകൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ മൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം

5533 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23, 2023-24 വർഷങ്ങളിൽ പൂഞ്ഞാർ മണ്ഡലത്തിലെ മൃഗാശുപത്രികളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ, അനുവദിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവയെക്കുറിച്ചുള്ള വിശദാംശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

## കാസർഗോഡ് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ

5534 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പിന്റെ കീഴിൽ ഏതെല്ലാം ഓഫീസുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഓഫീസുകളിൽ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ചും വിശദമാക്കാമോ;

(സി) ഈ ഓഫീസുകൾ നിലവിൽ വന്നതെപ്പോഴാണെന്ന് ഓഫീസും മണ്ഡലവും തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഇവിടെയുള്ള തസ്തികകളും നിലവിലെ ഒഴിവുകളുടെ എണ്ണവും ഓഫീസ് തിരിച്ച് വിശദമാക്കാമോ;

(ഇ) തസ്തികകൾ എത്രകാലമായി ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും ഒഴിവുകൾ എപ്പോൾ നികത്തുമെന്നും വ്യക്തമാക്കാമോ?

## പക്ഷിപ്പനി പ്രതിരോധത്തിന് ശാസ്ത്രീയ രീതികൾ അവലംബിക്കാൻ നടപടി

5535 **ശ്രീ വി ശശി**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പക്ഷിപ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; മുൻകാലങ്ങളിൽ നവംബർ, ഡിസംബർ മാസങ്ങളിൽ വ്യാപകമായി കണ്ടുവന്നിരുന്ന പക്ഷിപ്പനി ഇത്തവണ ഏപ്രിൽ മാസത്തിൽ തന്നെ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യം പരിശോധിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) താറാവുകളിലും കോഴികളിലും മാത്രം ബാധിച്ചിരുന്ന പക്ഷിപ്പനി കാക്ക, പരുന്ത്, കൊക്ക് തുടങ്ങിയ പക്ഷികളിൽ കൂടി സ്ഥിതീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത സാഹചര്യത്തിൽ രോഗവ്യാപനം തടയുന്നതിനും രോഗപ്രതിരോധത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) ജൈവ സുരക്ഷാ നടപടികൾ കർശനമായി പാലിക്കുന്ന സർക്കാരിന്റെ ഫാമുകളിൽ പോലും പക്ഷിപ്പനി ഉണ്ടായിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് ഈ വിഷയത്തെക്കുറിച്ച് പഠിക്കുന്നതിന് വിദഗ്ധ സംഘത്തെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## മൃഗസംരക്ഷണ മേഖലയിലെ സംരംഭകത്വ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് നടപടി

5536 **ശ്രീ. കെ. ആൻസലൻ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. പി. വി. അൻവർ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിലെ കർഷകർക്കും സംരംഭകർക്കും പുതു സംരംഭം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) സംരംഭകസൗഹൃദമായ രീതിയിൽ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനും ഏക ജാലക സംവിധാനം നടപ്പാക്കുന്നതിനുമുള്ള നടപടികൾ പരിഗണനയിലുണ്ടോ;

(സി) ഇത് പ്രസ്തുത മേഖലയിലെ സംരംഭകത്വ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് സഹായകമാകുമോ; വിശദാംശം നൽകുമോ?

## ഇതര സംസ്ഥാനങ്ങൾ പാലും പാലുല്പന്നങ്ങളും വിലകുറച്ച് വിൽക്കുന്നത്

5537 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ ഉൾപ്പെടെയുള്ള കേരള സർക്കാർ സ്ഥാപനങ്ങളെക്കാൾ വിലകുറച്ച് ഇതര സംസ്ഥാനങ്ങളുടെ പാലും പാലുല്പന്നങ്ങളും നമ്മുടെ സംസ്ഥാനത്ത് വിപണനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

## മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം

5538 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ക്ഷീര വികസന വകുപ്പ് ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോന്നിന്റെയും വിശദാംശവും പ്രവർത്തന പുരോഗതിയും വ്യക്തമാക്കുമോ?

## ക്ഷീര ഗ്രാമം പദ്ധതി

5539 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതിയിൽ കാസർഗോഡ് ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകൾ ഏതെല്ലാം വർഷങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു എന്ന് വിശദമാക്കുമോ ;

(ബി) കാസർഗോഡ് ജില്ലയിൽ പ്രസ്തുത പദ്ധതി വഴി ക്ഷീരരംഗത്ത് ഉണ്ടായ മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## നാടൻ ജനുസ് പശുക്കളെ സംരക്ഷിക്കുന്ന പദ്ധതി

5540 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാടൻ ജനുസ് പശുക്കളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

## കോഴിക്കോട് ജില്ലയിൽ ക്ഷീരഗ്രാമം പദ്ധതി

5541 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതിയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വിതുര, ചെറ്റച്ചൽ ഡെയറി ഫാമുകളുടെ നവീകരണ പദ്ധതി

5542 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന വിതുര, ചെറ്റച്ചൽ എന്നീ ഡെയറി ഫാമുകളിൽ 2024-25 സാമ്പത്തിക വർഷം പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരങ്ങളും നീക്കി വച്ച തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി

5543 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## ക്ഷീരമേഖലയിലെ നൂതന പദ്ധതികൾ

5544 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുവാനും ക്ഷീരവികസന മേഖലകളിൽ നിരവധി മാറ്റങ്ങൾ കൊണ്ടുവരാനുമുള്ള എന്തൊക്കെ നൂതന പദ്ധതികൾക്കാണ് സർക്കാർ രൂപം കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം പദ്ധതികൾ കർഷകർക്ക് നേരിട്ടെത്തിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

## ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ

5545 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണ്;

(ബി) ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ?

## ഫാം നവീകരിക്കുന്നതിനായെടുത്ത ബാങ്ക് വായ്പയ്ക്ക് പലിശയിളവ്

5546 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീര കർഷകർക്ക് അവരുടെ ഫാം ആധുനികവൽകരിക്കുന്നതിനും നവീകരിക്കുന്നതിനുമായി എടുത്ത ബാങ്ക് ലോൺ തുകയ്ക്ക് പൂർണ്ണമായും പലിശ

ധനസഹായമായി നൽകുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് ഈ പദ്ധതിയുടെ ഗുണം ലഭിച്ചിട്ടുണ്ടെന്നും എത്ര രൂപ ധനസഹായമായി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ?

## ഗോസമൃദ്ധി പദ്ധതി

5547 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോസമൃദ്ധി പദ്ധതിക്കായി ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും ബജറ്റിൽ എത്ര തുക നീക്കി വച്ചിരുന്നുവെന്നും എത്ര തുക അനുവദിച്ചുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) ബജറ്റിൽ അനുവദിച്ച തുക മൃഗസംരക്ഷണ വകുപ്പിന് കൈമാറാത്തതിനാൽ പദ്ധതി പ്രതിസന്ധിയിൽ ആയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## കർഷകർക്ക് സർക്കാർ സഹായം

5548 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഫെബ്രുവരി പകുതി മുതൽ ഏപ്രിൽ അവസാനം വരെ കേരളത്തിൽ എത്ര പശുക്കളാണ് ചത്തതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ പശുക്കൾ നഷ്ടമായ കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ക്ഷീര കർഷകർക്കുള്ള ഇൻഷ്വറൻസ് പ്രീമിയം

5549 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്കുള്ള ഇൻഷ്വറൻസ് പ്രീമിയം തുക വർദ്ധിപ്പിക്കുകയുണ്ടായോ;

(ബി) വർദ്ധനവ് വരുത്തുന്നതിനു മുൻപ് എത്ര രൂപയായിരുന്നു ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ കർഷകർ അടയ്ക്കേണ്ടിയിരുന്നതെന്നും നിലവിൽ എത്ര രൂപയായാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഇൻഷ്വറൻസ് പ്രീമിയം തുക വർദ്ധനവിന് പുറമേ കാലിത്തീറ്റ, പിണ്ണാക്ക് തുടങ്ങിയവയുടെ വിലയും വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മുൻ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ കാലിത്തീറ്റ, പിണ്ണാക്ക് തുടങ്ങിയ കന്നുകാലി തീറ്റ വസ്തുക്കൾക്ക് ഉണ്ടായിട്ടുള്ള വർദ്ധനവ് എത്ര ശതമാനം ആണെന്ന് അറിയിക്കുമോ;

(ഇ) ഈ വർദ്ധനവുകൾക്ക് ആനുപാതികമായി പാൽ വിലയിൽ വർദ്ധന ഉണ്ടായിട്ടില്ല എന്നത് പരിശോധിക്കുകയുണ്ടായോ; എങ്കിൽ ക്ഷീര കർഷകർക്ക് നഷ്ടം കൂടാതെ

തൊഴിലുമായി മുന്നോട്ടു പോകുന്നതിന് സഹായകരമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് അറിയിക്കാമോ?

**കാസർഗോഡ് കുള്ളൻ പശുക്കളുടെ സംരക്ഷണം**

5550 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കുള്ളൻ പശുക്കളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) സംസ്ഥാനം പാലുത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് പാൽപ്പൊടി നിർമ്മിക്കുന്നതിനുള്ള വ്യവസായ സംരംഭങ്ങൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുവെന്ന് അറിയിക്കാമോ?

**പാലുല്പാദനത്തിൽ സ്വയംപര്യാപ്തത**

5551 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീര കർഷകരുടെ ക്ഷേമത്തിനായി നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ ?

**ക്ഷീര സംരംഭകത്വ വികസന കേന്ദ്രങ്ങൾ**

5552 **ശ്രീ. പി. വി. അൻവർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുസ്ഥിരമായ വിപണിയുള്ള മേഖല എന്ന നിലയിൽ ക്ഷീര മേഖലയിലെ ക്ഷീര പരിശീലന കേന്ദ്രങ്ങളെ ക്ഷീര സംരംഭകത്വ വികസന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) തീറ്റപ്പുൽ കൃഷി, പാലുത്പന്ന നിർമ്മാണ യൂണിറ്റുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

**മിൽമ ജീവനക്കാരുടെ പണിമുടക്ക്**

5553 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ ജീവനക്കാരുടെ സംയുക്ത ട്രേഡ് യൂണിയൻ ജൂൺ 25 മുതൽ പണിമുടക്കിന് നോട്ടീസ് നൽകുകയുണ്ടായോ എന്ന് വ്യക്തമാക്കാമോ;

(ബി) എന്തൊക്കെ ആവശ്യങ്ങൾ ഉന്നയിച്ചാണ് ട്രേഡ് യൂണിയനുകൾ പണിമുടക്കിന് ആഹ്വാനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പുതുക്കിയ ശമ്പള കരാർ നടപ്പാക്കാൻ കഴിയാത്തത് സമരത്തിനുള്ള കാരണമാണോയെന്ന് അറിയിക്കാമോ; ഇവർക്ക് എന്നാണ് ഒടുവിൽ ശമ്പള വർദ്ധനവ് അനുവദിച്ചതെന്നും പ്രസ്തുത ജീവനക്കാരുടെ പുതുക്കിയ ശമ്പളക്കരാർ നടപ്പാക്കാൻ കഴിയാത്തതിനുള്ള കാരണം എന്തെല്ലാമാണെന്നും വിശദമാക്കാമോ?

**<u>ചെറുകിട ക്ഷീരഫാമുകളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ</u>**

5554 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ക്ഷീര ഫാമുകളെ സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; പ്രസ്തുത പദ്ധതികളുടെ ആനുകൂല്യം ലഭ്യമാകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

**<u>കെ.സി.എം.എം.എഫിലെ നിയമനം</u>**

5555 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.സി.എം.എം.എഫ്(കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ)-ൽ ജനറൽ മാനേജരുടെ ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ച നടപടി റദ്ദാക്കിക്കൊണ്ട് ഉത്തരവാകുകയുണ്ടായോ; ഏതു സാഹചര്യത്തിലാണ് ഇത്തരം ഒരു ഉത്തരവിടാൻ നിർബന്ധിതമായതെന്ന് വ്യക്തമാക്കുമോ;

(ബി) കെ.സി.എം.എം.എഫിൽ ആകെ എത്ര ജീവനക്കാരാണ് നിലവിൽ ജോലി ചെയ്യുന്നത് ;തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇതിൽ ആകെ എത്ര ജീവനക്കാരാണ് പി.എസ്.സി. മുഖേന നിയമിതരായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; നിലവിൽ പി.എസ്.സി. ക്ക് വിട്ടിട്ടില്ലാത്ത തസ്തികൾ ഏതെല്ലാമാണെന്നും ഇവയിൽ ഓരോന്നിലും നിയമനം നടത്തുന്ന രീതിയും വിശദമാക്കുമോ;

(ഡി) ഡെപ്യൂട്ടേഷൻ മുഖേന നിയമനം നടത്തുന്ന തസ്തികകൾ ഏതെല്ലാമാണെന്നും ഈ തസ്തികകളിലേക്ക് പി.എസ്.സി. മുഖേന നിയമനം നടത്താത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ;

(ഇ) കെ.സി.എം.എം.എഫി-ലെ മുഴുവൻ തസ്തികകളിലേക്കും പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>ക്ഷീര സംഘങ്ങളുടെ നവീകരണം</u>**

5556 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര സംഘങ്ങളെ നവീകരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന വിശദവിവരം ലഭ്യമാക്കാമോ;

(ബി) ആലപ്പുഴ മണ്ഡലത്തിൽ ക്ഷീര സംഘങ്ങളിൽ ഗുണനിലവാരം പരിശോധിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യയിലുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
27-06-2024

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].